# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-'26)

## അറുപത്തിയാറാമത് റിപ്പോർട്ട്
## (2025 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ
2018-'19 വർഷത്തെ സമാഹൃത
ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി
ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

## പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-'26)

## അറുപത്തിയാറാമത് റിപ്പോർട്ട്
**(2025 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ
2018-'19 വർഷത്തെ സമാഹൃത
ഓഡിറ്റ് റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ വകുപ്പുമായി
ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | : |
| മുഖവുര | : |
| റിപ്പോർട്ട് | : |
| അനുബന്ധം I | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : |
| അനുബന്ധം II | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | : |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2023-'26)**

**ഘടന**

**അധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി.

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി.

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. കെ. എസ്. കിരൺബോസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-26) യുടെ അറുപത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 മാർച്ച് 20.

## റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-'19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1-ലെ കോട്ടയം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്.**

### കോട്ടയം ജില്ല

ഓഡിറ്റ് ഖണ്ഡിക

**ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾ. പൊതുപണത്തിന്റെ ദുർവ്യയം 34,38,095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

*[മണർകാട് ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4]*

2017-18 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയത് 24 പ്രോജക്ടുകളാണ്. ഇവയിൽ 14 എണ്ണവും ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട പഞ്ചായത്തോഫീസ് നവീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികളാണ്. ഇതിൽ 11 എണ്ണവും 2016-17 ൽ ആരംഭിച്ച് സ്പിൽ ഓവറായി തുടർന്നതുമാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ചെലവ് | ഫണ്ട്/ബിൽ നം./ ചെക്ക് നം. | റിമാർക്സ് |
|---|---|---|---|---|
| 1 | 086/18, (സ്പിൽ ഓവർ), പഞ്ചായത്ത് ഓഫീസ്, ISO നിലവാരം. | 31,155 | തനത് ഫണ്ട്/ചെക്ക്. 546147/6-10-17 | ഫയൽ ക്രമീകരണത്തിന് മസ്റ്റർ റോൾ അടിസ്ഥാനത്തിൽ കൂലി നൽകിയത്. |
| 2 | 098/18,(സ്പിൽ ഓവർ), മണർകാട് പഞ്ചായത്തോഫീസ് സംവിധാനപരിപാലനം | 9,37,175 | ധനകാര്യകമ്മീഷൻ ഗ്രാന്റ്. ബിൽ നം. 895/17-18 906355/ ബിൽ നം. 761/17-18 30820 | റബ്കോയുടെ 16-3-18 ലെ ഇൻവോയ്സ് നം. RHW/16-17/551 പ്രകാരം നൽകിയത്. |
| 3 | 099/18(സ്പിൽ ഓവർ), ISO നിലവാരം ഓഫീസ് റൂം, ഹെൽപ്ഡെസ്ക്, ഫ്രണ്ടോഫീസ് ഫർണിഷിംഗ് | 3,59,133 | വികസനഫണ്ട്. ബിൽ നം.594/17-18/ 28-3-18 | "കാഡ്കോ" ഇൻവോയ്സ് KADCO/CRO/ SALE/2017-18/ 212/14-3-18 പ്രകാരം നൽകിയത്. |

| | | | | |
|---|---|---|---|---|
| 4 | 100/18,<br>(സ്പിൽ ഓവർ),<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ,<br>അംഗങ്ങളുടെ മുറികളുടെ കാബിൻ നിർമാണം, റൂം ഫർണിഷിംഗ്. | 37,109 | വികസനഫണ്ട്.<br>ബിൽ നം.<br>995/17-18/ 13-10-17 | "കാഡ്കോ" ഇൻവോയ്സ് നം.157/27-3-17 പ്രകാരം നൽകിയത്. |
| 5 | 101/18,(സ്പിൽ ഓവർ),<br>പഞ്ചായത്തോഫീസ് ISO നിലവാരമാക്കുന്നതിന്റെ ഭാഗമായി ഫ്രണ്ടോഫീസ് ബാത്ത്റൂം, ഷെൽട്ടർ, സ്റ്റെയർകേസ്, എമർജൻസി എക്സിറ്റ്. | 1,27,106 | ലോകബാങ്ക് സഹായം<br>ബിൽ നം.<br>994/17-18/ 13-10-17 | "കാഡ്കോ" ഇൻവോയ്സ് നം.158/27-3-17 പ്രകാരം നൽകിയത്. |
| 6 | 102/18,(സ്പിൽ ഓവർ), ISO നിലവാരത്തോടനുബന്ധിച്ച് സി.സി.റ്റി.വി., ട്രിപ്പിൾ എൽ.ഇ.ഡി. ടി.വി. എന്നിവയുടെ സംവിധാന പരിപാലനം | 66,086 | ലോകബാങ്ക് സഹായം<br>ബിൽ നം.<br>991/17-18/ 13-10-17 | "കാഡ്കോ" ഇൻവോയ്സ് നം.161/27-3-17 പ്രകാരം നൽകിയത്. |
| 7 | 103/18,<br>(സ്പിൽ ഓവർ),<br>പഞ്ചായത്തോഫീസ് പാനലിംഗ് | 82,510 | 38736- വികസനഫണ്ട്,<br>ബിൽ നം.<br>992 /17-18/ 13-10-17<br>43774-തനത് ഫണ്ട്<br>ചെക്ക് നം.<br>579005/5-12-17 | "കാഡ്കോ" ഇൻവോയ്സ് നം.159/27-3-17 പ്രകാരം നൽകിയത്. |
| 8 | 104/18,(സ്പിൽ ഓവർ),<br>പഞ്ചായത്തോഫീസ് പെയിന്റിംഗ്,<br>സീലിംഗ്. | 1,44,096 | തനത് ഫണ്ട്<br>ചെക്ക് നം.<br>579004/5-12-17 | "കാഡ്കോ"ഇൻവോയ്സ് നം.162/27-3-17 പ്രകാരം നൽകിയത്. |
| 9 | 107/18,(സ്പിൽ ഓവർ), ISO സർട്ടിഫിക്കേഷന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ | 2,99,840 | ലോകബാങ്ക് സഹായം<br>ബിൽ നം.390/17-18/ 29-12-17 | "കാഡ്കോ"യുടെ 23-12-17 ലെ ഇൻവോയ്സ് KADCO/ CRO/ SALE/2017-18/98 പ്രകാരം നൽകിയത്. |

| | | | | |
|---|---|---|---|---|
| 10 | 108/18, (സ്പിൽ ഓവർ), ISO യുടെ ഭാഗമായി നവീകരിക്കുന്ന ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ, ഫയലുകൾ എന്നിവയുടെ ഷിഫ്റ്റിംഗ്. | 23,900 | തനത് ഫണ്ട്. | കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ്, ഷിഫ്റ്റിംഗ് എന്നിവയ്ക്കായി സിയോൺ കമ്പ്യൂട്ടേഴ്സ്, കുമാരനല്ലൂർ ന് നൽകിയത്. |
| 11 | 109/18, (സ്പിൽ ഓവർ), ISO സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്തിന് ഡൈനിംഗ് റൂം, സീലിംഗ്, ഡൈനിംഗ്ടേബിൾ, കസേരകൾ, കബോർഡ് എന്നിവയുടെ പരിപാലനം | 4,14,784 | ലോകബാങ്ക് സഹായം | "കാഡ്കോ"യുടെ 30-10-17 ലെ ഇൻവോയ്സ് KADCO/CRO/ SALE/2017-18/44 പ്രകാരം നൽകിയത്. |
| 12 | 276/18, ISO സർട്ടിഫിക്കേഷന്റെ ഭാഗമായി പെയിന്റിംഗ്, സ്റ്റെയിൻലെസ് സ്റ്റീൽ ബോർഡ്, ഫ്ലോർടൈലിംഗ് ഗ്രൗണ്ട് ഫ്ലോർ. | 4,75,000 | വികസനഫണ്ട് ബിൽ നം. 1994/17-18/ 28-3-18 | "കാഡ്കോ"യുടെ 14-3-18 ലെ ഇൻവോയ്സ് KADCO/CRO/ SALE/2017-18/213 പ്രകാരം നൽകിയത്. |
| 13 | 299/18, പഞ്ചായത്തോഫീസ് ഫ്ലോറിംഗ് | 4,95,256 | വികസനഫണ്ട് ബിൽ നം. 231/17-18/21-2-18 | ഇൻവോയ്സ് നം.156/27-3-17 |
| 14 | 301/18, ISO സർട്ടിഫിക്കേഷന്റെ ഭാഗമായി ഫയൽ ക്രമീകരിക്കുന്നതിനായി റാക്കുകൾ, ബോക്സുകൾ, ഫയൽ കവറുകൾ തുടങ്ങിയവ വാങ്ങൽ | 3,87,028 | തനത്ഫണ്ട് വിവിധ വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ. | 82300/ രൂപയ്ക്ക് ബോർഡുകൾ സ്ഥാപിച്ചത്. റാക്കുകൾ, ഫയൽ ക്രമീകരണകൂലി, ഫയൽ സൂക്ഷിക്കുന്നതിന് ബോക്സുകൾ തുടങ്ങിയവ. |

<u>പ്രോജക്റ്റുകൾ സംബന്ധിച്ച പ്രത്യേക നിരീക്ഷണങ്ങൾ</u>

a) **098/18 മണർകാട് ഓഫീസ് സംവിധാനപരിപാലനം**

ആകെ 29 ഇനങ്ങൾ ഉൾപ്പെട്ട റബ്കോയുടെ 22,65,887/- രൂപയുടെ ഇൻവോയ്സ് മാത്രമാണ് ചെലവ് സംബന്ധിച്ച ആധികാരികരേഖയായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇൻവോയ്സ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും കൃത്യമായ അളവിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന വിദഗ്ധപരിശോധനാ റിപ്പോർട്ട് ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്.

b) **099/18 (സ്പിൽ ഓവർ), ഐ.എസ്.ഒ. നിലവാരം ഓഫീസ്റൂം, ഹെൽപ്ഡെസ്ക്, ഫ്രണ്ടോഫീസ് ഫർണിഷിംഗ്**

ഹെൽപ് ഡെസ്ക് ഷെൽഫ്, ഹെൽപ്പ് ഡെസ്ക് കൗണ്ടർ, ഹെൽപ്പ് ഡെസ്ക് ഡെക്കറേറ്റീവ് സീലിംഗ്, ഹെൽപ് ഡെസ്ക് പെയിന്റിംഗ്, മെയിൻ ഓഫീസ് കബോർഡ് ഷട്ടർ, മെയിൻ ഓഫീസ് വെർട്ടിക്കൽ ബ്ലൈന്റ്, ഫ്രണ്ട് ഓഫീസ് ഗ്ലാസ് ഡോർ, റിവോൾവിംഗ് ചെയർ എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളതായി കാഡ്കോയുടെ ഇൻവോയ്സ് പ്രകാരം കാണുന്നത്. 3,59,133/- രൂപ ചെലവഴിച്ച് ഹെൽപ് ഡെസ്കിനായി വാങ്ങിയ ഉപകരണങ്ങൾ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. നാളിതുവരെ ഹെൽപ് ഡെസ്ക് പ്രവർത്തനക്ഷമമായിട്ടില്ല.

c) **100/18 (സ്പിൽഓവർ), സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അംഗങ്ങളുടെ മുറികളുടെ ക്യാബിൻ നിർമ്മാണം, റൂം ഫർണിഷിംഗ്**

ക്യൂബിക്കിളുകൾ സ്ഥാപിക്കുക, ഷെൽഫ് സംവിധാനങ്ങളുള്ള ടേബിളുകൾ ലഭ്യമാക്കുക, കമ്മിറ്റി അംഗങ്ങളുടെ മുറിയിൽ ജിപ്സം ബോർഡുപയോഗിച്ചുള്ള ഡെക്കറേറ്റീവ് സീലിംഗ് എന്നീ പ്രവൃത്തികളാണ് 37,109/- രൂപ മുടക്കിൽ നടപ്പിലാക്കിയതെന്ന് കാഡ്കോയുടെ 27-3-17-ലെ ഇൻവോയ്സ് പ്രകാരം വ്യക്തമാകുന്നു. എന്നാൽ ഇൻവോയ്സിൽ പറയുന്ന അളവുകളുള്ള ക്യൂബിക്കിളുകളും, ടേബിളുകളുമാണ് സ്ഥാപിച്ചതെന്നും, സീലിംഗ് അളവുകൾ കൃത്യമാണെന്നും പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

d) **101/18 (സ്പിൽഓവർ), പഞ്ചായത്തോഫീസ് ഐ.എസ്.ഒ. നിലവാരം ആക്കുന്നതിന്റെ ഭാഗമായി ഫ്രണ്ടോഫീസ് ബാത്ത്റൂം, ഷെൽട്ടർ, സ്റ്റെയർകേസ്, എമർജൻസി എക്സിറ്റ്**

കതകുകൾ, ജനലുകൾ, ഭിത്തി എന്നിവയുടെ പുറംഭാഗം പെയിന്റിംഗ്, ഫ്രണ്ട് ഓഫീസ് പെയിന്റിംഗ്, ഫ്രണ്ടോഫീസ് ബാത്ത്റൂം, എമർജൻസി എക്സിറ്റ് സ്റ്റെയർകേസ് നിർമാണം, ദിശാബോർഡ് സ്ഥാപിക്കൽ എന്നിവയാണ് പ്രോജക്റ്റിലുൾപ്പെട്ടിരുന്നത്. തികച്ചും മരാമത്ത് പ്രവൃത്തികളായ ഇവയുടെ അളവുകൾ രേഖപ്പെടുത്തി തിട്ടപ്പെടുത്താതെയാണ്

കാഡ്കോയുടെ ഇൻവോയ്സിൽ (നം.158/27-3-17) പറഞ്ഞ തുകയുടെ മുൻവർഷം നൽകിയതിന്റെ ബാക്കി നൽകിയത്.

e) **102/18 (സ്പിൽഓവർ), ഐ.എസ്.ഒ. നിലവാരത്തോടനുബന്ധിച്ച് സി.സി.റ്റി.വി., ടിപ്പിൾ എൽ.ഇ.ഡി.റ്റി.വി. എന്നിവയുടെ സംവിധാന പരിപാലനം**

ഓഫീസിനുള്ളിൽ 30, പുറത്ത് 2 എണ്ണമുൾപ്പെടെ ആകെ 32 സി.സി.റ്റി.വി. കാമറകൾ, സ്റ്റെബിലൈസർ ഉൾപ്പെടെ 3 ലോയ്ഡ് ബ്രാന്റ് എൽ.ഇ.ഡി. റ്റി.വികൾ, അക്വാഗാർഡ് വാട്ടർ പ്യൂരിഫയർ 3 എണ്ണം, ഇന്റർകോം, ഹെൽപ് ഡെസ്കിലേക്ക് കുഷ്യൻ പിടിപ്പിച്ച ചാരുകസേരകൾ (സന്ദർശകർക്കും സ്റ്റാഫിനും), നെയിം ബോർഡ് എന്നിവ സ്ഥാപിക്കുകയാണ് ഈ പ്രോജക്ടിലുൾപ്പെട്ടിരുന്നത്.

ഐ.എസ്.ഒ. കൺസൽട്ടൻസി സ്ഥാപനമായ ക്വാളിറ്റി മാനേജ്മെന്റ് സർവീസ് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി സ്ഥാപനത്തിൽ അടിയന്തരമായി ഏർപ്പെടുത്തേണ്ട സംവിധാനങ്ങൾ സംബന്ധിച്ച ലഘുലേഖ പഞ്ചായത്തിന് ലഭ്യമാക്കുകയുണ്ടായി. എന്നാൽ ടി ലഘുലേഖയിലൊന്നും സി.സി.റ്റി.വി. സ്ഥാപിക്കണമെന്ന നിബന്ധനയില്ല. എന്നാൽ ഓഫീസ്റൂം, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറിമാരുടെ ഓഫീസുകൾ, വിവിധ സെക്ഷനുകളുൾപ്പെടെ ഓഫീസ് മുഴുവൻ സി.സി.റ്റി.വി. സ്ഥാപിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. മാത്രമല്ല കാഡ്കോ ഇപ്രകാരമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ സ്വന്തമായി ഉല്പാദിപ്പിക്കുന്നില്ലാത്ത സാഹചര്യത്തിൽ ടെണ്ടർ കൂടാതെ കാഡ്കോ മുഖാന്തിരം ഉപകരണങ്ങൾ സ്ഥാപിച്ചത് ക്രമപ്രകാരമല്ല. വാങ്ങിയ വാട്ടർപ്യൂരിഫയറിൽ ഒരെണ്ണം നാളിതുവരെ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ചതിൽ ഒരെണ്ണം പ്രവർത്തിക്കുന്നില്ല. ഹെൽപ്പ് ഡെസ്കിലേക്ക് 18 കസേരകൾ വാങ്ങിയത്, ഹെൽപ്ഡെസ്ക് പ്രവർത്തിച്ചു തുടങ്ങാത്തതിനാൽ മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഇപ്രകാരം തികച്ചും അനിവാര്യമല്ലാത്ത ഇനങ്ങൾക്കായാണ് മുൻവർഷത്തേതുൾപ്പെടെ 4,41,086/- രൂപ ചെലവഴിച്ചത്. (തൻവർഷചെലവ്-66,086/-).

f) **103/18 (സ്പിൽഓവർ), പഞ്ചായത്തോഫീസ് പാനലിംഗ്**

കാഡ്കോയുടെ 159/27-3-17 ഇൻവോയ്സ് പ്രകാരം നടപ്പിലാക്കിയ ഇനങ്ങളാണ് ഈ പ്രോജക്ടിലുൾപ്പെട്ടിരുന്നത്. ജനലുകൾക്ക് അലുമിനിയം ഫ്രയിമിൽ അടപ്പുകൾ സ്ഥാപിക്കൽ, പഴയുപയോഗിച്ച് ഫ്രണ്ടോഫീസ് വിട്രിഫൈഡ് ടൈലിടൽ, മെയിൻ ഓഫീസ്ഹാൾ, ഫ്രണ്ട് ഓഫീസ്, ഹെൽപ്ഡെസ്ക്, സ്റ്റാന്റിംഗ് കമ്മിറ്റി റൂം എന്നിവിടങ്ങളിലായി 9 വാട്ടിന്റെ 80 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കൽ, പ്ലൈവുഡ്, മൈക്ക എന്നിവയുപയോഗിച്ച് മെയിൻ ഓഫീസിലെ തൂണുകളുടെ പാനലിംഗ്, പഞ്ചായത്ത് അംഗങ്ങൾക്ക് കസേരകൾ എന്നിവയാണ് ഈ പ്രവൃത്തികൾ.

ജനലുകൾക്ക് അടപ്പുകൾ സ്ഥാപിക്കൽ, ടൈൽപാകൽ, പാനലിംഗ് പ്രവൃത്തികളുടെ അളവുകൾ എടുത്ത് ഉറപ്പാക്കുകയുണ്ടായില്ല. 1,005/- രൂപ നിരക്കിലാണ് എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ചത്. നിരക്കുസംബന്ധിച്ച യാതൊരു പരിശോധനയും ഉണ്ടായില്ല.

g) **104/18 (സ്പിൽഓവർ), പഞ്ചായത്തോഫീസ് പെയിന്റിംഗ്, സീലിംഗ്**

മെയിൻ ഓഫീസ് ഹാൾ ജിപ്സം ബോർഡുപയോഗിച്ച് സീലിംഗ്, പെയിന്റിംഗ്, പാനലിംഗ് എന്നീ മരാമത്ത് പ്രവൃത്തികൾ നടത്തിയതിന് കാഡ്കോയുടെ 27-3-17 ലെ 162 നം.ഇൻവോയ്സ് പ്രകാരം മുൻവർഷം നൽകിയതിന്റെ ബാക്കി തുക നൽകിയിരിക്കുന്നു. അളവ് രേഖപ്പെടുത്തലോ, മൂല്യനിർണയമോ ഇല്ലാതെ തുക നൽകിയിരിക്കുന്നു.

h) **107/18 (സ്പിൽഓവർ), ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി നവീകരണപ്രവർത്തനങ്ങൾ**

കാഡ്കോയുടെ 27/12/17 ലെ ഇൻവോയ്സ് പ്രകാരം സ്ഥാപിക്കപ്പെട്ട 1.5 ടൺ ലോയ്ഡ് എയർ കണ്ടീഷണർ (സ്റ്റെബിലൈസർ ഉൾപ്പെടെ) 5 എണ്ണം, 1 ടൺ എയർ കണ്ടീഷണർ 2 എണ്ണം എന്നിവയുടെ ചെലവാണ് പ്രോജക്ടിലുൾപ്പെട്ടിട്ടുള്ളത്. സെർവർ റൂമിൽ മാത്രമാണ് എയർ കണ്ടീഷണർ സ്ഥാപിക്കണമെന്ന് ഐ.എസ്.ഒ. കൺസൾട്ടൻസി ഏജൻസിയുടെ ലിസ്റ്റിലുള്ളത്.

എന്നാൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ആവശ്യകത വിലയിരുത്താതെയും എയർ കണ്ടീഷണർ സപ്ലൈ ചെയ്യാൻ യോഗ്യത ഇല്ലാത്തതുമായ സ്ഥാപനത്തിൽ നിന്ന് ടെണ്ടർ ഇല്ലാതെ വാങ്ങിയതിനാൽ അധികനിരക്ക് നൽകി.

ഇലക്ട്രോണിക് ഉല്പന്ന വിതരണക്കാരായ QRS എന്ന സ്ഥാപനത്തിന്റെ 13/4/18 ലെ ഇൻവോയ്സ് പ്രകാരം ലോയ്ഡ് എയർ കണ്ടീഷണർ (സ്റ്റെബിലൈസർ ഉൾപ്പെടെ) 1.5 ടൺ ഒരെണ്ണം സ്ഥാപിക്കുന്നതിന് 38,000/- രൂപ നിരക്കാണ്. അതുപോലെ 1 ടണിന്റെ നിരക്ക് 27,250/- രൂപയും എന്നാൽ കാഡ്കോ സ്ഥാപിച്ചതാകട്ടെ യഥാക്രമം 44,608/-, 38,400/- രൂപയ്ക്ക്. അതായത് 1.5 ടൺ ഇനത്തിന് 6,608/-, 1 ടൺ ഇനത്തിന് 11,150/- രൂപയും വീതം അധികം.

എങ്ങനെയും പണം ചെലവഴിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുക എന്നതു മാത്രമാണ് പ്രോജക്ട് നടത്തിപ്പിൽ ലക്ഷ്യമിട്ടത്. സർക്കാർ സ്ഥാപനങ്ങളിൽ ആഡംബരങ്ങൾക്ക് ചെലവ് ചെയ്യുന്നതിന്റെ ഔചിത്യം പരിഗണിക്കപ്പെട്ടിട്ടില്ല.

i) **109/18 (സ്പിൽഓവർ), ഐ.എസ്.ഒ. യുടെ ഭാഗമായി ഡൈനിംഗ് റൂം സീലിംഗ്, ഡൈനിംഗ് ടേബിൾ, കസേരകൾ, കബോർഡ് എന്നിവയുടെ പരിചരണം**

ഡൈനിംഗ് ടേബിൾ വലുത് 2 എണ്ണം, ഡൈനിംഗ് ടേബിൾ ചെറുത് 2, കുഷ്യൻ പിടിപ്പിച്ച ചാരുകളുള്ള ഡൈനിംഗ് കസേരകൾ 18 എണ്ണം, മിറർ സ്ഥാപിച്ച വാഷ് കൗണ്ടർ, കബോർഡ്,

റൈറ്റിംഗ് ടേബിൾ 2 എണ്ണം, ജിപ്സമുപയോഗിച്ച് മുറിയുടെ സീലിംഗ്, ഭിത്തികളുടെ പെയിന്റിംഗ്, 12 വാട്ടിന്റെ 5 എൽ.ഇ.ഡി. ലൈറ്റുകൾ, എൻട്രൻസ് ഭാഗം സീലിംഗ്, താഴത്തെ നിലയിൽ ബാത്ത്റൂം, ഫ്രണ്ട് ഓഫീസിനുള്ളിൽ തിളക്കമുള്ള ടൈലുകൾ, സ്റ്റീൽ വാതിൽ എന്നിവയുടെ സ്ഥാപിക്കലാണ് നടന്നിട്ടുള്ളതെന്ന് 30/10/17 ലെ കാഡ്കോയുടെ ഇൻവോയ്സിൽ നിന്ന് വ്യക്തമാകുന്നു. വിലകൂടിയ നിർമാണ സാമഗ്രികളുപയോഗിച്ചുള്ള നിർമിതിയുടെ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്താതെ ഇൻവോയ്സ് പ്രകാരം തുക നൽകുകയാണുണ്ടായത്.

j) **276/18 (പുതിയത്) ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി പെയിന്റിംഗ്, സ്റ്റെയിൻലെസ് സ്റ്റീൽബോർഡ്, ഫ്ലോർടൈലിംഗ്, ഗ്രൗണ്ട്ഫ്ലോർ**

എസ്.എസ്. നെയിംബോർഡ്, തറ എമൾഷൻ പെയിന്റിംഗ്, വിന്റോ ഷേഡ് എമൾഷൻ പെയിന്റിംഗ്, അലൂമിനിയം കോമ്പസിറ്റ് പാനൽ, വിട്രിഫൈഡ് ടൈൽപാകൽ തുടങ്ങിയ പ്രവൃത്തികളാണ് പ്രോജക്റ്റുപ്രകാരം ചെയ്തിട്ടുള്ളതെന്ന് ഇൻവോയ്സിൽ നിന്ന് വ്യക്തമാകുന്നു. അളവെടുക്കുകയോ, മൂല്യനിർണയം നടത്തുകയോ ചെയ്യാതെയാണ് തുക നൽകിയത്.

k) **299/18 (പുതിയത്) പഞ്ചായത്തോഫീസ് ഫ്ലോറിംഗ്**

മെയിൻഓഫീസ് ഹാൾ, സ്റ്റെയർ റൂം, സ്റ്റെയർ ഭിത്തി, സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസ് എന്നിവയിൽ നിലവിലുള്ള തറയിൽ വിട്രിഫൈഡ് ടൈലുകൾ പശയുപയോഗിച്ച് പതിപ്പിക്കുകയാണുണ്ടായതെന്ന് കാഡ്കോ ഇൻവോയ്സ് പ്രകാരം വ്യക്തമായി. എന്നാൽ അളവെടുത്ത് മൂല്യനിർണയം നടത്താതെ തുക നല്കിയിരിക്കുന്നു.

l) **301/18 (പുതിയത്) ഐ.എസ്.ഒ. യുടെ ഭാഗമായി ഫയൽ ക്രമീകരണത്തിന് റാക്കുകൾ, ബോക്സുകൾ, ഫയൽ കവറുകൾ എന്നിവ വാങ്ങൽ**

വിവിധ വൗച്ചറുകൾപ്രകാരം തനത് ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് റാക്കുകൾ, ബോക്സുകൾ എന്നിവ വാങ്ങുക, ഫയലുകൾ ക്രമീകരിച്ചതിന് കൂലി ഇനത്തിൽ തുക നൽകുക എന്നിവയാണ് പ്രോജക്റ്റുപ്രകാരം ചെയ്ത പ്രവൃത്തികൾ.

യാതൊരു സാമ്പത്തിക അച്ചടക്കവും പാലിക്കാതെ, ആഡംബരപൂർണമായ ഓഫീസ് സംവിധാനമൊരുക്കുന്നതിനാണ് പണം ചെലവഴിച്ചത്. കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, ആവശ്യകതയും, മുൻഗണനകളും നിർണയിക്കാതെയും, പ്രവൃത്തികളുടെ നിരക്ക് സംബന്ധിച്ച് യാതൊരു അന്വേഷണവുമില്ലാതെ തികച്ചും നിരുത്തരവാദപരമായാണ് ഭരണസമിതിയും, നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയും ചേർന്ന് 2017-18 വർഷം മാത്രം 38,80,178/- രൂപ പഞ്ചായത്തോഫീസ് നവീകരണത്തിനായി മാത്രം ചെലവഴിച്ചത്. 2016-17 ൽ ചെലവഴിച്ച 15,54,885/- രൂപയുൾപ്പെടെ ആകെ ചെലവ് 54,35,063/-.

പൊതുപണത്തിന്റെ ദുർവ്യയമാണ് ഈ പ്രോജക്ടിലൂടെ ഉണ്ടായിട്ടുള്ളത്. പണം ചെലവഴിക്കുന്നതിനായി ഐ.എസ്.ഒ. കൺസൾട്ടൻസി സ്ഥാപനം നിർദേശിച്ച നിബന്ധനകളെ തെറ്റായി വ്യാഖ്യാനിക്കുകയും കാഡ്കോ നിർദേശിച്ച വിധം പ്രവൃത്തികൾ നടപ്പാക്കുകയുമായിരുന്നു.

പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരടങ്ങിയ ഒരു സബ്കമ്മിറ്റി രൂപീകരിച്ച്, അടിയന്തരമായി, വിവിധ പ്രോജക്ടുകൾ പ്രകാരം ഉള്ള മരാമത്ത് പ്രവൃത്തികളുടെ അളവ് പരിശോധിച്ച് മൂല്യനിർണയം നടത്തി കാഡ്കോ, റബ്കോ സ്ഥാപനങ്ങളുടെ ഇൻവോയ്സുകളുമായി താരതമ്യം നടത്തി, ചെയ്ത പ്രവൃത്തികളുടെയും ചെലവായ തുകയുടെയും കൃത്യത ഉറപ്പാക്കേണ്ടതാണ്.

ഓഫീസിന്റ ഭൗതികസാഹചര്യം നിലവിൽ ഒരു കോർപ്പറേറ്റ് സ്ഥാപനത്തിന് സമാനമാണ്. ഇത്രയും ആഡംബരങ്ങൾ പൊതുപണം ഉപയോഗിക്കുന്നതിൽ പാലിക്കേണ്ട മര്യാദകളുടെ ലംഘനമാണ് കാണിക്കുന്നത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് ലഭിച്ച മറുപടി മേൽ പറഞ്ഞ കാരണങ്ങളാൽ തൃപ്തികരമായിരുന്നില്ല.

അളവുകൾ തിട്ടപ്പെടുത്തി പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ല എന്ന് ഉറപ്പാക്കും വരെ 2017-18 വർഷം മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 38,80,178/- രൂപയിൽ പ്രോജക്ട് നം.86/18, 108/18, 301/18 എന്നിവയ്ക്കായി ചെലവഴിച്ച തുകയൊഴികെയുള്ള 34,38,095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

**അപാകതകൾ**

- പ്രോജക്ടുകളിൽ മരാമത്ത് പ്രവൃത്തികളുൾപ്പെടെ എൻജിനീയർ നിർവഹിക്കേണ്ടിയിരുന്ന ഇനങ്ങൾ ഉൾപ്പെട്ടിരുന്നിട്ടും പ്രവൃത്തികൾ സംബന്ധിച്ച സാങ്കേതിക പരിജ്ഞാനമില്ലാത്ത സെക്രട്ടറി പ്രോജക്ടുകൾ നടപ്പിലാക്കിയത് തെറ്റായ നടപടിയാണ്.
- മരാമത്ത് പ്രവൃത്തികൾക്ക് അവശ്യം വേണ്ട എസ്റ്റിമേറ്റ് ഇല്ലാതെയും നിരക്കുകൾ സംബന്ധിച്ച നിഷ്കർഷ ഇല്ലാതെയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി.എസ്.ആർ. പ്രകാരമുള്ള നിരക്കുകൾ ആണ് അനുവദനീയമായിട്ടുള്ളത്.
- സമഗ്രമായ ഒറ്റ പ്രവൃത്തിയായി ഏറ്റെടുക്കേണ്ടിയിരുന്ന ഐ.എസ്.ഒ. അനുബന്ധ പ്രവൃത്തികൾ അനേകം പ്രോജക്ടുകളായി പലവർഷങ്ങളിലായി നടപ്പിലാക്കിയതുമൂലവും, പ്രോജക്ടുകൾ തിരിച്ച് കൃത്യമായി വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഏതൊക്കെ പ്രവൃത്തികളാണ് ഓരോ പ്രോജക്ടിലൂടെയും നടപ്പിലാക്കിയതെന്ന് കൃത്യമായി വിലയിരുത്തുന്നതിനും ചെയ്ത പ്രവൃത്തികൾക്ക് ആനുപാതികമായാണ് തുക നൽകിയതെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല.

- ഐ.എസ്.ഒ. അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി മറ്റ് സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതുപോലെ കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷനെയും (കാഡ്കോ) പരിഗണിക്കാവുന്നതാണ് എന്ന് 27-9-2017 ലെ സർക്കാർ ഉത്തരവ് (സാധാ)നം.3161/2017/ത.സ്വ.ഭ.വ പ്രകാരമാണ് കാഡ്കോയെ അംഗീകരിച്ചത്. എന്നാൽ 2016-17 ൽ തന്നെ കാഡ്കോയ്ക്ക് പ്രവൃത്തി ഏല്പിച്ച് നൽകിയതും തുക നൽകിയതും നിയമപരമല്ല.

- 2-12-2016 ലെ സർക്കാർ ഉത്തരവ് (സാധാ) നം.3299/2016/ത.സ്വ.ഭ.വ പ്രകാരം ടെണ്ടറുകൾ കൂടാതെ സാധനങ്ങൾ വാങ്ങാവുന്നത് ഇപ്രകാരം അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഇനങ്ങൾക്ക് മാത്രമാണ്. എന്നാൽ എയർ കണ്ടീഷണറുകൾ, എൽ.ഇ.ഡി. ടി.വി.കൾ, എൽ.ഇ.ഡി. ലൈറ്റുകൾ തുടങ്ങി പല ഇലക്ട്രോണിക് ഉപകരണങ്ങളും യാതൊരു മാർക്കറ്റ് റേറ്റ് പോലും പരിഗണിക്കാതെ കാഡ്കോയിൽ നിന്ന് വാങ്ങിയതിലൂടെ ഭീമമായ വില അധികം നൽകേണ്ടി വന്നു.

- അസി. എൻജിനീയറും, ഓവർസിയറുമുൾപ്പെട്ട എൻജിനീയറിംഗ് സെക്ഷനുണ്ടായിട്ടും ഓരോ പ്രോജക്ട് പ്രകാരവും നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച മൂല്യനിർണ്ണയമോ, മേൽനോട്ടമോ, സ്ഥാപിച്ച ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധനയോ നടത്തിയില്ലയെന്നത് വലിയ വീഴ്ചയാണ്.

- ക്വാളിറ്റി മാനേജ്മെന്റ് സർവീസ് എന്ന ഐ.എസ്.ഒ. കൺസൾട്ടൻസി സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ട പല അടിസ്ഥാനസൗകര്യങ്ങളും സംബന്ധിച്ച നിർദേശങ്ങളും വിശദാംശങ്ങൾ ഉൾപ്പെട്ട ലഘുലേഖയും ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. ഇതിൽ നിന്ന് തികച്ചും വ്യതിചലിച്ച് പണം അമിതമായി ചെലവാക്കുന്നതിനുള്ള പ്രവൃത്തികളാണ് ചെയ്തത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.1 (a) മുതൽ 1.1 (l) വരെ)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

1. ഓഡിറ്റ് പരാമർശങ്ങളിലെ ന്യൂനതകൾ പരിഹരിക്കണമെന്ന സമാഹൃത റിപ്പോർട്ടിലെ നിർദേശാനുസരണം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ, പ്രാവീണ്യമുള്ള രണ്ട് ഉദ്യോഗസ്ഥരുടെ പാനലിനെ ജില്ലാ പഞ്ചായത്തിലേക്ക് നിയമിക്കുകയും അവർ നടത്തിയ അന്വേഷണത്തിൽ എം-ബുക്കിൽ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട അളവുകൾ രേഖപ്പെടുത്താത്തതിനാൽ മൂല്യനിർണയം നടത്താൻ സാധിക്കില്ലെന്ന് അറിയിക്കുകയും ചെയ്തുവെന്ന്

ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കൂടാതെ 2016-'17, 2017-'18 വർഷങ്ങളിൽ നടത്തിയ നിർമ്മാണ പ്രവൃത്തികൾ, വാങ്ങലുകൾ എന്നിവ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ കാഡ്കോ എന്ന സ്ഥാപനത്തിൽനിന്നും 3,35,586/- രൂപ പിഴയായി ഈടാക്കാനുള്ള നിർദേശം സർക്കാരിലേക്ക് നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2. പ്രസ്തുത മറുപടി ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ, അത് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും അത് സംബന്ധിച്ച ഉത്തരവ് കാഡ്കോയ്ക്കാണ് നൽകിയിട്ടുള്ളത് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ടി ഉത്തരവ് ഒരാഴ്ച മുൻപാണ് പഞ്ചായത്തിന് ലഭിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

3. കാഡ്കോയിൽനിന്നും പിഴ ഈടാക്കണമെന്ന ഉത്തരവ് ലഭിച്ചത് എന്നാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ഉത്തരവ് ലഭിച്ചത് 30.05.2024-ന് ആണെന്നും അത് സംബന്ധിച്ച അറിയിപ്പൊന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് നൽകിയ ഉത്തരവിലാണ് തുക ഈടാക്കണമെന്ന നിർദേശം നൽകിയിട്ടുള്ളതെന്നും അദ്ദേഹം ബോധിപ്പിച്ചു.

4. വിജിലൻസ് ശിപാർശ സർക്കാർ പരിശോധിച്ചതിനുശേഷം തീരുമാനം എടുക്കേണ്ടതുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, സർക്കാരിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**5. ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ, വാങ്ങലുകൾ എന്നിവ സംബന്ധിച്ച് കോട്ടയം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിവരുന്ന അന്വേഷണം അടിയന്തരമായി പൂർത്തിയാക്കണമെന്നും വിജിലൻസ് സമർപ്പിക്കുന്ന റിപ്പോർട്ടിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വാടക കുടിശ്ശിക – 5.44 ലക്ഷം രൂപയുടെ ഡിമാന്റ് അനധികൃതമായി ഒഴിവാക്കി**

*[കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4-1]*

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശ്ശിക വാടക ഡിമാന്റിൽ 2017-18 വർഷത്തിൽ അക്കൗണ്ടിംഗ് ക്രമീകരണം നടത്തിയതിനാൽ ഡിമാന്റിൽ 5,44,216/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നതിനാൽ ആരൊക്കെയാണ് കുടിശ്ശിക ഒടുക്കാനവശേഷിക്കുന്നതെന്ന് വ്യക്തമല്ല. 2017-18 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിലെ വാടക കുടിശ്ശിക 5,84,316/- രൂപയായിരുന്നു. എന്നാൽ തൻവർഷം 01.04.2017 ലെ 41700452 നം. ജേർണൽ വൗച്ചറിലൂടെ 5,44,216/- രൂപ 280200101-Prior Period Income-Rent from Building എന്ന റവന്യൂ ശീർഷകത്തിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തതിനാൽ ഡിമാന്റ് തുക 40,100/- രൂപയായി. പഞ്ചായത്ത് വക കെട്ടിടങ്ങളിലെ കുത്തകക്കാരുടെ മുൻവർഷങ്ങളിലെ വാടക കുടിശ്ശികയിൽ മാറ്റം വരുത്തിയത് അക്കൗണ്ടിംഗ് ക്രമക്കേടാണ്. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെ വാടക ഒടുക്കാതെ കുത്തകക്കാരൻ 2017-18 വർഷത്തിൽ തുടരുന്നുണ്ടോ എന്ന വിവരവും ലഭ്യമല്ല.

വാടക കുടിശ്ശിക 431400102-Rent Receivables from Buildings (Arrears) ശീർഷകത്തിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള ഇടപാടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | തുക | റിമാർക്ക്സ് |
|---|---|---|
| 01.04.2017-ലെ മുന്നിരിപ്പ് | 4,02,941 | 2016-17 നു മുൻപുള്ള വാടക കുടിശ്ശിക |
| 2016-17 ലെ വാടക 2017-18 വർഷം കുടിശ്ശികയാക്കിയത് | 1,81,375 | 2016-17 ലെ വാടക കുടിശിക 431400102 ശീർഷകത്തിലെ 31.03.2018 ലെ നീക്കിയിരിപ്പ് |
| **വാർഷിക കണക്കുകളിലെ ആകെ ഡിമാന്റ്** | | **584,316** |
| 2017-18 ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ തുക | 32,958 | 2017-18 ലെ വരവ് റസീറ്റ് & പേയ്മെന്റ് പത്രിക RP-43 പ്രകാരം |
| 31.03.2018 ലെ നീക്കിയിരിപ്പ് | 7,142 | ശീർഷകത്തിൽ 31.03.2018-ലെ 431400102 നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് പ്രകാരം |
| **അക്കൗണ്ടിംഗ് ക്രമീകരണത്തിന് ശേഷമുള്ള ഡിമാന്റ്** | | **40,100** |
| വാടക കുടിശ്ശിക ഡിമാന്റിലെ കുറവ് | 5,44,216 | 01.04.2017 ലെ 41700452 നം. ജേർണൽ വൗച്ചറിലൂടെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയ തുക |

സർക്കാർ അനുമതിയില്ലാതെ മുൻവർഷങ്ങളിലെ വാടക കുടിശ്ശിക ഡിമാന്റിൽ ക്രമീകരണം വരുത്തി പഞ്ചായത്തിന് ലഭിക്കേണ്ട 5,44,216/- രൂപ ഒഴിവാക്കി നൽകിയത് അക്കൗണ്ടിംഗിലെ

ക്രമക്കേടാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.19/28.11.2018) മറുപടിയിൽ വാടക കൈകാര്യം ചെയ്യുന്ന സെക്ഷനിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കുടിശ്ശിക ഡിമാന്റ് 40,100/- രൂപയാക്കി പുനക്രമീകരിച്ചത് എന്നാണറിയിച്ചത്. 2016-17 വർഷത്തിലെ വാടകയിനത്തിൽ ലഭിക്കാനുള്ള 1,81,375/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 4,02,941/- രൂപയുമുൾപ്പെടെ 5,84,316/- രൂപയുടെ കുടിശ്ശിക, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം, സർക്കാർ നിർദ്ദേശം എന്നിവയുടെ പിൻബലമില്ലാതെ 40,100/- രൂപയാക്കിയത് ക്രമപ്രകാരമല്ല. കുടിശ്ശിക വാടക ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് നിയമപ്രകാരമല്ല. മേൽ നടപടിക്കായി പ്രസ്തുത പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

6. വാടക കുടിശ്ശികയിനത്തിൽ യാതൊരുവിധ നഷ്ടവും പഞ്ചായത്തിന് ഉണ്ടായിട്ടില്ലെന്ന് ക്രമീകരണ രേഖകൾ സഹിതം സർക്കാർ ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**7. വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ ചെലവഴിക്കാതെ സർക്കാർ കമ്പനിയിൽ ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നു**

*[മണിമല ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]*

- പ്രോജക്ട് – പൊന്തൻപുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
- പ്രോജക്ട് നം. SO154/IV, SO45/13
- ഫണ്ടിനം –വികസന ഫണ്ട് (എസ്.സി.പി.)
- നിർവഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി, എ.ഇ.

ഓരോ നിയോജക മണ്ഡലത്തിലെയും എം.എൽ.എ. നിർദ്ദേശിക്കുന്ന പട്ടിക ജാതി കോളനിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പട്ടികജാതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്

'സ്വയം പര്യാപ്ത ഗ്രാമം'. മണിമല ഗ്രാമപഞ്ചായത്തിലെ പൊന്തൻപുഴ പട്ടികജാതി കോളനി ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുകയും ഒരു കോടി രൂപ അടങ്കലിൽ കമ്മ്യൂണിറ്റി ഹാൾ, ചുറ്റുമതിൽ, കോളനിയിലെ അങ്കണവാടി പുനരുദ്ധാരണം എന്നീ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ കമ്പനിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് ഡെപ്പോസിറ്റ് വർക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

16-3-2013 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 84,55,311/- രൂപ അടങ്കലുള്ള കമ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്, 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെട്ട 45,15,747/- രൂപയിൽ അധികമായി വരുന്ന തുക 39,35,564/-രൂപ പഞ്ചായത്തിന്റെ എസ്.സി.പി. വിഹിതത്തിൽ നിന്നും നൽകുന്നതിന് തീരുമാനിക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് (എസ്.സി.പി.) 11,64,024/- രൂപയും (ഡി.ഡി നം. 023775 തീ 9-4-13) സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി എസ്.സി.പി വിഹിതത്തിൽ നിന്നും 20,00,000/- രൂപ (ഡി.ഡി നം.950140/8-11-13) യും സഹിതം ആകെ 31,64,024/- രൂപ നിർവഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ ക്രമീകരിക്കാത്ത മുൻകൂറായി 2017-18 വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

പ്രസ്തുത കമ്മ്യൂണിറ്റിഹാൾ നേരിൽ പരിശോധിച്ചതിൽ പട്ടികവർഗ്ഗവകുപ്പ് അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടം നിർമ്മിച്ചു വരുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. 84,55,311/- രൂപ അടങ്കലോടുകൂടിയതും മുകൾ നിലയിൽ റൂഫിംഗോടു കൂടിയതുമായ, പഞ്ചായത്ത് ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്ലാൻ ഉപേക്ഷിച്ച നിലയിലാണ്. നിർവഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് തയ്യാറാക്കിയ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയ്ക്ക് പട്ടികജാതി വകുപ്പ് ഭരണാനുമതിയോ സാങ്കേതിക അനുമതിയോ നൽകിയിട്ടില്ല. പട്ടികജാതി വകുപ്പുമായി സംയോജിത പദ്ധതി പോലും തയ്യാറാക്കാതെ, പഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് തുക നൽകിയ പഞ്ചായത്ത് തീരുമാനം ക്രമവിരുദ്ധമാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 09.07.2018 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3) ഇപ്പോൾ പണി തീർന്നിരിക്കുന്ന കെട്ടിട ഭാഗം പഞ്ചായത്ത് നൽകിയ ഫണ്ട് ഉപയോഗിച്ചുള്ളതല്ലെന്നും പട്ടികജാതി വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പട്ടികജാതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ളതാണെന്നും, ഈ പദ്ധതിക്ക് പഞ്ചായത്ത് തുക നൽകിയത് വ്യക്തമായ ധാരണയോ വിശകലനമോ ഇല്ലാതെയാണെന്നും പഞ്ചായത്തിന്റെ നടപടി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലായിരുന്നുവെന്നും സെക്രട്ടറി മറുപടി നൽകി.

2013 ൽ നിക്ഷേപിച്ച 31,64,024/- രൂപയിൽ 11,64,024/- രൂപ ക്രമീകരിക്കാത്ത മുൻകൂറായി വാർഷിക കണക്കിൽ രേഖപ്പെടുത്താതെ വന്നപ്പോഴും ക്രമീകരിക്കാത്ത മുൻകൂറായി 20 ലക്ഷം രൂപ തുടർച്ചയായി വാർഷിക കണക്കിൽ രേഖപ്പെടുത്തി വന്നപ്പോഴും നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ സംബന്ധിച്ച് ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദീകരണം തേടുകയോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നിർവഹണ ഏജൻസിയുമായോ, പട്ടികജാതി വകുപ്പുമായോ ചർച്ചകൾ നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ വികസനത്തിന് വേണ്ടി നിക്ഷേപിച്ച തുക പ്രവൃത്തി നടക്കാത്തതിനാൽ തിരികെ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

തുക നൽകിയത് വ്യക്തമായ ധാരണയോ വിശകലനമോ ഇല്ലാതെയാണെന്നും പഞ്ചായത്തിന്റെ തീരുമാനവും നടപടികളും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലായിരുന്നു എന്നും പഞ്ചായത്തിന് ബോധ്യമുള്ള സ്ഥിതിക്ക് ഡെപ്പോസിറ്റ് ചെയ്ത 31,64,024/- രൂപ നിയമാനുസൃത പലിശ സഹിതം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ നിന്നും തിരികെ ഈടാക്കേണ്ടതും പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ അനധികൃതമായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയും പദ്ധതി നടപ്പാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

8. പൊന്തൻപുഴ പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി പഞ്ചായത്ത് 31.67 ലക്ഷം രൂപ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ (എഫ്.ഐ.ടി.) ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും എഫ്.ഐ.ടി. പ്രസ്തുത പ്രവൃത്തി ചെയ്തിട്ടില്ല എന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം നിർവഹണ ഏജൻസിക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ചുവെങ്കിലും അതിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ ലഭിക്കുകയും സ്റ്റേ ഓർഡറിന്റെ കാലാവധി 16.01.2024-ന് അവസാനിക്കുകയും ചെയ്തുവെന്നും ഹൈക്കോടതി വച്ച മീഡിയേഷനിൽ ടി തുക പലിശയടക്കം തിരിച്ചടയ്ക്കാനുള്ള സാമ്പത്തിക സ്ഥിതിയില്ലെന്ന് നിർവഹണ ഏജൻസി അറിയിച്ചുവെന്നും മണിമല ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

9. തുടർന്ന് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ എഫ്.ഐ.ടി. പ്രതിനിധികളും പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ സാമ്പത്തിക പ്രതിസന്ധി കാരണം തുക തിരിച്ചടയ്ക്കാൻ സാധ്യമല്ലെന്നും പഞ്ചായത്തടച്ച തുകയ്ക്ക് കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണ

പ്രവൃത്തികൾ പൂർത്തീകരിച്ചുനൽകാമെന്നും എഫ്.ഐ.ടി. അറിയിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പഞ്ചായത്ത് ഭരണസമിതിക്ക് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

10. പലിശ ഒഴിവാക്കി നൽകിയാൽ അതിന് ആനുപാതികമായ തുകയ്ക്ക് ഫർണിച്ചർ നൽകാമെന്നാണ് സ്ഥാപനം അറിയിച്ചിട്ടുള്ളതെന്നും നിലവിൽ സ്ഥാപനം പീഡിതാവസ്ഥയിലാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

11. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം ആരംഭിച്ച് നാലുവർഷമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ എഫ്.ഐ.ടി.-ക്ക് സാധിച്ചിട്ടില്ലെന്നും യാതൊരു ഉത്തരവാദിത്തവും ഇല്ലാതെയാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി നിലവിൽ കമ്മ്യൂണിറ്റി ഹാളിന്റെ സ്ട്രക്ച്ചർ മാത്രമാണ് നിർമ്മിച്ചിട്ടുള്ളതെന്നും ജനലുകളും വാതിലുകളും സ്ഥാപിക്കാത്തതിനാൽ സാമൂഹ്യവിരുദ്ധരുടെ ശല്യമുണ്ടെന്നും അതുകൊണ്ട് ടി സ്ഥാപനത്തിന് പലിശ ഒഴിവാക്കിക്കൊടുത്താൽ തുടർപ്രവൃത്തി ഉത്തരവാദിത്തത്തോടെ ആര് നിർവഹിക്കുമെന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും അഭിപ്രായപ്പെട്ടു.

12. ഫർണിച്ചർ നിർമ്മിക്കുന്നതിനായി രൂപീകരിച്ച പ്രസ്തുത സ്ഥാപനത്തിന് പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയത് ശരിയല്ലെന്ന് വിലയിരുത്തിയ സമിതി, ഏറ്റെടുക്കുന്ന പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന എഫ്.ഐ.ടി. എന്ന സ്ഥാപനത്തെ നിലനിർത്തുന്നത് എന്തിനാണെന്നും ടി ഏജൻസിക്ക് പ്രവൃത്തികൾ കൊടുക്കരുതെന്ന പൊതുനിർദേശം നൽകാനാകുമോയെന്നും ആരാഞ്ഞതിന്, പ്രസ്തുത വിഷയം വനം വകുപ്പുമായി ആലോചിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. മറുപടി നൽകി.

13. പരാമർശ വിഷയത്തിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടില്ലെന്നും എം.എൽ.എ. നിർദേശിക്കുന്ന പട്ടികജാതി കോളനിയുടെ വികസനം ലക്ഷ്യമാക്കി പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണിതെന്നും വ്യക്തമാക്കിയ സമിതി എഫ്.ഐ.ടി. എന്ന സ്ഥാപനത്തിന് എഞ്ചിനീയറിംഗ് സംവിധാനമില്ലെന്നും അവർ പ്രവൃത്തി ഏറ്റെടുത്ത് കഴിഞ്ഞാൽ ഉപകരാർ കൊടുക്കുകയാണ് ചെയ്യുന്നതെന്നും അവർ ഏറ്റെടുത്ത ഒരു പ്രവൃത്തി പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും വിലയിരുത്തി.

14. നിലവിൽ പ്രസ്തുത കെട്ടിടം ചോരുന്ന അവസ്ഥയിലാണെന്നും ആയതിനാൽ ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ട സമിതി കെട്ടിട നിർമ്മാണം

പൂർത്തീകരിക്കാനായി പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കാനാവുമെങ്കിലും ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കില്ലെന്നും വ്യക്തമാക്കി.

15. 31 ലക്ഷത്തിലധികം രൂപയ്ക്ക് തുല്യമായ ഫർണിച്ചർ നൽകുമെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്നും പൂർത്തിയാകാത്ത കെട്ടിടത്തിൽ ഫർണിച്ചർ വാങ്ങി എവിടെ സൂക്ഷിക്കുമെന്നും പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആര് പൂർത്തീകരിക്കുമെന്നുമുള്ള നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് ഫർണിച്ചർ നൽകാമെന്നത് എഫ്.ഐ.ടി.യുടെ പ്രൊപ്പോസലാണെന്നും 31 ലക്ഷത്തിലധികം രൂപയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിക്കുകയാണ് ലക്ഷ്യമെന്നും അതിനുശേഷം മാത്രമേ ഫർണിച്ചർ വാങ്ങുന്ന കാര്യം ഉദിക്കുന്നുള്ളൂവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചപ്പോൾ പ്രവൃത്തി പൂർത്തീകരിക്കുകയാണ് വേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു.

16. പട്ടികജാതി വിഭാഗത്തിലുള്ള മുന്നൂറോളം കുടുംബങ്ങൾ താമസിക്കുന്ന മേഖലയുടെ സമഗ്ര വികസനത്തിനായി വിഭാവനം ചെയ്ത പദ്ധതി നാലുവർഷമായിട്ടും പൂർത്തീകരിക്കാൻ സാധിക്കാത്ത കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞപ്പോൾ വിഷയത്തിൽ സർക്കാർ തീരുമാനമുണ്ടായാൽ മാത്രമേ പലിശ ഒഴിവാക്കി കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും പട്ടികജാതി വികസന കോർപ്പറേഷനിലെ കോർപ്പസ് ഫണ്ടിൽ നിന്നും 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നാണ് അറിയാൻ സാധിച്ചതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പലിശ ഒഴിവാക്കി കൊടുക്കാനുള്ള അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് നൽകണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

17. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനമെടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു. പലിശ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് സർക്കാരിന് നൽകാമെന്ന് സമിതി അറിയിച്ചു.

18. കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടതെന്നും ഫർണിച്ചർ വാങ്ങുന്ന കാര്യത്തിൽ പിന്നീട് തീരുമാനമെടുത്താൽ മതിയെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി നിർദേശിച്ചു. പലിശ ഒഴിവാക്കി കൊടുക്കണമെന്ന വിഷയത്തിൽ സർക്കാരിന് മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി വിലയിരുത്തി. എഫ്.ഐ.ടി. ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിശോധന നടത്തിയതിനുശേഷം അത് എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള കർശന നിർദേശം നൽകണമെന്നും പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

## നിഗമനങ്ങളും ശിപാർശകളും

**19. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.ടി.) എന്ന സ്ഥാപനം ഫർണിച്ചർ നിർമ്മിക്കുന്നതിനായി രൂപീകരിച്ചതാണെന്നും പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയത് ശരിയല്ലെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്ഥാപനത്തിന് പലിശ ഒഴിവാക്കി കൊടുക്കാനുള്ള അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് നൽകണമെന്നും കെട്ടിടത്തിന്റെ പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും സമിതി നിർദേശിക്കുന്നു.**

**20. എഫ്.ഐ.ടി. ഏറ്റെടുത്തിട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികളെ സംബന്ധിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിശോധന നടത്തിയതിനുശേഷം അവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള കർശന നിർദേശം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**78.74 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കപ്പെട്ട ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമല്ല.**

*[ഏറ്റുമാനൂർ മുൻസിപ്പാലിറ്റി 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7]*

| | |
|---|---|
| പ്രോജക്ട് നമ്പർ | 1) 365/18 (365/16-17)<br>2) 448/18 |
| അടങ്കൽ | 1,20,00,000/- (ലോകബാങ്ക് ധനസഹായം)<br>13,09,979/- (തനതുഫണ്ട്)<br>ആകെ - 1,33,09,979/- |
| ചെലവ് | 37,23,180/- (ബിൽനം -24/23-12-17)<br>12,60,369/- (ബിൽനം -38/23-2-17)<br>5,78,790/- (ബിൽനം-14/20-10-17)<br>16,01,850/ -(ബിൽനം -37/23-2-18)<br>71,64,189 /- (ലോകബാങ്ക് ധനസഹായം)<br>7,10,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>ആകെ 78,74,189/- |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

നഗരസഭയുടെ ഉടമസ്ഥതയിൽ ഏറ്റുമാനൂർ വില്ലേജിൽ 156/2 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് 501.65 ച.മീ. അളവിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് നഗരസഭ തീരുമാനിക്കുകയും ലോകബാങ്ക് ധനസഹായവും തനതുഫണ്ടും വകയിരുത്തി 2016-17 വാർഷിക പദ്ധതിയിൽപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടിന് ഡി.പി.സി. അനുമതിയും ലഭിച്ചിരുന്നു. പ്രോജക്ടിന്റെ ഭാഗമായുള്ള കെട്ടിടനിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, സൈറ്റ്പ്ലാൻ മുതലായവ സോഷ്യോ എക്കണോമിക് യൂണിറ്റ് എന്ന ഏജൻസി വേൾഡ് ബാങ്കിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ

തയ്യാറാക്കിയതിന് ജില്ലാതല സാങ്കേതികസമിതിയുടെ അംഗീകാരവും ലഭിച്ചിരുന്നു. കെട്ടിടനിർമ്മാണം, ഫർണസ് സ്ഥാപിക്കൽ, പ്ലംബിംഗ് & സാനിറ്ററി സംവിധാനങ്ങൾ, ഇലക്ട്രിഫിക്കേഷൻ എന്നീ പ്രവൃത്തി ഇനങ്ങൾക്ക് വിവിധ അപ്പന്റിക്സുകൾ പ്രകാരം നിശ്ചയിക്കപ്പെട്ട ആകെ എസ്റ്റിമേറ്റ് തുകയായ 1,33,09,979/- രൂപ വകയിരുത്തിയിരുന്നു. ഓഡിറ്റ് കാലയളവ് വരെ പ്രസ്തുത പ്രോജക്ടിനായി ആകെ 78,74,189/- രൂപ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തലിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി | വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ / ചെക്ക് നമ്പർ |
|---|---|---|---|---|
| അപ്പന്റിക്സ് - എ | കെട്ടിടനിർമ്മാണം | 1,05,71,947 | 3723180<br>1260369<br>4983549 | 24/23-12-18<br>38/23-2-18 |
| അപ്പന്റിക്സ് - ബി | ജലലഭ്യതയും, സാനിറ്ററി സംവിധാനങ്ങളും | 1,95,477 | - | - |
| അപ്പന്റിക്സ് - സി | ഗ്യാസ് ക്രിമറ്റോറിയം | 22,50,000 | 578790<br>1601850<br>2180640 | 14/20-10-17<br>37/23-2-18 |
| അപ്പന്റിക്സ് - ഡി | ഇലക്ട്രിഫിക്കേഷൻ | 2,92,554 | 710000 | 1708054700190102/17-2-18 |
| | **ആകെ** | **1,33,09,978** | **78,74,189** | |

കെട്ടിടനിർമ്മാണം, ഫർണസ് സ്ഥാപിക്കൽ, വൈദ്യുതീകരണം എന്നീ പ്രവൃത്തിഘടകങ്ങൾ പ്രത്യേക എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ വിവിധ കരാറുകാർ/സ്ഥാപനങ്ങൾ/ഏജൻസികൾ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. പ്രോജക്ട് ഫയലുകളുടെ പരിശോധനയുടെയും 7-2-19-ൽ പ്രവൃത്തിസ്ഥലം നേരിട്ട് പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a) **പൂർത്തീകരിച്ചിട്ടില്ലാത്ത കെട്ടിടവും പരിസരവും കാട് പിടിച്ച് സുഗമമായ പ്രവേശനത്തിന് തടസ്സമാകുന്ന നിലയിൽ**

എസ്റ്റിമേറ്റിലെ അപ്പന്റിക്സ് എ പ്രകാരം കെട്ടിടനിർമ്മാണത്തിന് 1,05,71,947.12/- രൂപ വകയിരുത്തിയിരുന്നു. ടെൻഡർ നടപടികളുടെ അടിസ്ഥാനത്തിൽ ശ്രീ. സജിമോൻ. എൻ. സി. എന്നയാളുടെ ടെൻഡർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയും 15.3.17-ൽ ടിയാനുമായി കരാറിലേർപ്പെട്ട് സ്ഥലം കൈമാറി നൽകുകയും ചെയ്തിരുന്നു.

പ്രവൃത്തി നിർവഹണത്തിനായി പദ്ധതിസ്ഥലം ലെവൽ ചെയ്യേണ്ടിവന്നതിനാൽ കെട്ടിടത്തിന്റെ സൗന്ദര്യവൽക്കരണത്തിനും പരിസരത്തിന്റെ ആകർഷണീയതയ്ക്കും വേണ്ടി ആദ്യ എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തിയിരുന്ന വിവിധ പ്രവൃത്തി ഇനങ്ങൾ നിർവഹണവേളയിൽ ഒഴിവാക്കി ലെവലിംഗിനുവേണ്ടിയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. ലെവലിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പദ്ധതി സ്ഥലം നിലവിലും കുന്നും കുഴിയുമായ അവസ്ഥയിലാണ്. എസ്റ്റിമേറ്റിലുൾപ്പെട്ട പ്ലാസ്റ്ററിംഗ്, കതകുകളും ജനാലകളും ഘടിപ്പിക്കൽ, ടൈൽപാകൽ, പ്ലംബിംഗ് സംവിധാനങ്ങൾ എന്നീ പ്രവൃത്തി ഘടകങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. സാനിറ്ററി സൗകര്യത്തിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള രണ്ട് യൂറോപ്യൻ ക്ലോസറ്റുകൾ കെട്ടിടത്തിനുപുറത്ത് സൂക്ഷിച്ചിരിക്കുകയാണ്. സ്ട്രക്ച്ചർ മാത്രം പൂർത്തീകരിച്ച കെട്ടിടത്തിൽ വൈദ്യുതീകരണത്തിനുവേണ്ടി വയറിംഗ് നടത്തിയിട്ടുമുണ്ട്. ഗ്യാസ് ക്രിമറ്റോറിയത്തിനുവേണ്ടി 49,83,549/- രൂപ ചെലവഴിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും പരിസരവും കാട് പിടിച്ചും മറ്റ് പാഴ്‌വസ്തുക്കളുടെയും സാന്നിദ്ധ്യംകൊണ്ടു വൃത്തിഹീനമായ അവസ്ഥയിലുമാണ്.

b) **ഗ്യാസ് ഫർണസ് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിക്കാതെ തുക പൂർണ്ണമായും അനുവദിച്ചു**

എസ്റ്റിമേറ്റിലെ അപ്പന്റിക്സ് (സി) പ്രകാരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പ്രധാനഘടകമായ ഗ്യാസ് ഫർണസ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി ആകെ 22,50,000/- രൂപ വകയിരുത്തിയിരുന്നതിൽ 21,80,640/- രൂപ ചെലവഴിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ്, കേരള ലിമിറ്റഡിന്റെ 23,15,160/- രൂപയുടെ എസ്റ്റിമേറ്റ് 21-7-17-ലെ കൗൺസിൽ അംഗീകരിച്ച് സ്ഥാപനവുമായി 17-8-17-ൽ കരാർ വയ്ക്കുകയും മുൻകൂറായി സ്ഥാപനത്തിന് 5,78,790/- രൂപ അനുവദിച്ച് നൽകുകയും ചെയ്തു (ബിൽ നം. 14/20-10-17). തുടർന്ന് പ്രവൃത്തി നിർവഹണത്തിന്റെ ഭാഗമായി ഗ്യാസ്ബർണർ, ചേമ്പർ, അനുബന്ധ സാമഗ്രികൾ, സ്റ്റീൽബെഡ്, നിർഗ്ഗമനക്കുഴൽ (ലൈറ്റനിംഗ് അറസ്റ്റർ ഉൾപ്പെടെ) എന്നിവ സ്ഥാപിച്ച ഇനത്തിൽ ബിൽ നമ്പർ 37/23-2-18 പ്രകാരം 16,01,850/- രൂപയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ഗ്യാസ് ബർണർ, മൃതദേഹം കിടത്തുന്നതിനുള്ള സ്റ്റീൽബെഡ്, പ്രധാന നിർഗ്ഗമനക്കുഴലിലേക്കുള്ള കണക്ഷൻ പൈപ്പുകൾ, മറ്റ് അനുബന്ധസാമഗ്രികൾ എന്നിവയൊന്നും ഘടിപ്പിക്കാതെ ചേമ്പർ മാത്രം തുറസ്സായ കെട്ടിടത്തിൽ വച്ചിരിക്കുന്നതായി കണ്ടു. സ്റ്റീൽബെഡ് സ്ഥലത്ത് കാണാത്തത് എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുമില്ല. ചുറ്റുമതിലോ, കതകുകളും വാതിലുകളും ഉൾപ്പെടെയുള്ള സംരക്ഷണ സംവിധാനങ്ങളോ കെട്ടിടത്തിന് ഇല്ലാത്തതിനാലാണ് ഇവയൊന്നും സ്ഥാപിച്ചിട്ടില്ലാത്തതെന്ന് നഗരസഭാ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള തുകയാണ് നിർവഹണ ഏജൻസിക്ക് നൽകിയിട്ടുള്ളത്. പ്രസ്തുത അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

c) **വൈദ്യുതീകരണം**

വൈദ്യുതീകരണത്തിനായി പ്രോജക്ട് നം.448/18 പ്രകാരം 8.00,000/- രൂപ വകയിരുത്തി ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയിരുന്നു. വൈദ്യുതീകരണത്തിനായി തൻവർഷം 7,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.1901027141/17.02.18) പ്രോജക്ട് നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i. **ആവശ്യാധിഷ്ഠിതമല്ലാതെ പ്രവൃത്തി ഇനങ്ങൾ അധികമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി**

എല്ലാ പ്രവൃത്തി ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആദ്യ എസ്റ്റിമേറ്റിലെ അപ്പന്റിക്സ് ഡി പ്രകാരം വൈദ്യുതീകരണത്തിനായി 2,92,554/-രൂപയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ വൈദ്യുതീകരണത്തിയായി തയ്യാറാക്കപ്പെട്ട ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് പ്രോജക്ട് കോസ്റ്റ് വർദ്ധിച്ചതിനാൽ അടങ്കൽതുക 8,00,000/- രൂപയായി വർദ്ധിപ്പിച്ചു (710000/- ധനകാര്യക്കമ്മീഷൻ ഗ്രാന്റ് + 90000/- തനതുഫണ്ട്). ടെൻഡർ നടപടികൾക്കുശേഷം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'മൈ അസോസിയേറ്റ്സ്' എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് സ്ഥാപനവുമായി 25.11.17 ൽ കരാർ വയ്ക്കുകയും ചെയ്തു. വൈദ്യുതീകരണത്തിനായി 7,10,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള നാൽപ്പതിലേറെ ലൈറ്റുകളും ഇരുപത്തിമൂന്നോളം ഫാനുകളും സ്ഥാപിക്കുന്നതിനുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഒരു പൊതുശ്മശാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട (പ്രത്യേകിച്ചും ഗ്യാസ് കൊണ്ട് പ്രവർത്തിപ്പിക്കുന്ന) ഓഫീസ് കെട്ടിടത്തിന് പ്രസ്തുത ഉപകരണങ്ങൾ ഇത്രയും കൂടുതൽ അളവിൽ സ്ഥാപിക്കേണ്ട ആവശ്യകതയുണ്ടോ എന്ന് പുനഃപരിശോധന നടന്നിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതും ആയതിന് അംഗീകാരം നൽകിയതും ഒരേ സാങ്കേതിക സമിതിയിലെ അംഗങ്ങൾ തന്നെയാണ്. മാത്രമല്ല എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തിയതായിട്ടാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഭൗതികപരിശോധനയിൽ അളവുപുസ്തകത്തിലെ 3,4,7,10,13 എന്നീ ക്രമനമ്പരുകൾ പ്രകാരം ഫാനുകളും ലൈറ്റുകളും സ്ഥാപിക്കുന്ന പ്രവൃത്തി ഇനങ്ങൾ നടത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. ആയതിനാൽ ഈയിനത്തിൽ എം ബുക്ക് പ്രകാരം (2/2017-18) ചെലവഴിച്ചിട്ടുള്ള 1,57,156/- രൂപയുടെ ചെലവ് നിരാകരിക്കുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഉപകരണങ്ങൾ കരാറുകാരൻ സ്വന്തം ചെലവിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

ii. **3,46,000/- രൂപ ചെലവഴിച്ച് സ്ഥാപിക്കപ്പെട്ട ജനറേറ്ററിന്റെ സംരക്ഷണകവചം കത്തിയ നിലയിൽ**

വൈദ്യുതീകരണപ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 32 15KVA/12KV 3 phase, 4 Wire 415 V,0.8pf, 50HZ at 1500 RPM എന്ന സ്പെസിഫിക്കേഷനിലുള്ള ജനറേറ്റർ സ്ഥാപിക്കുക എന്നതായിരുന്നു. ആയതിന് 3,46,000/- രൂപയാണ് ചെലവ് വന്നിട്ടുള്ളത് (അളവുപുസ്തകം നം.2/2017-18 പേജ് -20). പ്രസ്തുത ജനറേറ്റർ പ്രത്യേക ടെൻഡർ നടപടികളിലൂടെയാണ് വാങ്ങിയിട്ടുള്ളതെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അങ്ങനെയല്ലാത്തപക്ഷം എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിനേക്കാൾ 9,500/- രൂപ അധികം നൽകിയത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്നും ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു (എൻക്വയറി നം.10/16.02.19). ഭൗതികപരിശോധനയിൽ കെട്ടിടത്തിന് വെളിയിൽ പ്ലാസ്റ്റിക് കവർകൊണ്ട് മൂടി സൂക്ഷിച്ചിരുന്ന ജനറേറ്ററിന്റെ പ്ലാസ്റ്റിക് കവചം കത്തി പ്ലാസ്റ്റിക് ഉരുകി ജനറേറ്ററിലേക്ക് ഒട്ടിപ്പിടിച്ച നിലയിൽ കണ്ടു. വിശദമായ പരിശോധനയിൽ ക്രിമറ്റോറിയത്തിന്റെ കെട്ടിടത്തിനു ചുറ്റുമുള്ള കാട് തീയിട്ടപ്പോൾ ജനറേറ്ററിന്റെ പുറത്തേക്ക് പടർന്നുകയറിയിരുന്ന വള്ളിപ്പടർപ്പുകൾക്ക് തീ പിടിച്ചതായും അതിനെതുടർന്ന് പ്ലാസ്റ്റിക്ക് കവറിനും തീപിടിച്ചതാണെന്ന് ബോധ്യമായി. എന്നാൽ ജനറേറ്ററിന് എന്തെങ്കിലും നാശം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. കോമ്പൗണ്ടിനുവെളിയിലുള്ള കാട് നാട്ടുകാർ തീയിട്ടപ്പോൾ തീ പടർന്ന് ജനറേറ്ററിന്റെ മൂടി കത്തുകയാണുണ്ടായതെന്നും നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും വിഷയം സംബന്ധിച്ച് 11.02.19 ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കുകയുണ്ടായി. അപാകതകൾ പരിഹരിക്കേണ്ടതും ജനറേറ്റർ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

d) **ജലലഭ്യതക്കുള്ള ക്രമീകരണങ്ങൾ നടപ്പായിട്ടില്ല**

ഗ്യാസ് ഫർണസിന്റെ പ്രവർത്തനം നടക്കുമ്പോൾ ചേമ്പറിനുള്ളിലുണ്ടാകുന്ന അമിത ഊഷ്മാവ് ക്രമീകരിക്കുന്നതിനും സാനിറ്ററി സൗകര്യങ്ങൾക്കുമുള്ള ജലലഭ്യത ഉറപ്പാക്കാൻ സമീപത്തായി നിലവിലുള്ള വാട്ടർലൈനിൽനിന്നും കണക്ഷനെടുക്കുന്നതിനും വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ അപ്പന്റിക്സ് ബി പ്രകാരം എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നു. എന്നാൽ ഇവയൊന്നും നടപ്പാക്കിയിട്ടില്ല.

e) **തുടർപ്രവർത്തനങ്ങൾ നടക്കുന്നില്ല**

മുകളിൽ പരാമർശിച്ചിട്ടുള്ളപ്രകാരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പണികൾ പൂർത്തീകരിക്കാതെ മുടങ്ങിപ്പോകാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമായിട്ടില്ല. പണികൾ പൂർത്തീകരിച്ച് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ അപാകതകൾ സംബന്ധിച്ചും പ്രോജക്ട് നിർവ്വഹണം തടസ്സപ്പെട്ടരിക്കുന്നതിന്റെ കാരണം സംബന്ധിച്ചും നിർവഹണോദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/11-2-19 ന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് തയ്യാറാക്കിയ പ്ലാൻ/ഡിസൈൻപ്രകാരം പ്രവൃത്തി നിർവ്വഹണം നടന്നുകൊണ്ടിരിക്കുമ്പോൾ മണ്ണിടിച്ചിൽ ഉണ്ടായതിനെത്തുടർന്ന് പദ്ധതിനിർവഹണം തടസ്സപ്പെട്ടതായും ഭൂമിയുടെ കിടപ്പ് അനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിലുള്ള പാളിച്ചയാണ് ഇപ്രകാരം സംഭവിക്കാനിടയായതെന്നും മണ്ണിടിച്ചിൽ ഉണ്ടായതിനെത്തുടർന്ന് കാലങ്ങളായി ഇവിടെ മറവുചെയ്തുകൊണ്ടിരുന്നതും ഭാഗികമായി മാത്രം ജീർണ്ണിച്ചിട്ടുള്ളതുമായ അജ്ഞാതജഡങ്ങൾ കുഴിയെടുത്ത് മറവുചെയ്യേണ്ടിവന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഇപ്രകാരം നിർവഹണവേളയിലുണ്ടായ പ്രതിസന്ധികളും സംരക്ഷണഭിത്തികൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങേണ്ടി വന്നതിനാലും പദ്ധതി നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി എന്നും കൗൺസിലിന്റെ സാന്നിദ്ധ്യത്തിൽ കരാറുകാരനുമായി ചർച്ച നടത്തി കെട്ടിടത്തിന്റെ പൂർത്തീകരണം എത്രയും പെട്ടെന്ന് നടത്താമെന്നുള്ള ഉറപ്പിൻമേൽ നിർമ്മാണം പുനരാംരംഭിച്ചിട്ടുള്ളതായും അറിയിച്ചു. വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക് ഉപകരണങ്ങൾ സ്ഥാപിക്കാതെ തുക അനുവദിച്ചത്, ഫണ്ട് നഷ്ടപ്പെടാതിരിക്കാനും ഉപകരണങ്ങൾ സ്വന്തം ചെലവിൽ സ്ഥാപിക്കാമെന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നുമുള്ള വിശദീകരണം തൃപ്തികരമല്ല. മേൽ പരാമർശിച്ച അപാകതകളാലും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും 2017-18 വർഷം പ്രോജക്ടിനായി ആകെ ചെലവഴിച്ച 78,74,189/- രൂപയിൽ ഉപഖണ്ഡിക 3(എ) പ്രകാരം നിരാകരിച്ച 1,57,156/- രൂപ കിഴിച്ചുള്ള 77,17,033/- രൂപയുടെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

സോഷ്യോ എക്കണോമിക് യൂണിറ്റ് പ്രവൃത്തിസ്ഥലം സന്ദർശിച്ച് സൈറ്റ് കണ്ടീഷൻ മനസിലാക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെന്ന് എക്സിറ്റ് മീറ്റിംഗിൽ കൗൺസിലർ അറിയിച്ചു. പദ്ധതി ആസൂത്രണ/രൂപീകരണ ഘട്ടങ്ങളിലുണ്ടായ പിഴവുകൾ, നിർവഹണഘട്ടത്തിലെ വീഴ്ചകൾ, ഈ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃത ചുമതല നിറവേറ്റാതിരുന്നത്, മോണിറ്ററിംഗിന്റെ അഭാവം എന്നീ ഘടകങ്ങളെല്ലാം പദ്ധതിയുടെ നിലവിലെ സ്ഥിതിവിശേഷത്തിന് കാരണമായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മേൽസാഹചര്യത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ നശിച്ചുപോകാതെ ശരിയായ വിശകലനത്തിലൂടെ ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ആയവ അടിയന്തരമായി പരിഹരിക്കുന്നതിനും നാളിതുവരെ ഇതിലേക്കായി ചെലവഴിക്കപ്പെട്ട 78 ലക്ഷത്തിൽപരം രൂപയുടെ ചെലവ് പാഴാകാതെ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർവഹണോദ്യോഗസ്ഥൻ, പ്രോജക്ടുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭാ കൗൺസിൽ എന്നീ അധികാരസ്ഥാനങ്ങളുടെ ആത്മാർത്ഥമായ ശ്രമവും ഇടപെടലും ഇക്കാര്യത്തിലുണ്ടാകണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

21. ഏറ്റുമാനൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ക്രിമറ്റോറിയത്തിന് ചുറ്റുമുള്ള കാട് വെട്ടി തീയിട്ടപ്പോൾ തീ പടർന്ന് ജനറേറ്റർ കവർ ചെയ്തിരുന്ന പ്ലാസ്റ്റിക് ഷീറ്റ് കത്തി നശിച്ചെങ്കിലും ജനറേറ്ററിന് കേടുപാട് സംഭവിച്ചില്ലെന്നും നിലവിൽ ജനറേറ്ററിന് കവർ സ്ഥാപിക്കുകയും വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും ഏറ്റുമാനൂർ മുനിസിപ്പാലിറ്റി സെക്രട്ടറി (ഇൻ-ചാർജ്) അറിയിച്ചു. ഗ്യാസ് ക്രിമറ്റോറിയത്തിൽ തീപ്പിടുത്തം നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് ഇല്ലെന്നും അതിനാവശ്യമായ പ്രൊപ്പോസൽ നടപ്പു വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം മറുപടി നൽകി.

22. ജനറേറ്റർ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള യാതൊരു നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നാണ് 06.09.2024-ന് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ നിന്നും വ്യക്തമായിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. ജനറേറ്ററിന് സംരക്ഷണ കവചം സ്ഥാപിച്ചിട്ടില്ലേ എന്ന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് താൽക്കാലിക സംവിധാനമെന്ന നിലയിൽ പ്ലാസ്റ്റിക് കവർ ഉപയോഗിച്ച് സംരക്ഷിച്ചിട്ടുണ്ടെന്നും ശാശ്വതവും സുരക്ഷിതവുമായ കവചം നിർമ്മിക്കുന്നതിനുള്ള പുതിയ പ്രോജക്ട് നടപ്പു വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി (ഇൻ-ചാർജ്) വിശദീകരിച്ചു.

23. തീപ്പിടുത്തം നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി ജനറേറ്റർ സൂക്ഷിക്കുന്നതിനുള്ള സംരക്ഷണ കവചം പുന:സ്ഥാപിച്ചതിനു ശേഷമുള്ള റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**24. തീപ്പിടുത്തം നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി ജനറേറ്റർ സൂക്ഷിക്കുന്നതിനുള്ള സംരക്ഷണ കവചം പുന:സ്ഥാപിച്ചതിനു ശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### നിയമവും, ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം

*[കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]*

പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ളിൽ തന്നെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസും പ്രവർത്തിക്കുന്നതു മൂലമുള്ള സ്ഥലപരിമിതി പരിഹരിക്കുന്നതിനായി 2016-17 വർഷം ആസൂത്രണം ചെയ്തതാണ് പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം. 10.05.2017 ലെ പഞ്ചായത്ത് കമ്മറ്റി 1/1 നമ്പരായി ശ്രീമതി മേരിക്കുട്ടി സേവ്യറിന്റെ കൈവശത്തിലുള്ള തോട് പുറമ്പോക്ക് ഭൂമിയിൽ കെട്ടിടം പണിയുന്നതിന് തീരുമാനം എടുക്കുകയും 2017-18, 2018-19 വർഷങ്ങളിലായി 4 പ്രോജക്റ്റുകൾ തയ്യാറാക്കി 14,11,392/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് |
|---|---|---|
| 135/2018, പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം (സ്റ്റിൽ ഓവർ) | 11,63,778 (ലോകബാങ്ക് സഹായം) | 11,63,868/- 6,30,432/- (ബിൽ നം. 24/17.10.2017) 5,33,436/- (ബിൽ നം. 25/17.10.2017) |
| 122/2018, പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 5,76,236 (വികസനഫണ്ട്) | 2,47,524/- (ബിൽ നം. 64/26.03.2018) |
| എസ്.ഒ 163/2019, പഞ്ചായത്ത് അനക്സ് രണ്ടാം ഘട്ടം | 3,28,712 (വികസനഫണ്ട്) | - |
| 131/19, പഞ്ചായത്ത് അനക്സ് | 8,14,420 (വികസനഫണ്ട്) | - |
| **ആകെ** | **28,83,146** | **14,11,392** |

കെട്ടിട നിർമ്മാണത്തിന് നാളിതു വരെ 28,83,146/- രൂപ വകയിരുത്തുകയും 14,11,392/- രൂപ (2017-18 ൽ മാത്രം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റോഡിന് താഴെ 2 നിലകളും റോഡ് നിരപ്പിൽ 1 നിലയും സ്ട്രക്ചർ മാത്രം പൂർത്തിയായിട്ടുണ്ട്. ഒന്നാം നില നിർമ്മിക്കുന്നതിനുള്ള കോളം

നിർത്തിയിട്ടുമുണ്ട്. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് നേരിൽ പരിശോധിച്ചതിലും പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- കെട്ടിടം നിർമ്മിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം ശ്രീമതി മേരിക്കുട്ടി സേവ്യറിന്റെ കൈവശമുള്ള തോട് പുറമ്പോക്ക് കെട്ടിട നിർമ്മാണത്തിന് വിട്ടു നൽകിയതായും അതിനോട് ചേർന്ന പട്ടയ വസ്തുവിൽ നിന്നം 40 ച.അടി സ്ഥലം പഞ്ചായത്തിന് നൽകിയതായും ഈ സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. എന്നാൽ സ്ഥലം സർവ്വേ നടത്തി തിട്ടപ്പെടുത്തിയതിന്റെയോ പട്ടയസ്ഥലം (40 ച.അടി) പഞ്ചായത്തിന്റെ പേരിലാക്കി കരം അടച്ചതിന്റെയോ രേഖകളില്ല.

- വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും (ഡി.പി.ആർ.) സാമ്പത്തിക നില പരിഗണിച്ച് ഏകവർഷ പ്രോജക്ടായോ, ബഹുവർഷ പ്രോജക്ടായോ ചെയ്യുന്നതിനും അനുമതിയുണ്ട്. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെ ഓരോ വർഷവും ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.

- 15 ലക്ഷം മുതൽ 1 കോടി രൂപ വരെ അടങ്കലുള്ള കെട്ടിടങ്ങൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. എന്നാൽ 15 ലക്ഷത്തിൽ താഴെ അടങ്കലുള്ള വിവിധ പ്രോജക്ടുകൾ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നിയമ സാധുത ഇല്ല.

- കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കാതെയാണ് നിർമ്മാണം നടത്തുന്നത് എന്ന സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി മാത്രമേ സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണം നടത്താൻ പഞ്ചായത്തിന് പോലും 2011 ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുമതി നൽകുന്നുള്ളു. എന്നാൽ പ്ലാൻ, സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, ക്രോസ് സെക്ഷൻ എന്നിവ തയ്യാറാക്കാതെയും അധികാര സ്ഥാനങ്ങളിൽ നിന്നും അനുമതി വാങ്ങാതെയും ടെണ്ടർ നടത്തിയതും പ്രവൃത്തി നടത്തി തുക നൽകിയതും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.

- സെല്ലാർ ഫ്ലോർ ഉൾപ്പെടെ 4 നിലക്കായി പദ്ധതി ഇട്ട കെട്ടിടത്തിന് സോയിൽ ടെസ്റ്റ് നടത്തുകയോ, സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതിക അനുമതി നൽകുന്ന

ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങി കെട്ടിടത്തിന്റെ ക്ഷമത ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

- 2011 ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ വ്യാപകമായി ലംഘിക്കപ്പെട്ടിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ കാണപ്പെട്ടു. കെട്ടിടത്തിന് പിൻ വശത്തും ഇരുവശങ്ങളിലും ഒഴിച്ചിടേണ്ട സ്ഥലം ഒഴിച്ചിട്ടില്ല. പിൻവശം ആറ്റുതീരം കെട്ടിയെടുത്തിരിക്കുന്നതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള മുറ്റം ഇല്ല.

ഫ്ലോർ ഏരിയ റേഷ്യോ, കാർപ്പറ്റ് ഏരിയ എന്നിവ കണക്കാക്കിയിട്ടില്ല. പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 26(3) പ്രകാരം നിർമ്മാണസ്ഥലം 45 ഡിഗ്രിയിൽ കൂടുതൽ ചരിവ് ഉള്ളതാണെങ്കിലും, വെള്ളപ്പൊക്ക സാദ്ധ്യത ഉള്ളതാണെങ്കിലും വെള്ളപ്പൊക്കം മണ്ണൊലിപ്പ് എന്നിവക്ക് വിധേയമാകുകയില്ല എന്ന് സെക്രട്ടറിക്ക് ബോധ്യമാകുന്നതു വരെ നിർമ്മാണം പാടില്ല, എന്നാൽ ഇതു സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

- നദീതീരസംരക്ഷണ നിയമവും, ചട്ടങ്ങളും ലംഘിച്ചു. 2002 ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ ചട്ടം19(3) പ്രകാരം നദീതീരത്തുള്ള പുറമ്പോക്ക് ഭൂമിയിലുള്ള വൃക്ഷത്തൈകളുടെ പരിപാലനം, കടവുകളുടെ സംരക്ഷണം എന്നിവ തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയാണെങ്കിലും നിർമ്മാണ പ്രവൃത്തികൾ അംഗീകരിക്കേണ്ടത് (നിയമം 3) പ്രകാരം കളക്ടർ എക്സ് ഒഫീഷ്യോ ആയ ജില്ലാ വിദഗ്ധ സമിതിയാണ്. സമിതിയുടെ അനുമതി പോലും വാങ്ങാതെ ആറ്റുപുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തിയത് നിയമാനുസൃതമല്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് കെട്ടിട നിർമ്മാണ നിയന്ത്രണം നടപ്പാക്കേണ്ട പഞ്ചായത്ത്, നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് മരാമത്ത് പ്രവൃത്തികൾ തയ്യാറാക്കിയതും നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകളും അനുമതികളും വാങ്ങാതെയും, കെട്ടിടത്തിന്റെ ക്ഷമത ഉറപ്പ് വരുത്താതെയും നിർവഹണം നടത്തി തുക നൽകുകയും ചെയ്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/22.3.19) മറുപടി നൽകിയിട്ടില്ല. പ്രോജക്ടിനായി ചെലവഴിച്ച 14,11,392/- രൂപ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

25. നിലവിൽ 137 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ പണി പൂർത്തിയായ കെട്ടിടത്തിൽ കൃഷിഭവൻ, പഞ്ചായത്ത് ലൈബ്രറി, ഡയറി ഫാം ഇൻസ്ട്രക്ടറുടെ ഓഫീസ്, ഗ്രാമകേന്ദ്രം എന്നിവ

പ്രവർത്തിക്കുന്നുണ്ടെന്നും തനതുവരുമാനം കുറവായതും സാമ്പത്തിക പരിമിതിയേറെയുള്ളതുമായ പഞ്ചായത്തിൽ നിശ്ചിത തുക വകയിരുത്തി കൃത്യമായ കാലയളവിൽ കെട്ടിടം പൂർത്തീകരിക്കാൻ സാധിക്കുന്ന അവസ്ഥയായിരുന്നില്ലെന്നും കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്ക് അടിസ്ഥാന സൗകര്യവികസനത്തിന് നീക്കിവച്ചിരുന്നുവെന്നും അതിനുശേഷമുള്ള തുക ഉപയോഗിച്ചാണ് കെട്ടിടനിർമ്മാണം നടത്തിയതെന്നും കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച സമയത്തുതന്നെ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

26. പ്രളയ സാധ്യതയുള്ള നദീതീരത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന വസ്തുത നിലനിൽക്കുന്നുവെന്നാണ് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

27. പ്രസ്തുത കെട്ടിടം നിർമ്മിച്ചത് 2017-18 കാലയളവിലാണെന്നും വെള്ളപ്പൊക്കമുണ്ടായ സമയത്ത് കെട്ടിടത്തിന് യാതൊരു കേടുപാടും സംഭവിച്ചിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് കോട്ടയം അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ശ്രീമതി മേരിക്കുട്ടി സേവ്യർ സൗജന്യമായി വിട്ടുനൽകിയ കൂട്ടിക്കൽ വില്ലേജിലെ ബ്ലോക്ക് 76, തണ്ടപ്പേർ നം.1162, സർവെ നമ്പർ 339/3-ലെ 40 സ്ക്വയർ മീറ്റർ പുരയിട വസ്തുവിലും അതിനോട് ചേർന്നുള്ള പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിലുമായിട്ടാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നും വസ്തു പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പോക്കുവരവ് നടത്തി നികുതി അടവാക്കിയിട്ടുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്നും തട്ടുതട്ടായുള്ള പ്രദേശമായതിനാലാണ് റോഡിന് താഴെ രണ്ട് നിലകളും റോഡ് നിരപ്പിൽ ഒരുനിലയും എന്ന രീതിയിൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നതെന്നും അസിസ്റ്റന്റ് ഡയറക്ടർ വിശദീകരിച്ചു.

28. വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**29. ഓഡിറ്റ് പരാമർശത്തിൻമേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

# തൃശ്ശൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

## വിവിധ സ്ഥാപനങ്ങളിൽ നിന്നും ഫാമുകൾക്ക് കുടിശ്ശികയായി ലഭിക്കാനുള്ളത് വൻതുക.

*[തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]*

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളുടെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നായി കുടിശ്ശിക ഇനത്തിൽ വൻ തുക ലഭിക്കാനുണ്ട്. വിവിധ ഫാമുകൾക്ക് 01.04.16 മുതൽ 31.10.17 വരെയുള്ള കാലയളവിൽ ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

- പഴയന്നൂർ സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നമ്പർ | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 01/16-17 | 09.06.16 | 1,10,700 | കൃഷിഭവൻ, കൊണ്ടാഴി |
| 2 | 02/16-17 | 27.06.16 | 9,000 | കൃഷിഭവൻ, കൊണ്ടാഴി |
| 3 | 06/16-17 | 27.06.16 | 72,000 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 4 | 07/16-17 | 30.06.16 | 14,400 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 5 | 08/16-17 | 21.07.16 | 37,800 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 6 | 11/16-17 | 30.09.16 | 1,690 | കൃഷിഭവൻ, ചേലക്കര |
| 7 | 14/16-17 | 22.12.16 | 630 | ജില്ലാ കൃഷിത്തോട്ടം, ചേലക്കര |
| 8 | 15/16-17 | 09.02.17 | 19,600 | കൃഷിഭവൻ, എടവിലങ്ങ് |
| 9 | 16/16-17 | 22.02.17 | 20,820 | കൃഷിഭവൻ, ചാവക്കാട് |
| 10 | 31/16-17 | 14.03.17 | 28,000 | കൃഷിഭവൻ, തിരുവില്വാമല |
| 11 | 32/16-17 | 14.03.17 | 2938 | കൃഷിഭവൻ, തിരുവില്വാമല |
| 12 | 34/16-17 | 29.03.17 | 9,46,800 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 13 | 01/17-18 | 06.07.17 | 5,000 | കൃഷിഭവൻ, കൊണ്ടാഴി |
| 14 | 02/17-18 | 06.07.17 | 20,000 | കൃഷിഭവൻ, ചേലക്കര |
| 15 | 03/17-18 | 06.07.17 | 20,000 | കൃഷിഭവൻ, പഴയന്നൂർ |
| 16 | 04/17-18 | 06.07.17 | 5,000 | കൃഷിഭവൻ, വള്ളത്തോൾനഗർ |
| 17 | 05/17-18 | 06.07.17 | 55,000 | കൃഷിഭവൻ, ചേലക്കര |
| | | **ആകെ** | **13,69,378** | |

- മണ്ണുത്തി സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 06/16-17 | 04.06.16 | 75,530 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 2 | 09/16-17 | 15.06.16 | 5,500 | കൃഷിഭവൻ, കൊടകര |
| 3 | 23/16-17 | 28.06.16 | 6,500 | കൃഷിഭവൻ, പാണഞ്ചേരി |

| | | | | |
|---|---|---|---|---|
| 4 | 24/16-17 | 28.06.16 | 51,870 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 5 | 29/16-17 | 01.07.16 | 44,400 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 6 | 47/16-17 | 17.10.16 | 17,000 | കൃഷിഭവൻ, പാണഞ്ചേരി |
| 7 | 118/16-17 | 14.03.17 | 3,33,900 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 8 | 01/17-18 | 27.04.17 | 3,600 | ജില്ലാ കൃഷിത്തോട്ടം, നടവരമ്പ് |
| 9 | 07/17-18 | 20.05.17 | 900 | കൃഷിഭവൻ, ചാവക്കാട് |
| 10 | 08/17-18 | 20.05.17 | 900 | കൃഷിഭവൻ, ഗുരുവായൂർ |
| 11 | 09/17-18 | 20.05.17 | 900 | കൃഷിഭവൻ, കടപ്പുറം |
| 12 | 10/17-18 | 20.05.17 | 900 | കൃഷിഭവൻ, ഒരുമനയൂർ |
| 13 | 11/17-18 | 20.05.17 | 900 | കൃഷിഭവൻ, പൂക്കോട് |
| 14 | 15/17-18 | 20.05.17 | 900 | കൃഷിഭവൻ, വടക്കേക്കാട് |
| 15 | 22/27-28 | 20.05.17 | 1,100 | കൃഷിഭവൻ, ഇരിങ്ങാലക്കുട |
| 16 | 29/27-28 | 20.05.17 | 400 | കൃഷിഭവൻ, കൊടകര |
| 17 | 30/17-18 | 20.05.17 | 400 | കൃഷിഭവൻ, മറ്റത്തൂർ |
| 18 | 35/17-18 | 20.05.17 | 1,100 | കൃഷിഭവൻ, എടത്തിരുത്തി |
| 19 | 36/17-18 | 20.05.17 | 1,100 | കൃഷിഭവൻ, എടവിലങ്ങ് |
| 20 | 40/17-18 | 20.05.17 | 1,100 | കൃഷിഭവൻ, പെരിഞ്ഞനം |
| 21 | 41/17-18 | 20.05.17 | 1,100 | കൃഷിഭവൻ, ശ്രീനാരായണപുരം |
| 22 | 50/17-18 | 20.05.17 | 400 | കൃഷിഭവൻ, പുത്തൂർ |
| 23 | 59/17-18 | 20.05.17 | 400 | കൃഷിഭവൻ, തോളൂർ |
| 24 | 62/17-18 | 20.05.17 | 1,100 | കൃഷിഭവൻ, തളിക്കുളം |
| 25 | 63/17-18 | 20.05.17 | 1,100 | കൃഷിഭവൻ, വലപ്പാട് |
| 26 | 64/17-18 | 20.05.17 | 1,100 | കൃഷിഭവൻ, വാടാനപ്പിള്ളി |
| 27 | 70/17-18 | 20.05.17 | 400 | കൃഷിഭവൻ, ചാലക്കുടി |
| 28 | 71/17-18 | 20.05.17 | 400 | കൃഷിഭവൻ, കാടുകുറ്റി |
| 29 | 72/17-18 | 20.05.17 | 400 | കൃഷിഭവൻ, കോടശ്ശേരി |
| 30 | 75/17-18 | 20.05.17 | 400 | കൃഷിഭവൻ, പരിയാരം |
| 31 | 77/17-18 | 20.05.17 | 400 | കൃഷിഭവൻ, ആളൂർ |
| 32 | 78/17-18 | 20.05.17 | 400 | കൃഷിഭവൻ, അന്നമനട |
| 33 | 79/17-18 | 20.05.17 | 400 | കൃഷിഭവൻ, കൊടുങ്ങല്ലൂർ |
| 34 | 82/17-18 | 20.05.17 | 400 | കൃഷിഭവൻ, മേത്തല |
| 35 | 83/17-18 | 20.05.17 | 400 | കൃഷിഭവൻ, പൊയ്യ |
| 36 | 88/17-18 | 23.05.17 | 1,400 | കൃഷിഭവൻ, മേപ്പടി, വയനാട് |
| 37 | 99/17-18 | 23.05.17 | 4,000 | കൃഷിഭവൻ, സുൽത്താൻ ബത്തേരി |
| 38 | 101/17-18 | 23.05.17 | 4,000 | കൃഷിഭവൻ, നൂൽപ്പുഴ, വയനാട് |

| | | | | |
|---|---|---|---|---|
| 39 | 108/17-18 | 01.06.17 | 58,125 | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് |
| 40 | 109/17-18 | 02.06.17 | 17,520 | കൃഷിഭവൻ. മാടക്കത്തറ |
| 41 | 110/17-18 | 02.07.17 | 84,375 | ചേർപ്പ് ഗ്രാമപഞ്ചായത്ത് |
| 42 | 111/17-18 | 02.06.17 | 9,000 | എസ്.എസ്.എഫ്., പേരാമ്പ്ര |
| 43 | 112/17-18 | 16.06.17 | 68,750 | പാറളം ഗ്രാമപഞ്ചായത്ത് |
| 44 | 113/17-18 | 16.06.17 | 58,125 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് |
| 45 | 114/17-18 | 19.06.17 | 23,400 | കൃഷിഭവൻ, കൈപ്പറമ്പ് |
| 46 | 115/17-18 | 20.06.17 | 11,500 | കൃഷിഭവൻ, തോളൂർ |
| 47 | 116/17-18 | 20.06.17 | 24,000 | കൃഷിഭവൻ, അടാട്ട് |
| 48 | 117/17-18 | 20.06.17 | 11,500 | കൃഷിഭവൻ, അയ്യന്തോൾ |
| 49 | 118/17-18 | 22.06.17 | 23,500 | കൃഷിഭവൻ, കോലഴി |
| 50 | 119/17-18 | 22.06.17 | 6,000 | കൃഷിഭവൻ, അവണൂർ |
| 51 | 127/17-18 | 06.07.17 | 2,500 | കൃഷിഭവൻ, കൂടരഞ്ഞി, കോഴിക്കോട് |
| 52 | 131/17-18 | 06.07.17 | 2,000 | കൃഷിഭവൻ, തുണേരി, കോഴിക്കോട് |
| 53 | 135/17-18 | 06.07.17 | 5,000 | കൃഷിഭവൻ, വാളയം, കോഴിക്കോട് |
| 54 | 136/17-18 | 06.07.17 | 5,000 | കൃഷിഭവൻ, പുറമേരി, കോഴിക്കോട് |
| 55 | 138/ 17-18 | 06.07.17 | 5,000 | കൃഷി ഭവൻ, പുറമേരി, കോഴിക്കോട് |
| 56 | 154/17-18 | 21.07.17 | 5,000 | കൃഷിഭവൻ, തലശ്ശേരി |
| 57 | 157/17-18 | 21.07.17 | 5,000 | കൃഷിഭവൻ, ഇരഞ്ഞാലി |
| 58 | 163/17-18 | 22.07.17 | 7,500 | പാറളം ഗ്രാമപഞ്ചായത്ത് |
| 59 | 169/17-18 | 07.08.17 | 9,460 | കൃഷിഭവൻ, ഏറിയാട് |
| 60 | 170/17-18 | 09.08.17 | 9,460 | കൃഷിഭവൻ, കൈപ്പമംഗലം |
| 61 | 171/17-18 | 09.08.17 | 2,640 | കൃഷിഭവൻ, എടത്തിരുത്തി |
| 62 | 172/17-18 | 16.08.17 | 75,000 | ചേർപ്പ് ഗ്രാമപഞ്ചായത്ത് |
| 63 | 173/17-18 | 31.08.17 | 6,600 | മിത്രാ അഗ്രോസർവ്വീസ് സെന്റർ |
| 64 | 174/17-18 | 31.08.17 | 20,000 | എ.ഡി.എ., ചാവക്കാട് |
| 65 | 175/17-18 | 19.10.17 | 6,480 | കൃഷിഭവൻ, മുള്ളൂർക്കര |
| 66 | 176/17-18 | 23.09.17 | 999 | എ.ഡി.എ, മാള |
| 67 | 177/17-18 | 05.10.17 | 4,000 | എ.ഡി.എ, ചാവക്കാട് |
| 68 | 178/17-18 | 05.10.17 | 9,300 | കൃഷിഭവൻ, അന്തിക്കാട് |
| 69 | 179/17-18 | 05.10.17 | 9,050 | കൃഷിഭവൻ, മുല്ലശ്ശേരി |
| 70 | 180/17-18 | 05.10.17 | 750 | കൃഷിഭവൻ, മാടക്കത്തറ |
| 71 | 181/17-18 | 05.10.17 | 750 | കൃഷിഭവൻ, ഒല്ലൂക്കര |
| 72 | 182/17-18 | 05.10.17 | 7,800 | കൃഷിഭവൻ, ചാഴൂർ |
| 73 | 183/17-18 | 05.10.17 | 4,000 | കൃഷിഭവൻ, പഴയന്നൂർ |

| | | | | |
|---|---|---|---|---|
| 74 | 185/17-18 | 13.10.17 | 29,500 | കൃഷിഭവൻ, നെന്മണിക്കര |
| 75 | 187/17-18 | 19.10.17 | 50,000 | കൃഷിഭവൻ, അന്തിക്കാട് |
| 76 | 189/17-18 | 25.10.17 | 44,000 | കൃഷിഭവൻ, മുളങ്കുന്നത്തുകാവ് |
| 77 | 190/17-18 | 26.10.17 | 34,500 | കൃഷിഭവൻ, വേലൂർ |
| 78 | 191/17-18 | 26.10.17 | 23,000 | കൃഷിഭവൻ, കടങ്ങോട് |
| 79 | 192/17-18 | 26.10.17 | 20,600 | കൃഷിഭവൻ, വിൽവട്ടം |
| 80 | 193/17-18 | 26.10.17 | 400 | കൃഷിഭവൻ, അന്തിക്കാട് |
| 81 | 194/17-18 | 27.10.17 | 400 | കൃഷിഭവൻ, അരിമ്പൂർ |
| 82 | 195/17-18 | 27.10.17 | 400 | കൃഷിഭവൻ, ചാഴൂർ |
| 83 | 196/17-18 | 27.10.17 | 400 | കൃഷിഭവൻ, മണലൂർ |
| 84 | 197/17-18 | 27.10.17 | 400 | കൃഷിഭവൻ, താന്ന്യം |
| | | **ആകെ** | **13,69,784** | |

- കോടശ്ശേരി സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 02/16-17 | 01.06.16 | 31,350 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| 2 | 13/16-17 | 28.06.16 | 1,80,900 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| 3 | 27/16-17 | 27.10.16 | 1,57,500 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| 4 | 28/16-17 | 25.01.17 | 720 | കൃഷിഭവൻ, ചാലക്കുടി |
| 5 | 35/16-17 | 25.01.17 | 720 | കൃഷിഭവൻ, ഇരിങ്ങാലക്കുട |
| 6 | 37/16-17 | 25.01.17 | 720 | കൃഷിഭവൻ, കാട്ടൂർ |
| 7 | 43/16-17 | 25.01.17 | 720 | കൃഷിഭവൻ, മറ്റത്തൂര് |
| 8 | 44/16-17 | 25.01.17 | 720 | കൃഷിഭവൻ, നെന്മണിക്കര |
| 9 | 48/16-17 | 25.01.17 | 720 | കൃഷിഭവൻ, ആളൂർ |
| 10 | 49/16-17 | 25.01.17 | 720 | കൃഷിഭവൻ, അന്നമനട |
| 11 | 50/16-17 | 25.01.17 | 720 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി |
| 12 | 53/16-17 | 25.01.17 | 720 | കൃഷിഭവൻ, മേത്തല |
| 13 | 54/16-17 | 25.01.17 | 720 | കൃഷിഭവൻ, പൊയ്യ |
| 14 | 55/16-17 | 25.01.17 | 720 | കൃഷിഭവൻ, എടത്തിരുത്തി |
| 15 | 57/16-17 | 25.01.17 | 720 | കൃഷിഭവൻ, ഏറിയാട് |
| 16 | 58/16-17 | 25.01.17 | 720 | കൃഷിഭവൻ, കൈപ്പമംഗലം |
| 17 | 60/16-17 | 25.01.17 | 720 | കൃഷിഭവൻ, പെരിഞ്ഞനം |
| 18 | 61/16-17 | 25.01.17 | 720 | കൃഷിഭവൻ, എസ്.എൻ.പുരം |
| 19 | 63/16-17 | 25.01.17 | 710 | കൃഷിഭവൻ, നടത്തറ |
| 20 | 83/16-17 | 04.03.17 | 2,48,400 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |

| | | | | |
|---|---|---|---|---|
| 21 | 01/17-18 | 25.04.17 | 4,200 | കൃഷിഭവൻ, ചാലക്കുടി |
| 22 | 02/17-18 | 20.06.17 | 4,68,900 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| 23 | 03/17-18 | 20.06.17 | 1,96,800 | കൃഷിഭവൻ, മറ്റത്തൂർ |
| 24 | 04/17-18 | 25.07.17 | 900 | കൃഷിഭവൻ, കോടശ്ശേരി |
| | | ആകെ | 13,00,460 | |

- നടവരമ്പ് സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 01/16-17 | 01.07.16 | 9,000 | കൃഷിഭവൻ, എസ്.എൻ.പുരം |
| 2 | 02/16-17 | 04.07.16 | 900 | കൃഷിഭവൻ, പൂമംഗലം |
| 3 | 04/16-17 | 21.06.16 | 4,500 | കൃഷിഭവൻ, മേത്തല |
| 4 | 05/16-17 | 17.11.16 | 3,300 | കൃഷിഭവൻ, എടവിലങ്ങ് |
| 5 | 07/16-17 | 24.11.16 | 2,700 | കൃഷിഭവൻ, പുത്തൻചിറ |
| 6 | 08/16-17 | 24.11.16 | 2,700 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ |
| 7 | 09/16-17 | 24.11.16 | 2,700 | കൃഷിഭവൻ, പടിയൂർ |
| 8 | 10/16-17 | 24.11.16 | 2,700 | കൃഷിഭവൻ, പൂമംഗലം |
| 9 | 11/16-17 | 24.11.16 | 4,675 | കൃഷിഭവൻ, ഏറിയാട് |
| 10 | 12/16-17 | 16.12.16 | 74,010 | കൃഷിഭവൻ, പൂമംഗലം |
| 11 | 13/16-17 | 16.12.16 | 33,000 | കൃഷിഭവൻ, എസ്.എൻ.പുരം |
| 12 | 14/16-17 | 01.02.17 | 50,010 | കൃഷിഭവൻ, പൂമംഗലം |
| 13 | 16/16-17 | 01.02.17 | 17,200 | കൃഷിഭവൻ, പൂമംഗലം |
| 14 | 18/16-17 | 20.02.17 | 3,960 | കൃഷിഭവൻ, പറപ്പൂക്കര |
| 15 | 19/16-17 | 20.02.17 | 1,800 | കൃഷിഭവൻ, പറപ്പൂക്കര |
| 16 | 20/16-17 | 20.02.17 | 50,625 | കൃഷിഭവൻ, എടവിലങ്ങ് |
| 17 | 21/16-17 | 21.02.17 | 18,180 | കൃഷിഭവൻ, എടവിലങ്ങ് |
| 18 | 24/16-17 | 28.02.17 | 50,625 | കൃഷിഭവൻ, എടവിലങ്ങ് |
| 19 | 25/16-17 | 23.03.17 | 40,500 | കൃഷിഭവൻ, എടവിലങ്ങ് |
| 20 | 03/17-18 | 24.06.17 | 2,400 | എസ്.എസ്.എഫ്, പാണഞ്ചേരി |
| 21 | 04/17-18 | 21.07.17 | 7,200 | എ.ഡി.എ, ചേർപ്പ് |
| 22 | 05/17-18 | 28.07.17 | 13,200 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ |
| 23 | 06/17-18 | 28.07.17 | 13,200 | കൃഷിഭവൻ, വേലക്കര |
| 24 | 07/17-18 | 28.07.17 | 13,200 | കൃഷിഭവൻ, പടിയൂർ |
| 25 | 08/17-18 | 28.07.17 | 13,200 | കൃഷിഭവൻ, പൂമംഗലം |
| 26 | 09/17-18 | 28.07.17 | 13,200 | കൃഷിഭവൻ, പുത്തൻചിറ |
| 27 | 10/17-18 | | 2,000 | കൃഷിഭവൻ, കൊടകര |
| 28 | 11/17-18 | 08.08.17 | 22,000 | കൃഷിഭവൻ, മാള |

| | | | | |
|---|---|---|---|---|
| 29 | 12/17-18 | 15.09.17 | 22,000 | കൃഷിഭവൻ, ആളൂർ |
| 30 | 13/17-18 | 15.09.17 | 11,000 | കൃഷിഭവൻ, കൊടുങ്ങല്ലൂർ |
| 31 | 14/17-18 | 16.09.17 | 11,000 | കൃഷിഭവൻ, മേത്തല |
| 32 | 15/17-18 | 16.09.17 | 10,000 | കൃഷിഭവൻ, കുഴൂർ |
| 33 | 16/17-18 | 27.09.17 | 12,000 | കൃഷിഭവൻ, ഒല്ലൂർ |
| 34 | 17/17-18 | 27.09.17 | 27,600 | കൃഷിഭവൻ, നടത്തറ |
| 35 | 18/17-18 | 27.09.17 | 12,000 | കൃഷിഭവൻ, പുത്തൂർ |
| 36 | 19/17-18 | 27.09.17 | 2,400 | കൃഷിഭവൻ, ഒല്ലൂക്കര |
| 37 | 20/17-18 | 27.09.17 | 6,000 | കൃഷിഭവൻ, കൂർക്കഞ്ചേരി |
| 38 | 21/17-18 | 27.09.17 | 6,480 | കൃഷിഭവൻ, മാടക്കത്തറ |
| | | **ആകെ** | **5,93,165** | |

- ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 01/16-17 | 02.05.16 | 30,750 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 2 | 02/16-17 | 07.06.16 | 34,500 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 3 | 03/16-17 | 08.06.16 | 3,750 | കൃഷി ഭവൻ, പഴയന്നൂർ |
| 4 | 06/16-17 | 09.06.16 | 3,750 | കൃഷി ഭവൻ, പാഞ്ഞാൾ |
| 5 | 09/16-17 | 09.06.16 | 3,750 | കൃഷി ഭവൻ, ദേശമംഗലം |
| 6 | 20/16-17 | 14.06.16 | 7,500 | കൃഷി ഭവൻ, കാട്ടാകാമ്പാൽ |
| 7 | 22/16-17 | 17.06.16 | 22,000 | കൃഷി ഭവൻ, ചേലക്കര |
| 8 | 23/16-17 | 20.06.16 | 11,000 | കൃഷി ഭവൻ, പഴയന്നൂർ |
| 9 | 24/16-17 | 27.06.16 | 5,500 | കൃഷി ഭവൻ, വരവൂർ |
| 10 | 25/16-17 | 27.06.16 | 5,500 | കൃഷി ഭവൻ, മുള്ളൂർക്കര |
| 11 | 26/16-17 | 28.06.16 | 5,500 | കൃഷി ഭവൻ, വടക്കാഞ്ചേരി |
| 12 | 27/16-17 | 28.06.16 | 5,500 | കൃഷി ഭവൻ, എരുമപ്പെട്ടി |
| 13 | 28/16-17 | 29.06.16 | 5,500 | കൃഷി ഭവൻ, മുണ്ടത്തിക്കോട് |
| 14 | 29/16-17 | 29.06.16 | 5,500 | കൃഷി ഭവൻ, തെക്കുംകര |
| 15 | 32/16-17 | 17.09.16 | 2,695 | കൃഷി ഭവൻ, ചേലക്കര |
| 16 | 57/16-17 | 30.01.17 | 3,000 | കൃഷി ഭവൻ, ചേലക്കര |
| 17 | 63/16-17 | 01.02.17 | 3,000 | കൃഷി ഭവൻ, വടക്കാഞ്ചേരി |
| 18 | 69/16-17 | 15.03.17 | 2,46,600 | കെ.എസ്.എസ്.ഡി.എ., അയ്യന്തോൾ |
| 19 | 72/17-18 | 11.05.17 | 944 | എസ്.എസ്.എഫ്., പഴയന്നൂർ |
| 20 | 73/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, ചേലക്കര |
| 21 | 75/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, പാഞ്ഞാൾ |
| 22 | 76/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, പഴയന്നൂർ |

| | | | | |
|---|---|---|---|---|
| 23 | 78/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, തിരുവില്വാമല |
| 24 | 79/17-18 | 26.05.17 | 1,600 | കൃഷി ഭവൻ. ദേശമംഗലം |
| 25 | 80/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, എരുമപ്പെട്ടി |
| 26 | 81/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, മുള്ളൂർക്കര |
| 27 | 82/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, മുണ്ടത്തിക്കോട് |
| 28 | 83/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, തെക്കുംകര |
| 29 | 84/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, വരവൂർ |
| 30 | 85/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, വടക്കാഞ്ചേരി |
| 31 | 88/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, ചൊവ്വന്നൂർ |
| 32 | 89/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, കടങ്ങോട് |
| 33 | 90/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, കടവല്ലൂർ |
| 34 | 92/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, കാട്ടാകാമ്പാൽ |
| 35 | 94/17-18 | 26.05.17 | 1,500 | കൃഷി ഭവൻ, പോർക്കുളം |
| 36 | 96/17-18 | 07.06.17 | 15,000 | കൃഷി ഭവൻ, പഴയന്നൂർ |
| 37 | 97/17-18 | 07.06.17 | 10,000 | കൃഷി ഭവൻ, തിരുവില്വാമല |
| 38 | 99/17-18 | 08.06.17 | 5,000 | കൃഷി ഭവൻ, പാഞ്ഞാൾ |
| 39 | 101/17-18 | 08.06.17 | 10,000 | കൃഷി ഭവൻ, വരവൂർ |
| 40 | 102/17-18 | 08.06.17 | 10,000 | കൃഷി ഭവൻ, ദേശമംഗലം |
| 41 | 103/17-18 | 09.06.17 | 9,200 | കൃഷി ഭവൻ, മുള്ളൂർക്കര |
| 42 | 105/17-18 | 09.06.17 | 9,200 | കൃഷി ഭവൻ, എരുമപ്പെട്ടി |
| 43 | 106/17-18 | 09.06.17 | 9,200 | കൃഷി ഭവൻ, വടക്കാഞ്ചേരി |
| 44 | 107/17-18 | 09.06.17 | 9,425 | കൃഷി ഭവൻ, തെക്കുംകര |
| 45 | 108/17-18 | 15.06.17 | 11,000 | കൃഷി ഭവൻ, തിരുവില്വാമല |
| 46 | 109/17-18 | 15.06.17 | 11,000 | കൃഷി ഭവൻ, കൊണ്ടാഴി |
| 47 | 110/17-18 | 15.06.17 | 11,000 | കൃഷി ഭവൻ, പഴയന്നൂർ |
| 48 | 111/17-18 | 16.06.17 | 11,000 | കൃഷി ഭവൻ, പാഞ്ഞാൾ |
| 49 | 112/17-18 | 16.06.17 | 11,000 | കൃഷി ഭവൻ, വള്ളത്തോൾ നഗർ |
| | | **ആകെ** | **5,73,164** | |

ഇൻവോയ്സ് രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ പരിശോധിച്ചതിൽ അഞ്ച് ഫാമുകൾക്ക് മാത്രം 52,05,951/- രൂപ വിവിധ സ്ഥാപനങ്ങളിൽ നിന്നായി ലഭിക്കാനുണ്ട്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഫാമുകളുടെയും കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

30. പഴയന്നൂർ സീഡ് ഫാമിൽ നിന്നാണ് കുടിശ്ശികയിനത്തിൽ വൻതുക ലഭ്യമാകാനുള്ളതെന്നും സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുക കൈമാറാമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും മറ്റു ഫാമുകളിൽ നിന്നും നാമമാത്രമായ തുകയാണ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ളതെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി.

31. തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കിയാൽ മാത്രമേ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി വ്യക്തമാക്കി. വിജിലൻസ് കേസ് നിലവിലുള്ളതിനാൽ അന്വേഷണം പൂർത്തിയായതിനുശേഷം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (കെ.എസ്.എസ്.ഡി.എ.) വാങ്ങിയ വിത്തിന്റെ വില നൽകാമെന്നാണ് കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു.

32. വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും കുടിശ്ശികയിനത്തിൽ സീഡ് ഫാമുകളിൽ നിന്നും ലഭിക്കാനുള്ള തുക സംബന്ധിച്ചുമുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ എന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിവരങ്ങൾ അടങ്ങുന്ന വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. സമിതിക്ക് ഉറപ്പു നൽകി.

## നിഗമനങ്ങളും ശിപാർശകളും

**33. വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കുടിശ്ശികയിനത്തിൽ സീഡ് ഫാമുകളിൽനിന്നും ലഭിക്കാനുള്ള തുക സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുളളിൽ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജില്ലാ വനിതാ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - "ഷീ പാഡ്" - നടത്തിപ്പിലെ ന്യൂനതകൾ - 2 കോടി അടങ്കലുളള പദ്ധതി - 1.99 കോടി ചെലവഴിച്ചിട്ടും നാളിതുവരെ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല**

*[തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-43]*

**(a) പ്രോജക്ട് വിശദാംശം**

ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലും ഏതാനും സർക്കാർ സ്ഥാപനങ്ങളിലും സാനിറ്ററി നാപ്കിൻ വെൻഡിങ്ങ് മെഷീനുകളും ഇൻസിനേറ്ററുകളും സ്ഥാപിക്കൽ, വെൻഡിങ്ങ് മെഷീനുകളിലേയ്ക്ക് തുടർച്ചയായി സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിന്, ഇവയുടെ നിർമ്മാണത്തിനും വിതരണത്തിനും 3 യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ്

പദ്ധതി കൊണ്ട് വിഭാവനം ചെയ്തിരിക്കുന്നത്. 2,00,000,00/- രൂപയാണ് പദ്ധതി വിഹിതമായി അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. (പ്രോജക്ട്-എസ്. - 591/17) ജില്ലാ വനിതാ വികസന ഓഫീസറാണ് നിർവഹണ ഉദ്യോഗസ്ഥ.

## (b) പ്രോജക്ട് നടപ്പാക്കിയതിന്റെ വിവരങ്ങൾ

മേൽ പ്രകാരം പ്രോജക്ട് നടപ്പാക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തീകരിക്കുകയുണ്ടായി.

i. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ 'HLL life care Ltd'ൽ നിന്നും സാനിറ്ററി നാപ്കിൻ, വെൻഡിങ്ങ് മെഷീൻ, ബാറ്ററി, ഇൻസിനേറ്റർ എന്നിവ നേരിട്ട് അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി.

ii. നാപ്കിൻ നിർമ്മാണ യൂണിറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ 10 വീതം അംഗങ്ങളുടെ 3 സംഘങ്ങൾ രൂപീകരിച്ച് അവർക്ക് C-sted എന്ന സ്ഥാപനത്തിൽ നാപ്കിൻ നിർമ്മാണത്തിൽ പരിശീലനം നൽകി.

iii. 3 നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് C-sted-ന് തുക നൽകി.

iv. 3 സംഘങ്ങൾക്കും യൂണിറ്റ് സ്ഥാപിച്ച ശേഷം ഉണ്ടായേക്കാവുന്ന ആവർത്തന ചെലവുകൾ നടത്തുന്നതിന് തുക കൈമാറി.

v. 2 കോടി അടങ്കലുള്ള പദ്ധതിയ്ക്ക് 31/3/2017 വരെ 19,966,094/- രൂപ ചെലവാക്കി. എന്നാൽ നാപ്കിൻ നിർമ്മാണ യൂണിറ്റുകൾ നാളിതു വരെ സ്ഥാപിച്ചിട്ടില്ല.

## (c) ചെലവ് വിശദാംശങ്ങൾ

| ക്രമ നം. | നിർവഹണോദ്യോഗസ്ഥയുടെ ട്രഷറി ബിൽ വിവരങ്ങൾ | | | തുക നൽകിയത് ആർക്കാണ് എന്നത് | ഉദ്ദേശ്യം | ജില്ലാ പഞ്ചായത്ത് വൗച്ചർ വിവരങ്ങൾ | | |
|---|---|---|---|---|---|---|---|---|
| | ബിൽ നമ്പർ | തീയതി | തുക | | | വൗച്ചർ നമ്പർ | തീയതി | ഡെബിറ്റ് ചെയ്ത ശീർഷകം |
| 1 | 4 | 29/3/17 | 49,14,230 | HLL life care ltd | സാനിറ്ററി നാപ്കിൻ, വെൻഡിങ്ങ് മെഷീൻ, ബാറ്ററി, ഇൻസിനേറ്റർ എന്നിവ സപ്ലൈ ചെയ്തതിന് | 21601189 | 25/3/17 | 251200901-Sanitation – General |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 6 | 31/3/17 | 81,17,633 | HLL life care ltd | സാനിറ്ററി നാപ്കിൻ, വെൻഡിങ്ങ് മെഷീൻ, ബാറ്ററി, ഇൻസിനേറ്റർ എന്നിവ സപ്ലൈ ചെയ്യതിന് | 21601208 | 28/2/17 | 251200901- Sanitation - General |
| 3 | 2 | 06/3/17 | 61,34,231 (49,14,231 + 12,20,000) | HLL life care ltd- 49,14,231 | സാനിറ്ററി നാപ്കിൻ, വെൻഡിങ്ങ് മെഷീൻ, ബാറ്ററി, ഇൻസിനേറ്റർ എന്നിവ സപ്ലൈ ചെയ്യതിന് | 21601050 | 3/3/17 | 251200901- Sanitation - General |
| | | | | Csted- 12,20,000 | പരിശീലനം പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് | | | 251200901- Sanitation -General |
| 4 | 3 | 23/3/17 | 8,00,000 | Haritha care napkin production unit, olari – 2,66,660 രൂപ | പ്രൊഡക്ഷൻ യൂണിറ്റ് നടത്തുന്നതിനുള്ള ചെലവിലേയ്ക്ക് 3 സംഘങ്ങൾക്ക് നൽകിയത് | 21601153 | 20/3/17 | 251200901- Sanitation -General |
| | | | | Welcare Napkin production unit, Mundur-2,66,660 രൂപ | | | | |
| | | | | Goodcare Napkin production unit,Chowannur-2,66,680 രൂപ | | | | |
| **ആകെ ചെലവ്** | | | **19,966,094** | | | | | |

## (d) HLL Life care നൽകിയ സാധനങ്ങളുടെ ഇൻവോയ്സിന്റെ വിശദാംശങ്ങൾ

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക | സപ്ലൈ ചെയ്ത സാധനങ്ങളുടെ വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|
| | | | | സാനിറ്ററി നാപ്കിൻ | ബാറ്ററി | വെൻഡിങ്ങ് മെഷീൻ | ഇൻസിനേറ്റർ |
| 1 | 9412008035 | 29/3/17 | 21,724,58.88 | 17500 | | 128 | |
| 2 | 9412008031 | 29/3/17 | 36,419,48.15 | 71280 | | | 129 |
| 3 | 9412008026 | 28/3/17 | 1,74,406.40 | | 128 | | |
| 4 | 9412008010 | 27/3/17 | 38,97,281.62 | 71280 | | 15 | 129 |
| 5 | 9417000113 (Service) | 6/3/17 | 25,83,360.00 | - | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | 9417000957 | 3/3/17 | 28,60,242.06 | | 156 | 156 | |
| 7 | 9417000958 | 4/3/17 | 8.42,947.56 | 84240 | | | |
| 8 | 9417000956 | 3/3/17 | 35,425,70.46 | | | | 156 |
| 9 | 9417000128 (Service) | 29/3/17 | 2,128,535.15 | - | - | - | - |
| | | ആകെ | 21,843,750.28 | 244300 | 284 | 299 | 414 |

**(e) മേൽ പ്രകാരം പദ്ധതി നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു**

i. 'HLL life care ltd'ൽ നിന്നും 244300 സാനിറ്ററി നാപ്കിൻ, 299 എണ്ണം വെൻഡിങ്ങ് മെഷീൻ, 284 എണ്ണം ബാറ്ററി, 414 എണ്ണം ഇൻസിനേറ്റർ എന്നിവ വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ആണ് ലഭ്യമാക്കിയിട്ടുളളത്. എന്നാൽ രണ്ട് ഘട്ടങ്ങളിലായി 285 എണ്ണം വെൻഡിങ്ങ് മെഷീൻ, 285 എണ്ണം ഇൻസിനേറ്റർ, എന്നിവ സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കിയതിന്റെ സ്റ്റോക്ക് രജിസ്റ്ററാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. വാങ്ങിയ എണ്ണവും വിതരണം ചെയ്ത എണ്ണവും തമ്മിലുള്ള വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ii. 'HLL life care ltd 'ൽ നിന്നും മേൽ പ്രകാരം സാധനങ്ങൾ വാങ്ങിയതിന് 21,843,750.28/- രൂപയുടെ ഇൻവോയ്സുകൾ ആണ് സ്ഥാപനം നൽകിയിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന് നൽകിയ തുക 1,79,46,094/- രൂപയാണ്. 38,97,656.28/- രൂപ സ്ഥാപനത്തിന് കുറവ് നൽകിയതായി കാണുന്നു.

iii. നാപ്കിൻ നിർമ്മാണ യൂണിറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ 30 പേർക്ക് നാപ്കിൻ നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിന് 1,50,000/- രൂപയും 3 നാപ്കിൻ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 9,00,000/- (3X3,00,000) രൂപയും സർവീസ് ചാർജ്ജ് ഇനത്തിൽ 1,70,000/- രൂപയും ഇപ്രകാരം ആകെ 12,20,000/- രൂപയും 'C-sted' എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ;

* നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, 'C-sted'മായുള്ള കരാറിൽ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കേണ്ട സ്ഥലം, കെട്ടിടം, മെഷിനറികളുടെ സ്പെസിഫിക്കേഷൻ, ഇലക്ട്രിഫിക്കേഷൻ, കരാർ നടപ്പാക്കേണ്ടുന്ന കാലാവധി, എന്നിവ സംബന്ധിച്ച് നിബന്ധനകൾ പരാമർശിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല യൂണിറ്റ് സ്ഥാപിക്കുന്നതിന് തുക കൈമാറിയ ശേഷം മെഷിനറികൾ, ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് നേരിട്ട് നടപടികൾ സ്വീകരിച്ചതായി കാണുന്നു. ഇത്തരം സാഹചര്യത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 'C-sted' ന്റെ പ്രസക്തി എന്താണെന്ന് വ്യക്തമല്ല.

* 'C-sted' ഇപ്രകാരം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഉള്ള ഏജൻസിയാണോയെന്ന് വ്യക്തമല്ല. യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് തുക കണക്കാക്കിയതും സർവീസ് ചാർജ്ജ് ഇനത്തിൽ 1,70,000/- രൂപ വ്യവസ്ഥ ചെയ്തതും വ്യക്തമായ സാങ്കേതിക പഠനം നടത്താതെയാണ്.

* നാളിതുവരെ 3 യൂണിറ്റുകളും സ്ഥാപിച്ചിട്ടില്ല. യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 'C-sted' ന് 10,70,000/- (സർവീസ് ചാർജ്ജ് ഉൾപ്പെടെ) രൂപ നൽകിയിട്ടുണ്ട്. യൂണിറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് സാങ്കേതിക പഠനം നടത്താത്തതും, ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തി കരാറിലേർപ്പെടാത്തതും യൂണിറ്റ് സ്ഥാപിക്കുന്നത് വൈകുന്നതിന് കാരണമായി.

iv. നാപ്കിൻ നിർമ്മാണ യൂണിറ്റിൽ പ്രവർത്തിക്കാൻ സന്നദ്ധരായ 10 വീതം അംഗങ്ങളുടെ 3 യൂണിറ്റ് രൂപീകരിക്കുകയും അവർക്ക് 'C-sted' എന്ന സ്ഥാപനത്തിൽ നാപ്കിൻ നിർമ്മാണത്തിൽ പരിശീലനം നൽകുകയും ചെയ്തു. ഈ ചെലവ് ജില്ലാ പഞ്ചായത്ത് വഹിച്ചു. മാത്രമല്ല 3 യൂണിറ്റുകൾക്കും ആവർത്തന ചെലവുകൾ നടത്തുന്നതിന് 8,00,000/- രൂപ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറി. എന്നാൽ.

* സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ബൈ-ലോ തയ്യാറാക്കിയിട്ടില്ല.

* ജില്ലാ പഞ്ചായത്ത് നൽകിയ തുക വിനിയോഗിക്കുന്നത് സംബന്ധിച്ചും, ജില്ലാ പഞ്ചായത്ത് കൈമാറുന്ന യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ചും, വെൻഡിങ്ങ് മെഷീൻ സ്ഥാപിച്ച സ്ഥാപനങ്ങളിലേയ്ക്ക് സാനിറ്ററി നാപ്കിൻ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിനും, വെൻഡിങ് മെഷീനിൽ നിക്ഷേപിക്കപ്പെടുന്ന പണത്തിന്റെ വിനിയോഗം, സംഘങ്ങൾ പ്രവർത്തനം നിർത്തുന്ന സംഗതികളിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടും സംഘങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

v. ഈ പദ്ധതിയ്ക്ക് 31/3/2017 വരെ 19,966,094/- രൂപ ചെലവാക്കി. ഈ തുക മുഴുവൻ '251200901-Sanitation -General' എന്ന ചെലവ് ശീർഷകത്തിലേയ്ക്കാണ് ഡെബിറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് C-sted-ന് നൽകിയ 10,70,000/- രൂപയും (സർവീസ് ചാർജ്ജ് ഉൾപ്പെടെ) ഉൾപ്പെടുന്നു. നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് മുൻകൂർ നൽകിയ തുകയായതിനാൽ ഈ തുക ചെലവ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്തത് ശരിയല്ല. നിർമ്മാണ യൂണിറ്റ് ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്താവുന്നതിനാൽ മുൻകൂർ നൽകിയപ്പോൾ ബാലൻസ്ഷീറ്റ് 'ഷെഡ്യൂൾ B-18 loans, advance, deposit' എന്ന ശീർഷകത്തിൽ

ഉൾപ്പെടുത്തേണ്ടിയിരുന്നതും പദ്ധതി പൂർത്തിയാകുന്ന മുറക്ക് അതാത് ആസ്തി ശീർഷകത്തിലേയ്ക്ക് ഡെബിറ്റ് നൽകേണ്ടതുമായിരുന്നു.

(f) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 16(3) പ്രകാരം നിർവഹണോദ്യോഗസ്ഥൻ തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പായി തനിക്ക് കിട്ടിയ അലോട്ട്മെന്റിൽ നിന്നും ചെലവായ തുകയുടെ സ്റ്റേറ്റ്മെൻറ് സെക്രട്ടറിയ്ക്കു നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന സ്റ്റേറ്റ്മെന്റിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം അക്കൗണ്ടിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് പകരം അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ പഞ്ചായത്തിലെ കണക്കുകളിൽ ചെലവ് രേഖപ്പെടുത്തി വരുന്നതിനാലാണ് മേൽ സൂചിപ്പിച്ച വ്യത്യാസം ഉണ്ടായത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.52 തീയതി. 29/11/2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കുന്നതിന് നിർവഹണോദ്യോഗസ്ഥയും ജില്ലാ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും നടപടി സ്വീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

34. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതുപോലെ 2,18,43,750.28/- രൂപയുടെ വാങ്ങലുകൾ നടന്നിട്ടില്ലെന്നും അത് ഇൻവോയ്സുകളുടെ ഡ്യൂപ്ലിക്കേഷൻ കാരണമാണ് ഉണ്ടായതെന്നും ഡ്യൂപ്ലിക്കേഷൻ വന്ന ഇൻവോയ്സുകൾ മാറ്റി ഫയൽ കൃത്യമാക്കിയിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. HLL Life Care Ltd. എന്ന സ്ഥാപനത്തിന് ആകെ നൽകാനുള്ള 1,79,46,753.08/- രൂപ നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

35. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന മൂന്ന് സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റുകളും പ്രവർത്തനക്ഷമമാണോ എന്ന് സമിതി ആരാഞ്ഞതിന് കോവിഡ് കാലത്തിനുമുമ്പ് വരെ മൂന്ന് യൂണിറ്റുകളും പ്രവർത്തിച്ചിരുന്നുവെന്നും അതിനുശേഷം രണ്ട് യൂണിറ്റുകൾ പൂർണ്ണമായി പ്രവർത്തനരഹിതമായിയെന്നും കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മുണ്ടൂർ വെൽകെയർ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് ഭാഗികമായി പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി പ്രസ്തുത യൂണിറ്റുകളിൽ പരിശോധന നടത്തിയിരുന്നുവെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

36. ഭാഗികമായി പ്രവർത്തിക്കുന്ന വെൽകെയർ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് നിർമ്മിക്കുന്ന സാനിറ്ററി പാഡിന്റെ വിപണനം വളരെ കുറവാണെന്നും കഴിഞ്ഞ സാമ്പത്തിക വർഷം

വിറ്റുവരവ് ഇനത്തിൽ ലഭിച്ചത് 12,870/- രൂപ മാത്രമാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പൂർണ്ണമായും പ്രവർത്തനരഹിതമായ രണ്ട് യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കാൻ സാധിക്കില്ലേ എന്ന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് പ്രസ്തുത കാര്യം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

37. പ്രസ്തുത യൂണിറ്റുകൾ 5 വർഷമായി പ്രവർത്തനരഹിതമാണെന്നും നാളിതുവരെ അത് പരിഹരിക്കാൻ സാധിച്ചിട്ടില്ലെന്നും യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദേശിച്ചു. പ്രസ്തുത വിഷയത്തിൽ വൈദഗ്ധ്യമുള്ളയാളുടെ സേവനവും ശാസ്ത്രീയമായ പരിശോധനയും ഇല്ലാതെ കൂടുതൽ തുക മുടക്കുന്നത് യുക്തിയല്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. അഭിപ്രായപ്പെട്ടു. ഉൽപ്പന്നം നിർമ്മിച്ച സാഹചര്യത്തിൽ അതിന്റെ വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

38. സാനിറ്ററി നാപ്കിനുകൾ സ്കൂളുകൾക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോ എന്ന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് സാധിക്കുന്നില്ല എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വിതരണം ഇല്ലാത്തതിനാൽ 128 സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീനുകൾ ഉപയോഗശൂന്യമായിട്ടുണ്ടാകാമെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു. സ്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലും ജില്ലാ പഞ്ചായത്ത് മുഖേന സ്ഥാപിച്ച ഇൻസിനേറ്ററുകളും വെൻഡിങ് മെഷീനുകളും ഉപയോഗിക്കാതിരിക്കുന്നതിനാൽ പ്രവർത്തനരഹിതമായിട്ടുണ്ടാകുമെന്ന് സമിതി വിലയിരുത്തി.

39. സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിങ് മെഷിനുകളുടെ നിലവിലെ അവസ്ഥയും പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുപയോഗ സാധ്യതയും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ.യുടെ ഉറപ്പ് സമിതി അംഗീകരിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**40. നിർമ്മിക്കുന്ന ഏത് ഉൽപ്പന്നത്തിന്റേയും വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിങ് മെഷിനുകളുടെ നിലവിലെ അവസ്ഥയും പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുപയോഗ സാധ്യതയും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

# പാലക്കാട് ജില്ല

<u>ഓഡിറ്റ് ഖണ്ഡിക</u>

**മോണിറ്ററിംഗ് സംവിധാനമില്ല–നിർവഹണോദ്യോഗസ്ഥൻ പദ്ധതി ഫണ്ട് ദുരുപയോഗം ചെയ്തു.**

*[തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് 2017–18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]*

2017–18 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ജനറൽ, എസ്.സി.പി. വിഭാഗങ്ങളിലെ വിവിധ ഗുണഭോക്താക്കൾക്ക് വേണ്ടി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പേരിൽ രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. കൃത്യമായി അംഗീകാരം വാങ്ങിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.-യുടെ ഒരേ ബാങ്കിന്റെ രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് മാറ്റിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 92,400/- രൂപ അത്തരത്തിൽ മാറ്റിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ ഒരേ വ്യക്തിക്കു തന്നെ 8,000/- രൂപ അധികം നൽകിയതായും കണ്ടെത്തിയിട്ടുണ്ട്.

- **പ്രോജക്ടുകളുടെ ലക്ഷ്യം –** തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്ത ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷവും വിവിധ കാരണങ്ങളാൽ കക്കൂസ് ഇല്ല എന്ന് കണ്ടെത്തിയ ജനറൽ വിഭാഗത്തിലുള്ള 24 ഗുണഭോക്താക്കൾക്ക് 3,80,000.00/- രൂപയും എസ്.സി വിഭാഗത്തിലുള്ള 13 ഗുണഭോക്താക്കൾക്ക് 15,400/- രൂപ വീതം 2,00,200.00/- രൂപയും വകയിരുത്തി കക്കൂസ് നിർമ്മാണത്തിനായി ധനസഹായം നൽകി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്.

  പ്രോജക്ട് രൂപീകരണം, കക്കൂസ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ മോണിറ്ററിംഗ് ചുമതല കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പിനാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ.) ആണ് നിർവഹണ ഉദ്യോഗസ്ഥൻ.

  13-ാം പദ്ധതിയുടെ മാർഗ്ഗരേഖയിൽ കക്കൂസ് നിർമ്മാണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ സബ്സിഡി തുക നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കക്കൂസ് നിർമ്മാണത്തിനായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനു മുൻപ് സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ മുൻകൂർ അനുവാദം വാങ്ങാതെയും ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ അല്ലാതെയും ആവിഷ്കരിക്കപ്പെട്ട പ്രോജക്ടുകൾ ആയതിനാലാണ് പദ്ധതി നടത്തിപ്പിന്റെ വിശദമായ പരിശോധന നടത്തുവാൻ ഓഡിറ്റ് ലക്ഷ്യമിട്ടത്.

കുടിവെള്ളം, ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് വഴിയല്ല പ്രോജക്ടുകൾ ഉരുത്തിരിഞ്ഞു വന്നത് എന്നും പ്രോജക്ട് നിർവ്വഹണം വർക്കിംഗ് ഗ്രൂപ്പും ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തിയിട്ടില്ല എന്നും കണ്ടെത്തി. 9.06.17 ലെ ഭരണസമിതി തീരുമാനം 1(5) പ്രകാരം പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ (ജനറൽ & എസ്.സി.) കണ്ടെത്തി ആനുകൂല്യം വിതരണം ചെയ്യുന്നതിന് വി.ഇ.ഒ. മാരെ ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത് എന്ന് ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ രേഖകളും ഇല്ല. ഗ്രാമപഞ്ചായത്തിൽ വ്യക്തിഗത കക്കൂസ് ഇല്ലാത്ത സാഹചര്യം നിലവിലുണ്ട് എന്ന് തെളിയിക്കുന്ന അന്വേഷണ റിപ്പോർട്ടും ലഭ്യമല്ല.

ആവശ്യകത വിലയിരുത്താതെയും ഗുണഭോക്താക്കളെ ഉറപ്പാക്കാതെയും ആവിഷ്കരിക്കപ്പെട്ടതിനാൽ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ ഉണ്ടാകുവാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു. പദ്ധതിപ്പണം ട്രഷറിയിൽ നിന്നും പിൻവലിച്ച് വിവിധ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ പദ്ധതികളുടെ നിർവഹണത്തിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടായിട്ടുണ്ട് എന്ന് സംശയിക്കത്തക്ക വിധത്തിൽ ചില പണമിടപാടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർ പരിശോധന നടത്തുകയും ചെയ്തു. ആയതിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

<u>**പ്രോജക്ടുകൾ**</u>

a) **പ്രോജക്ട് നം. 18/18 ("സമ്പൂർണ്ണ കക്കൂസ് നിർമ്മാണം" -ജനറൽ)**

- അടങ്കൽ- 3,80,000/- രൂപ (വികസന ഫണ്ട്- ജനറൽ)
- ചെലവ്- 2,45,200/- രൂപ
- 7 ബില്ലുകളിലായാണ് തുക പിൻവലിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം./തീയതി | തുക |
|---|---|
| 4/18.8.17 | 15,400 |
| 12/27.10.17 | 30,800 |
| 27/20.1.18 | 38,200 |
| 28/23.1.18 | 31,400 |
| 36/7.03.18 | 38,800 |
| 39/13.3.18 | 53,000 |
| 21/6.01.18 | 37,600 |
| **ആകെ** | **2,45,200** |

മേൽ തുകകൾ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി താഴെ പറയും പ്രകാരം 21 ട്രാൻസാക്ഷനുകൾ നടത്തിയിട്ടുണ്ട്.

11 X 15400 = 1,69,400/-

7 X 7400 = 51,800/-

3 X 8000 = 24,000/-

b) **പ്രോജക്റ്റ് നം. 120/18 ("സമ്പൂർണ്ണ കക്കൂസ് നിർമ്മാണം" -എസ്.സി.പി.)**

- അടങ്കൽ- 2,00,200/- രൂപ (വികസനഫണ്ട്- എസ്.സി.പി)
- ചെലവ്- 2,00,200/- രൂപ
- 5 ബില്ലുകളിലായാണ് തുക പിൻവലിച്ചിട്ടുള്ളത്.

| ട്രഷറി ബിൽ നം./തീയതി | തുക |
|---|---|
| 13/27.10.17 | 7,400 |
| 18/6.1.18 | 22,800 |
| 25/20.1.18 | 30,200 |
| 42/21.03.18 | 46,200 |
| 45/ 28.3.18 | 93,600 |
| **ആകെ** | **2,00,200** |

മേൽ തുകകൾ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി താഴെ പറയും പ്രകാരം 20 ട്രാൻസാക്ഷനുകൾ നടത്തിയിട്ടുണ്ട്.

6 X 15,400 = 92,400/-

7 X 7,400 = 51,800/-

7 X 8,000 = 56,000/-

**ലഭ്യമാക്കിയ രേഖകളുടെ പരിശോധനാ വിവരങ്ങൾ**

ലഭ്യമാക്കിയ എല്ലാ രേഖകളും ഓഡിറ്റിൽ പരിശോധിച്ചു. ഇതിൽ ചില ഗുണഭോക്താക്കളുടെ എഗ്രിമെന്റ്, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളടങ്ങിയ പാസ്ബുക്കിന്റെ ആദ്യ പേജ് പകർപ്പ്, തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയ രേഖകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ക്യാഷ് ബുക്ക്, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ചേർത്തിട്ടുള്ള അക്വിറ്റൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

ഓരോ ഗുണഭോക്താവും പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കി എന്നു വിലയിരുത്തുന്നതിനാവശ്യമായ ഒരു രേഖയും ലഭ്യമല്ല. പ്രവൃത്തികൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

പദ്ധതിപ്പണം പിൻവലിച്ച് വിവിധ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വ്യത്യസ്തമായ പേരുകളിൽ തുകകൾ കൊല്ലങ്കോട് എസ്.ബി.ഐ. ശാഖയിലുള്ള 67248236471, 20304927204 എന്നീ രണ്ട് അക്കൗണ്ടുകളിലേക്ക് പല തവണ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിൽ നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ. ക്കും സെക്രട്ടറിക്കും വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം. 4/26.10.18) നൽകി.

ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലങ്കോട് എസ്.ബി.ഐ. ശാഖയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് അന്വേഷണം നടത്തിയപ്പോൾ മേൽ പറഞ്ഞ രണ്ടു അക്കൗണ്ടുകളും നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ. ലാലു. കെ. യുടെ വ്യക്തിഗത അക്കൗണ്ടുകളാണെന്ന് കണ്ടെത്തി. ഒരേ ബാങ്കിൽ ശ്രീ. ലാലുവിന് എങ്ങനെയാണ് രണ്ട് അക്കൗണ്ടുകൾ ഒരേ പേരിൽ തുടങ്ങാനായത് എന്നും വ്യക്തമാകുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**എ) പ്രോജക്ട് നം. 18/18**

| ബിൽ നം., തീയതി, ബിൽ തുക | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്ക് ഐ.എഫ്. എസ്.സി. കോഡ് | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| 28/23.1.18 – 31400 | ധന്യ എസ്. | 67248236471 | SBIN00 18319 | 15,400 |
| 36/7.03.18 – 38800 | വള്ളി എസ്. | 67248236471 | SBIN00 18319 | 15,400 |
| 39/13.3.18 – 53000 | ധന്യ എസ്. | 67248236471 | SBIN00 18319 | 15,400 |
| 39/13.3.18 – 53000 | വേലായുധൻ | 20304927204 | SBIN00 18319 | 15,400 |
| | | | **ആകെ** | **61,600** |

**ബി) പ്രോജക്ട് നം. 120/18**

| ബിൽ നം., തീയതി, ബിൽ തുക | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്ക് ഐ.എഫ്. എസ്.സി. കോഡ് | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| 45/28.3.18 – 93600 | ധന്യ എസ്. | 67248236471 | SBIN00 18319 | 8,000 |
| 42/21.03.18 – 46200 | ധന്യ എസ്. | 67248236471 | SBIN00 18319 | 7,400 |
| 42/21.03.18 – 46200 | വേലായുധൻ | 20304927204 | SBIN00 18319 | 15,400 |
| | | | **ആകെ** | **30,800** |
| | | | **ഒട്ടാകെ** | **92,400** |

ധന്യ എസ്., വള്ളി എസ്. എന്നീ പേരുകളിലുള്ള ഗുണഭോക്താക്കളുടെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ളത് 67248236471 എന്ന അക്കൗണ്ട് നമ്പറാണ്. വേലായുധൻ എന്നയാളുടെ പേരിൽ 20304927204 എന്ന മറ്റൊരു അക്കൗണ്ട് നമ്പറും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട്

അക്കൗണ്ടുകളും ലാലു കെ., വി.ഇ.ഒ. യുടെ പേഴ്സണൽ അക്കൗണ്ടുകളാണെന്ന് കൊല്ലങ്കോട് എസ്.ബി.ഐ. ശാഖാ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

ഇല്ലാത്ത ഗുണഭോക്താക്കളുടെ പേര് രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് 92,400/- രൂപ മാറ്റിയതായി ഓഡിറ്റിന് ലഭ്യമാക്കിയ തെളിവുകളിൽ നിന്നും ബോധ്യപ്പെട്ടു.

**(സി)** മേൽ പറഞ്ഞ അപാകതകൾ കൂടാതെ സുനിത.ആർ, W/O രമേഷ്.ടി, ആലച്ചൻകാട് എന്ന ഗുണഭോക്താവിന് 8,000/- രൂപ അധികം നൽകിയിട്ടുണ്ട്.

| ബിൽ ആകെ തുക, ബിൽ നം. | ഗുണഭോ ക്താവിന്റെ പേര് | അക്കൗണ്ട് നം. | ബാങ്ക് ഐ.എഫ്. എസ്.സി. കോഡ് | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|---|---|
| ബിൽ നം 21/6.01.18 – 37,600 | സുനിത ആർ. | 0745101050609 | CNRB0000745 | 7,400 |
| ബിൽ നം 28/23.1.18 – 31,400 | സുനിത ആർ. | 0745101050609 | CNRB0000745 | 8,000 |
| ബിൽ നം 36/7.03.18 – 38,800 | സുനിത ആർ. | 0745101050609 | CNRB0000745 | 8,000 |

ബിൽ നം. 21, 28 പ്രകാരം നൽകിയ തുകകൾ ഗുണഭോക്താവിന് നൽകേണ്ട ആനുകൂല്യം ആണ്. ബിൽ നം. 36 പ്രകാരം നൽകിയ തുക 8,000/- രൂപ അധികം നൽകിയതായതിനാൽ ആയത് അംഗീകരിക്കാവുന്നതല്ല.

### നിർവഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം

ഓഡിറ്റ് അന്വേഷണത്തിന് 30.10.18 ന് മറുപടി നൽകിയിട്ടുണ്ട്. താൻ നടപ്പിലാക്കിയ 'കക്കൂസ് നിർമ്മാണം" പദ്ധതികളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പണാപഹരണം നടത്തിയ 92,400/- രൂപയും അധികം നൽകിയ 8,000/- രൂപയും ചേർത്ത് 1,00,400/- രൂപ പഞ്ചായത്തിൽ അടച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ക്രമക്കേടുകൾ ഉണ്ടാകാനിടയായതിന് മറ്റ് വിശദീകരണങ്ങളൊന്നും തന്നെ മറുപടിയിൽ ഇല്ല.

### തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് നിർവഹണ ഉദ്യോഗസ്ഥൻ താഴെ പറയും പ്രകാരം 1,00,400/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

| രസീതി നം./തീയതി | തുക | അക്കൗണ്ട് |
|---|---|---|
| 118010102190/29.10.18 | 85,000 | പഞ്ചായത്ത് ഫണ്ട് |
| 118010102191/30.10.18 | 15,400 | പഞ്ചായത്ത് ഫണ്ട് |
| **ആകെ** | **1,00,400** | |

കെ.എഫ്.സി. വാല്യം 1 ലെ ആർട്ടിക്കിൾ 303 എ, സ.ഉ(പി)നം.282/13/ഫിൻ തിയതി 12-06-2013 എന്നിവ പ്രകാരം നഷ്ടമായി കണക്കാക്കുന്ന തുക തിരികെ ഈടാക്കുമ്പോൾ നിശ്ചിത ശതമാനം പലിശ ഈടാക്കേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം**

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലാലു കെ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് | ധന്യം, കിണാശ്ശേരി, പാലക്കാട്-678701 |

**ഓഡിറ്റ് നിഗമനവും ശിപാർശയും**

പദ്ധതി മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതികൾ ആവിഷ്കരിച്ചതിനാലും മോണിറ്ററിംഗ് നടത്തുന്നതിലുണ്ടായ വീഴ്ചയുമാണ് ക്രമക്കേടിലേക്ക് വഴിതെളിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി ആസൂത്രണ, നിർവഹണ, വിലയിരുത്തൽ പ്രക്രിയകളിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടില്ല. പദ്ധതി ആസൂത്രണത്തിലേയും നടത്തിപ്പിലേയും വിലയിരുത്തലിലെയും അപാകതകളും വീഴ്ചയും ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വി.ഇ.ഒ. നിർവഹണം നടത്തിയ എല്ലാ പദ്ധതികളിലൂടെയും ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ അർഹത, പദ്ധതി പൂർത്തീകരണം എന്നിവ സമഗ്രമായ അന്വേഷണം നടത്തുന്നതിനും ടിയാനെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടിയാൻ തിരിച്ചടച്ച 1,00,400/- രൂപ ഒഴികെ ബാക്കി തുകയായ 3,45,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

41. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ. ശ്രീ. ലാലു കെ., 2017-18 ൽ നടത്തിയ ക്രമക്കേടുമായി ബന്ധപ്പെട്ട് ടിയാൻ പഞ്ചായത്തിൽ പലിശ ഇനത്തിൽ തിരികെ അടവാക്കേണ്ടിയിരുന്ന 36,144/- രൂപ അടവാക്കിയിട്ടുണ്ടെന്നും പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി (District Planning Committee) യുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും പദ്ധതി മാർഗരേഖയിലെ നടപടിക്രമങ്ങൾ അനുസരിച്ചാണ് പദ്ധതികൾ നടപ്പിലാക്കേണ്ടതെന്ന

നിർദേശം നിലവിൽ പാലിക്കുന്നുണ്ടെന്നും തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

42. മേൽ സൂചിപ്പിച്ച വി.ഇ.ഒ. നിർവഹണം നടത്തിയ എല്ലാ പദ്ധതികളുടെയും ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ അർഹത, പദ്ധതി പൂർത്തീകരണം എന്നിവയിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് ജില്ലാതലത്തിൽ ഒരു ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. സമിതിക്ക് ഉറപ്പ് നൽകി.

43. സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ ആവിഷ്കരിച്ച പദ്ധതിയുടെ ഗുണഭോക്താക്കൾ ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ടവർ അല്ലാത്തതിനാലാണ് അന്വേഷണം ആവശ്യപ്പെട്ടതെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് തെറ്റ് സംഭവിച്ചിട്ടില്ലെന്നും പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നൽകാൻ പാടില്ലായിരുന്നുവെന്നും മാർഗരേഖക്ക് വിരുദ്ധമായ പദ്ധതികൾ ഡി.പി.സി.യിൽ വന്നാൽ അവ നിരാകരിക്കുകയോ സംസ്ഥാനതല കമ്മിറ്റിക്ക് കൈമാറുകയോ ചെയ്യണമായിരുന്നുവെന്നും സമിതി വിലയിരുത്തി. പ്രസ്തുത കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & എസ്.പി.എ.ഒ. ശരിവെക്കുകയും നിരവധി തവണ അത് ചർച്ച ചെയ്തിട്ടുണ്ടെന്ന് സമിതിയെ ബോധിപ്പിക്കുകയും ചെയ്തു.

44. പ്രസ്തുത വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ടത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ ക്രമക്കേടുകൾ നടന്നതുകൊണ്ടാണ് അന്വേഷണം ആവശ്യപ്പെട്ടതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി. ഗുണഭോക്താക്കളുടേതായി രേഖപ്പെടുത്തിയിരുന്ന രണ്ട് ബാങ്ക് അക്കൗണ്ട് നമ്പരുകൾ വി.ഇ.ഒ.-യുടെ പേഴ്സണൽ അക്കൗണ്ടുകളാണെന്ന് ബാങ്ക് മാനേജർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് വി.ഇ.ഒ. പണാപഹരണം നടത്തിയ തുക പഞ്ചായത്തിൽ തിരിച്ചടച്ചതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ വെളിപ്പെടുത്തി.

45. വിശദമായ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**46. സർക്കാർ മാർഗരേഖക്ക് വിരുദ്ധമായ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.പി.സി.യിൽ വന്നാൽ അവ നിരാകരിക്കുകയോ സംസ്ഥാനതല കമ്മിറ്റിക്ക് കൈമാറുകയോ ചെയ്യണമെന്ന് സമിതി കർശനമായി നിർദേശിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥൻ നടത്തിയ എല്ലാ പദ്ധതികളും സംബന്ധിച്ച് വിശദമായ പരിശോധന**

നടത്തുന്നതിന് ജില്ലാതലത്തിൽ ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അന്വേഷണം പൂർത്തീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ടി. പി. രാമകൃഷ്ണൻ,

അധ്യക്ഷൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2025 മാർച്ച് 20.

## അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും തുടർശിപാർശകളും

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ | |
|---|---|---|---|---|
| 1. | 5 | തദ്ദേശസ്വയംഭരണ വകുപ്പ് | 5. | ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ, വാങ്ങലുകൾ എന്നിവ സംബന്ധിച്ച് കോട്ടയം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിവരുന്ന അന്വേഷണം അടിയന്തരമായി പൂർത്തിയാക്കണമെന്നും വിജിലൻസ് സമർപ്പിക്കുന്ന റിപ്പോർട്ടിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു. |
| 2. | 7 | തദ്ദേശസ്വയംഭരണ വകുപ്പ് | 7. | വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദേശിക്കുന്നു. |
| 3. | 19, 20 | തദ്ദേശസ്വയംഭരണ വകുപ്പ് | 19. | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.ടി.) എന്ന സ്ഥാപനം ഫർണിച്ചർ നിർമ്മിക്കുന്നതിനായി രൂപീകരിച്ചതാണെന്നും പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയത് ശരിയല്ലെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്ഥാപനത്തിന് പലിശ ഒഴിവാക്കി കൊടുക്കാനുള്ള അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് നൽകണമെന്നും കെട്ടിടത്തിന്റെ പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും സമിതി നിർദേശിക്കുന്നു. |
| | | | 20. | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.ടി.) എന്ന സ്ഥാപനം ഫർണിച്ചർ നിർമ്മിക്കുന്നതിനായി രൂപീകരിച്ചതാണെന്നും പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയത് ശരിയല്ലെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്ഥാപനത്തിന് പലിശ ഒഴിവാക്കി കൊടുക്കാനുള്ള അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് നൽകണമെന്നും കെട്ടിടത്തിന്റെ പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും സമിതി നിർദേശിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4. | 24 | തദ്ദേശസ്വയംഭരണ വകുപ്പ് | 24. | തീപ്പിടുത്തം നിയന്ത്രിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കി ജനറേറ്റർ സൂക്ഷിക്കുന്നതിനുള്ള സംരക്ഷണ കവചം പുനഃസ്ഥാപിച്ചതിനു ശേഷം ആയത് സംബന്ധിച്ച റിപ്പോർട്ട് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 5. | 29 | തദ്ദേശസ്വയംഭരണ വകുപ്പ് | 29. | ഓഡിറ്റ് പരാമർശത്തിൻമേൽ ബന്ധപ്പെട്ട വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6. | 33 | തദ്ദേശസ്വയംഭരണ വകുപ്പ് | 33. | വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കുടിശ്ശികയിനത്തിൽ സീഡ് ഫാമുകളിൽനിന്നും ലഭിക്കാനുള്ള തുക സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 7. | 40 | തദ്ദേശസ്വയംഭരണ വകുപ്പ് | 40. | നിർമ്മിക്കുന്ന ഏത് ഉൽപ്പന്നത്തിന്റേയും വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിങ് മെഷിനുകളുടെ നിലവിലെ അവസ്ഥയും പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുപയോഗ സാധ്യതയും പരിശോധിച്ച് വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 8. | 46 | തദ്ദേശസ്വയംഭരണ വകുപ്പ് | 46. | സർക്കാർ മാർഗരേഖക്ക് വിരുദ്ധമായ പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.പി.സി.യിൽ വന്നാൽ അവ നിരാകരിക്കുകയോ സംസ്ഥാനതല കമ്മിറ്റിക്ക് കൈമാറുകയോ ചെയ്യണമെന്ന് സമിതി കർശനമായി നിർദേശിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിർവഹണോദ്യോഗസ്ഥൻ നടത്തിയ എല്ലാ പദ്ധതികളും സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിന് ജില്ലാതലത്തിൽ ഇൻസ്പെക്ഷൻ ടീം രൂപീകരിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത അന്വേഷണം പൂർത്തീകരിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |

അനുബന്ധം II

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2018-19-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 1 -ലെ കോട്ടയം, പാലക്കാട് ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി വിശദീകരണ പത്രിക**

| ഖണ്ഡിക നമ്പർ | വിഷയം | നടപടി വിവരം |
|---|---|---|
| | **കോട്ടയം ജില്ല** | |
| 1 | **മണർകാട് ഗ്രാമപഞ്ചായത്ത്**<br>ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾ. പൊതുപണത്തിന്റെ ദുർവ്യയം 34.38,095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>നടപ്പാക്കിയ പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.<br><br>**A )** 098/18. മണർകാട് ഓഫീസ് സംവിധാനപരിപാലനം<br>**B )** 099/15 (സ്പിൽ ഓവർ), ISO നിലവാരം ഓഫീസ് റൂം, ഹെൽപ്ഡെസ്ക് ഫ്രണ്ടോഫീസ് ഫർണിഷിംഗ്<br>**C)** 100/18 (സ്പിൽഓവർ), സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അംഗങ്ങളുടെ മുറികളുടെ ക്യാബിൻ നിർമ്മാണം, റൂം ഫർണിഷിംഗ്<br>**D)** 101/18 (സ്വിൽഓവർ), പഞ്ചായത്തോഫീസ് ഐ.എസ്.ഒ നിലവാരം ആക്കുന്നതിന്റെ ഭാഗമായി ഫ്രണ്ടോഫീസ് ബാത്ത് റൂം, ഷെൽട്ടർ, സ്റ്റെയർകേസ്, എമർജൻസി എക്സിറ്റ്<br>**E)** 102/18 (സ്വിൽഓവർ), ഐ.എസ്.ഒ നിലവാരത്തോട നുബന്ധിച്ച് സി. സി.റ്റി.വി, ട്രിപ്പിൾ എൽ.ഇ.ഡി.റ്റി.വി എന്നിവയുടെ സംവിധാന പരിപാലനം | ഗ്രാമപഞ്ചായത്തിൽ ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നടപ്പാക്കിയ 14 പ്രോജക്ടുകളിലായി ചെലവഴിച്ച 34,38,095/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും<br>" പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരടങ്ങിയ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് അടിയന്തിരമായി വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള മരാമത്ത് പ്രവർത്തികളുടെ അളവ് പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി KADCO/RAIDCO സ്ഥാപനങ്ങളുടെ ഇൻവോയിസുമായി താരതമ്യം നടത്തി, ചെയ്ത പ്രവർത്തികളുടെയും ചെലവായ തുകകളുടെയും കൃത്യത ഉറപ്പാക്കേണ്ടതാണ് " എന്നുള്ള സമാഹൃത റിപ്പോർട്ടിലെ നിർദ്ദേശാനുസരണം പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരടങ്ങിയ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ പരാമർശ നിർമ്മാണ പ്രവർത്തികൾ, വാങ്ങലുകൾ എന്നിവ സംബന്ധിച്ച് കോട്ടയം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം വരികയാണെന്നും ആയതിനാൽ മേൽ റിപ്പോർട്ടിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | **F)** 103/18 (സ്പിൽഓവർ), പഞ്ചായത്ത് ഓഫീസ് പാനലിംഗ്<br>**G)** 104/15 (സ്പിൽഓവർ), പഞ്ചായത്തോഫീസ് പെയിന്റിംഗ്, സീലിംഗ്<br>**H)** 107/15 (സ്പിൽഓവർ), ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി നവീകരണപ്രവർത്തനങ്ങൾ<br>**I)** 109/18 (സ്പിൽഓവർ), ഐ.എസ്.ഒ യുടെ ഭാഗമായി ഡൈനിംഗ് റൂം സീലിംഗ്, ഡൈനിംഗ് ടേബിൾ, കസേരകൾ, കബോർഡ് എന്നിവയുടെ പരിചരണം<br>**J)** 276/18 (പുതിയത്) ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി പെയിന്റിംഗ്; സ്റ്റെയിൻലെസ് സ്റ്റീൽബോർഡ്, ഫ്ലോർടൈലിംഗ്, ഗ്രൗണ്ട് ഫ്ലോർ<br>**K)** 299/18 (പുതിയത്) പഞ്ചായത്ത് ഓഫീസ് ഫ്ലോറിംഗ്<br>**L)** 301/18 (പുതിയത്) ഐ.എസ്.ഒ യുടെ ഭാഗമായി ഫയൽ ക്രമീകരണത്തിന് റാക്കുകൾ, ബോക്സുകൾ, ഫയൽ കവറുകൾ എന്നിവ വാങ്ങൽ | പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. പരാമർശ വിഷയത്തിൽ വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹു. സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു. |
| **2** | **<u>കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്</u>**<br>**<u>വാടക കുടിശിക – 5.44 ലക്ഷം രൂപയുടെ ഡിമാന്റ് അനധികൃതമായി ഒഴിവാക്കി</u>**<br>പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശിക വാടക ഡിമാന്റിൽ 2017-15 വർഷത്തിൽ അക്കൗണ്ടിംഗ് ക്രമീകരണം നടത്തിയതിനാൽ ഡിമാന്റിൽ 5,44,216/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നതിനാൽ ആരൊക്കെയാണ് കുടിശിക ഒടുക്കാനവശേഷിക്കുന്നതെന്ന് വ്യക്തമല്ല. 2017-18 വർഷത്തിൽ പഞ്ചായത്ത് ഫണ്ടിലെ വാടക കുടിശിക 8,84,316/- രൂപയായിരുന്നു. എന്നാൽ തൻവർഷം 01.04.2017 ലെ 41700452 നം. ജേർണൽ വാച്ചറിലൂടെ 5,44,216/- രൂപ 280200101-Period Income-Rent from Building | 2018-19 വർഷം അരിയർ ഡിമാൻഡ് രജിസ്റ്റർ മുൻവർഷങ്ങളിലേതുൾപ്പെടെ പരിശോധിച്ചതിൽ ഇത്രയും വലിയ തുക യഥാർത്ഥത്തിൽ ഇല്ലാത്തതും മുൻവർഷങ്ങളിൽ സാംഖ്യയിൽ തെറ്റായി നല്കിയ ഡിമാൻഡ് പ്രകാരമാണ് വലിയ തുക കുടിശ്ശികയായി കാണിച്ചിരിക്കുന്നതെന്നും കൃത്യമല്ലാത്ത ഡിമാൻഡ് യഥാർത്ഥത്തിലുള്ള ഡിമാൻഡിലേക്ക് എത്തിക്കുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും യഥാർത്ഥത്തിൽ ലഭിക്കാനുള്ള വാടകകുടിശ്ശിക നിലനിർത്തിയാണ് 2017-18 ൽ അക്കൗണ്ടിംഗ് ക്രമീകരണം നടത്തിയതെന്നും ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ലാത്തതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | എന്ന റവന്യൂ ശീർഷകത്തിലേക്ക് മാറ്റി അക്കാണ്ട് ചെയ്തതിനാൽ ഡിമാന്റ് തുക 40,100/- രൂപയായി. പഞ്ചായത്ത് വക കെട്ടിടങ്ങളിലെ കുത്തകക്കാരുടെ മുൻവർഷങ്ങളിലെ വാടക കുടിശികയിൽ മാറ്റം വരുത്തിയത് അകൗണ്ടിംഗ് ക്രമക്കേടാണ്. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെ വാടക ഒടുക്കാതെ കുത്തകക്കാരൻ 2017-18 വർഷത്തിൽ തുടരുന്നുണ്ടോ എന്ന വിവരവും ലഭ്യമല്ല.<br>സർക്കാർ അനുമതിയില്ലാതെ മുൻ വർഷങ്ങളിലെ വാടക കുടിശിക ഡിമാന്റിൽ ക്രമീകരണം വരുത്തി പഞ്ചായത്തിന് ലഭിക്കേണ്ട 5,44,216/- രൂപ ഒഴിവാക്കി നൽകിയത് അക്കൗണ്ടിംഗിലെ ക്രമക്കേടാണ്. | മേൽ വിഷയത്തിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിലെ വിവരങ്ങളും ഡിജിറ്റലായി രേഖപ്പെടുത്തിയ വിവരങ്ങളും സംബന്ധിച്ച് റീകൺസിലിയേഷൻ നടത്തി ആയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടും രേഖകളും ജില്ലാ ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്. |
| 3 | **<u>മണിമല ഗ്രാമപഞ്ചായത്ത്</u>**<br>**<u>പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ ചെലവഴിക്കാതെ സർക്കാർ കമ്പനിയിൽ ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നു</u>**<br>ജാതി കോളനിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പട്ടികജാതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "സ്വയം പര്യാപ്ത ഗ്രാമം"<br>16-3- 2013 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 84,55,311/- രൂപ അടങ്കലുള്ള കമ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്, "സ്വയം പര്യാപ്ത ഗ്രാമം" പദ്ധതിയിൽ ഉൾപ്പെട്ട 45,15,747/- രൂപയിൽ അധികമായി വരുന്ന തുക 39,35,564/- രൂപ പഞ്ചായത്തിന്റെ എസ്.സി.പി വിഹിതത്തിൽ നിന്നും നല്കുന്നതിന് തീരുമാനിക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി വികസന ഫണ്ട് (എസ്.സി.പി) 11,064,024/- രൂപയും (ഡി.ഡി നം. 023775 തീ 9-4-13) സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി എസ്.സി.പി വിഹിതത്തിൽ നിന്നും 20,00,000/- രൂപ (ഡി.ഡി നം.950140/8- | മണിമല ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പൊന്തൻപുഴ പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി പഞ്ചായത്ത് വിഹിതമായി വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും 39,35,564/ രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2012-13, 2013-14 വർഷങ്ങളിലായി 31,64,024/- രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന്റെ(എഫ് ഐ റ്റി) കൈമാറിയിട്ടുള്ളതാണ്. എന്നാൽ ഈ തുകയ്ക്കുള്ള യാതൊരു പ്രവർത്തിയും എഫ്. ഐ റ്റി നിർവ്വഹിച്ചിട്ടില്ലെന്നുള്ള ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഡെപ്പോസിറ്റ് ചെയ്ത തുകയും 18% പലിശയും സഹിതം 77,20,218/- രൂപ അടയ്ക്കണമെന്ന് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ കമ്പനിയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത മുതൽ തുക മാത്രം തിരികെ അടവാക്കാൻ അനുവദിക്കണമെന്നുള്ള കമ്പനിയുടെ ആവശ്യം |

| | | |
|---|---|---|
| | 11-13) യും സഹിതം ആകെ 31,64, 024/- രൂപ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 20 ലക്ഷം രൂപ ക്രമീകരിക്കാത്ത മുൻകൂറായി 2017-18 വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>പ്രസ്തുത കമ്മ്യൂണിറ്റിഹാൾ നേരിൽ പരിശോധിച്ചതിൽ പട്ടികവർഗ്ഗവകുപ്പ് അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടം നിർമ്മിച്ച് വരുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. 84,55,311/- രൂപ അടങ്കലോട്ടുകൂടിയതും മുകൾ നിലയിൽ റൂഫിംഗോട്ടു കൂടിയതുമായ, പഞ്ചായത്ത് ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്ലാൻ ഉപേക്ഷിച്ച നിലയിലാണ്. നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് തയ്യാറാക്കിയ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവക്ക് പട്ടികജാതി വകുപ്പ് ഭരണാനുമതിയോ സാങ്കേതിക അനുമതിയോ നല്കിയിട്ടില്ല. പട്ടികജാതി വകുപ്പുമായി സംയോജിത പദ്ധതി പോലും തയ്യാറാക്കാതെ, പഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് തുക നല്കിയ പഞ്ചായത്ത് തീരുമാനം ക്രമവിരുദ്ധമാണ്. | പഞ്ചായത്ത് നിരസിക്കുകയും തുടർന്ന് കമ്പനി ബഹു. കേരള ഹൈക്കോടതിയിൽ W.P(C)No 15979 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ഇടക്കാല ഉത്തരവായി RR നടപടികൾ 16.11.2023 വരെ സ്റ്റേ ചെയ്തിരുന്നതാണ്. ഈ വിഷയത്തിൽ ബഹു കോടതി മറ്റ് ഉത്തരവുകളൊന്നും പുറപ്പെടുവിക്കാത്തതിനെതുടർന്ന് ഗ്രാമപഞ്ചായത്ത് ആരംഭിച്ച റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിക്കണമെന്ന് കാണിച്ച് എഫ് ഐ റ്റി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കമ്പനി പ്രതിനിധികളേയും പഞ്ചായത്ത് അധികൃതരേയും ഉൾപ്പെടുത്തി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് സർക്കാർ തലത്തിലും ചർച്ച നടത്തി വിഷയം പരിശോധിച്ചിട്ടുണ്ട്. പഞ്ചായത്ത് എഫ്.ഐ.റ്റി യ്ക്ക് നൽകിയ തുകയ്ക്ക് തത്തുല്യമായ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുകയോ, ഫർണ്ണിച്ചർ സപ്ലൈ ചെയ്യുകയോ ചെയ്യാമെന്ന് എഫ്.ഐ.റ്റി ചെയർമാൻ പ്രസ്തുത യോഗത്തിലും നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതേ സമയം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം പലിശ ഒഴിവാക്കി തരണമെന്ന് തന്നെയാണ് ചെയർമാൻ ആവർത്തിച്ചാവശ്യപ്പെട്ടിരിക്കുന്നത്.<br>പ്രസ്തുത വിഷയം അതിന്റെ എല്ലാ സമഗ്രതയിലും പരിശോധിച്ച് വരികയാണ്. അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് നടപടി റിപ്പോർട്ട് സമർപ്പിക്കുകയാണെന്നുള്ള വിവരം ബഹു. സമിതി മുമ്പാകെ അറിയിക്കുന്നു. |
| 4 | **ഏറ്റുമാനൂർ മുനിസിപ്പാലിറ്റി**<br>78.74 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കപ്പെട്ട ഗ്യാസ് | |

| | | |
|---|---|---|
| | <u>ക്രിമറ്റോറിയം പ്രവർത്തനക്ഷമമല്ല.</u> | |
| a) | <u>പൂർത്തീകരിച്ചിട്ടില്ലാത്ത കെട്ടിടവും പരിസരവും കാട് പിടിച്ച് സുഗമമായ പ്രവേശനത്തിന് തടസ്സമാകുന്ന നിലയിൽ</u><br>എസ്റ്റിമേറ്റിലുൾപ്പെട്ട് പ്ലാസ്റ്ററിംഗ്, കതകുകളും ജനാലകളും ഘടിപ്പിക്കൽ, ടൈൽപാകൽ, പ്ലംബിംഗ് തുടങ്ങിയ സംവിധാനങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. ഗ്യാസ് ക്രിമറ്റോറിയത്തിനുവേണ്ടി 49,83,549/- രൂപ ചെലവഴിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടവും പരിസരവും കാട് പിടിച്ചും മറ്റ് പാഴ്വസ്തുക്കളുടെയും സാന്നിദ്ധ്യംകൊണ്ട വൃത്തിഹീനമായ അവസ്ഥയിലുമാണ്. | പരാമർശ പദ്ധതി നടപ്പിലാക്കുന്നതിന് KLGSDP നേരിട്ട് ഏജൻസികളെ തിരഞ്ഞെടുക്കുകയും ടി ഏജൻസി Socio economic unit Foundation തയ്യാറാക്കിയ DPR എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാതല സാങ്കേതിക സമതിയാണ് അനുമതി നൽകിയത്. ഭൂമിയുടെ കിടപ്പ് അനുസരിച്ചുള്ളതും സെല്ലാർ ഫ്ളോർ നിർമ്മിക്കുന്നതിന് ആവശ്യമായ എർത്ത് കട്ടിംഗ് ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ നിർവ്വഹണ സമയത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനെ തുടർന്നുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി Retaining wall ഉൾപ്പെടുത്തിയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഉൾപ്പെടെ തയ്യാറാക്കേണ്ട സാഹചര്യം വന്നതിനാൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ തടസ്സമുണ്ടായി. തുടർന്നുണ്ടായ ഫണ്ട് ലഭ്യതയുടെ അഭാവം തുടർ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ആയതുമൂലം ഭാഗികമായാണ് നിർമ്മാണം നടത്തി വന്നിരുന്നത്. തുടർന്ന് നിർമ്മാണം പുനഃരാരംഭിക്കുന്നതിന് മുമ്പായി കാടും പരിസരവും വൃത്തിയാക്കിയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| b) | <u>**ഗ്യാസ് ഫർണസ് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിക്കാതെ തുക പൂർണ്ണമായും അനുവദിച്ചു**</u><br>എസ്റ്റിമേറ്റിലെ അപ്പന്റിക്സ് (സി) പ്രകാരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പ്രധാനഘടകമായ ഗ്യാസ് ഫർണസ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി ആകെ 22,50,000/- രൂപ വകയിരുത്തിയിരുന്നതിൽ 21,80,640/- രൂപ ചെലവഴിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ്, കേരള ലിമിറ്റഡുമായി 17-6-17-ൽ കരാർ വയ്ക്കുകയും മുൻകൂറായി | ഗ്യാസ് ഫർണസ്, ചേമ്പർ, ചിമ്മിനി എന്നിവ സ്ഥാപിക്കുകയും ആയതിന്റെ കണക്ഷൻ കെട്ടിട നിർമ്മാണം, വൈദ്യുതി കണക്ഷൻ എന്നിവ പൂർത്തീകരിക്കാത്തതിനാൽ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാൻ സാധിച്ചിട്ടില്ല. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുന്നതിനാലാണ് നിർമ്മാണ ഏജൻസിക്ക് മുഴുവൻ തുകയും ഫണ്ട് നഷ്ടമാകാതെ കൈമാറിയത്. നിലവിൽ വൈദ്യുതി കണക്ഷൻ വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാക്കി കെട്ടിടം പ്രവർത്തന സജ്ജമാക്കി 30.10.2020-ൽ ഉത്ഘാടനം |

| | | |
|---|---|---|
| | സ്ഥാപനത്തിന് 5,78,790/- രൂപ അനുവദിച്ച് നൽകുകയും ചെയ്തു. പ്രവൃത്തി നിർവ്വഹണത്തിന്റെ ഭാഗമായി ഗ്യാസ്ബർണർ, ചേമ്പർ, അനുബന്ധ സാമഗ്രികൾ, സ്റ്റീൽബഡ്, നിർഗ്ഗമനക്കുഴൽ എന്നിവ സ്ഥാപിച്ച ഇനത്തിൽ 16,01,850/- രൂപയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഭൗതിക പരിശോധനയിൽ ഗ്യാസ് ബർണർ, മൃതദേഹം കിടത്തുന്നതിനുള്ള സ്റ്റീൽബെഡ്, പ്രധാന നിർഗ്ഗമനക്കുഴലിലേക്കുള്ള കണക്ഷൻ പൈപ്പുകൾ, മറ്റ് അനുബന്ധസാമഗ്രികൾ എന്നിവയൊന്നും ഘടിപ്പിക്കാതെ ചേമ്പർമാത്രം തുറസ്സായ കെട്ടിടത്തിൽ വച്ചിരിക്കുന്നതായി കണ്ടു. ചുറ്റുമതിലോ, കതകുകളും വാതിലുകളും ഉൾപ്പെടെയുള്ള സംരക്ഷണ സംവിധാനങ്ങളോ കെട്ടിടത്തിന് ഇല്ലാത്തതിനാലാണ് ഇവയൊന്നും സ്ഥാപിച്ചിട്ടില്ലാത്തതെന്ന് നഗരസഭാ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള തുകയാണ് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ളത്. | നടത്തിയിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ്, കേരള ലിമിറ്റഡിന് മുൻകൂറായി തുക അനുവദിച്ചതിലൂടെ പലിശ ഇനത്തിൽ ഭീമമായി തുക സർക്കരിന് നഷ്ടം വന്നിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ ഈ വീഴ്ച സർക്കാർ ഗൗരവമായി കാണുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്. |
| c) | **വൈദ്യുതീകരണം**<br>വൈദ്യുതീകരണത്തിനായി തൻവർഷം 7,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. | |
| (i) | **ആവശ്യാധിഷ്ഠിതമല്ലാതെ പ്രവൃത്തി ഇനങ്ങൾ അധികമായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി**<br>എല്ലാ പ്രവൃത്തി ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആദ്യ എസ്റ്റിമേറ്റിലെ അപ്പന്റിക്സ് ഡി പ്രകാരം വൈദ്യുതീകരണത്തിനായി 2,92,554/- രൂപയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ വൈദ്യുതീകരണത്തിയായി തയ്യാറാക്കപ്പെട്ട ഒറിജിനൽ എസ്റ്റിമേറ്റ് അനുസരിച്ച് പ്രോജക്ട് കോസ്റ്റ് വർദ്ധിച്ചതിനാൽ അടങ്കൽതുക 8,00,000/- രൂപയായി വർദ്ധിപ്പിച്ചു. വിവിധ തരത്തിലുള്ള നാൽപ്പതിലേറെ ലൈറ്റുകളും ഇരുപത്തിമൂന്നോളം ഫാനുകളും സ്ഥാപിക്കുന്നതിനുള്ള | ആദ്യ എസ്റ്റമേറ്റിൽ വൈദ്യുതീകരണത്തിനായി 2,92,551/- രൂപ ഉൾപ്പെടുത്തിയിരുന്നെങ്കിലും DLTC ഇലക്ട്രിക്കൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 8,00,000/- രൂപയായി നിശ്ചയിച്ചു. ആയത് പ്രകാരം ടെണ്ടർ നടത്തുകയും ടി കെട്ടിട നിർമ്മാണം നടന്നുവരുന്ന വേളയിൽ തന്നെയാണ് വൈദ്യുതീകരണം പൂർത്തീകരിച്ചത്. ടി ശ്മശാനം ആധുനിക ശ്മശാനമായി വിഭാവനം ചെയ്തും പ്രാർത്ഥന, പൂജ എന്നിവ നടത്തുവാൻ പ്രത്യേക ഹാളും മുറികളും സജ്ജീകരിച്ചാണ് നിർമ്മിച്ചുവരുന്നത്. ടി പ്രവൃത്തിയിൽ വൈദ്യുതീകരണം പൂർണ്ണമായി |

| | | |
|---|---|---|
| | പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഒരു പൊതുശ്മശാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രത്യേകിച്ചും ഗ്യാസ് കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഓഫീസ് കെട്ടിടത്തിന് പ്രസ്തുത ഉപകരണങ്ങൾ ഇത്രയും കൂടുതൽ അളവിൽ സ്ഥാപിക്കേണ്ട ആവശ്യകതയുണ്ടോ എന്ന് പുന:പരിശോധന നടന്നിട്ടില്ല. എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തിയതായിട്ടാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഭൗതികപരിശോധനയിൽ അളവുപുസ്തകത്തിലെ 3,4,7,10,13 എന്നീ ക്രമനമ്പരുകൾ പ്രകാരം ഫാനുകളും ലൈറ്റുകളും സ്ഥാപിക്കുന്ന പ്രവൃത്തി ഇനങ്ങൾ നടത്തിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. | നടത്തുകയും ആവശ്യമായ ഫിറ്റിഗ്സ് സ്ഥാപിച്ചതുമാണ്. എന്നാൽ കെട്ടിടത്തിന്റെ ബാക്കി നിർമ്മാണം പൂർത്തീയാക്കുന്നത് വൈകിയതിനാലും സാമൂഹ്യ വിരുദ്ധർ നശിപ്പിക്കുമെന്നുള്ളതിനാലും ലൈറ്റ്, ഫാൻ എന്നിവ തിരികെ അസി. എഞ്ചിനിയറുടെ ഓഫീസിൽ തന്നെ സൂക്ഷിക്കുകയും പിന്നീട് ക്രിമറ്റോറിയത്തിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. DLTC യുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്ന പ്രകാരമാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ കരാറുകാരന് അധികമായി അളവുകളും തുകയും നൽകിയിട്ടില്ലാത്തതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ii) | **<u>3,46,000/- രൂപ ചെലവഴിച്ച് സ്ഥാപിക്കപ്പെട്ട ജനറേറ്ററിന്റെ സംരക്ഷണകവചം കത്തിയ നിലയിൽ</u>**<br>ജനറേറ്റർ സ്ഥാപിക്കുന്നതിന് 3,46,000/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. പ്രസ്തുത ജനറേറ്റർ പ്രത്യേക ടെൻഡർ നടപടികളിലൂടെയാണ് വാങ്ങിയിട്ടുള്ളതെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഭൗതികപരിശോധനയിൽ കെട്ടിടത്തിന് വെളിയിൽ പ്ലാസ്റ്റിക് കവർകൊണ്ട് മൂടി സൂക്ഷിച്ചിരുന്ന ജനറേറ്ററിന്റെ പ്ലാസ്റ്റിക് കവചം കത്തി പ്ലാസ്റ്റിക് ഉരുകി ജനറേറ്ററിലേക്ക് ഒട്ടിപ്പിടിച്ച നിലയിൽ കണ്ടു. | ജനറേറ്റർ സ്ഥാപിക്കുന്നത് DLTC യുടെ ഇലക്ട്രിക്കൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് ഇലക്ട്രിക്കൽ കരാറുകാരൻ പൂർത്തീകരിച്ചത്. ആയത് പ്രത്യേക ടെണ്ടർ നടപടിയിലൂടെയല്ല നടപ്പിലാക്കിയത്. കരാറുകാരൻ ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ തുക മാത്രമാണ് നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ പുറത്ത് സൂക്ഷിച്ചിട്ടുള്ള ജനറേറ്റർ മഴനനയാതിരിക്കാൻ കവർ ചെയ്തിരുന്ന പ്ലാസ്റ്റിക് ഷീറ്റ് അവിടെയുള്ള കാട് വെട്ടി പരിസരം ശുചിയാക്കുന്നതിന്റെ ഭാഗമായി തീയിട്ടപ്പോൾ തീ പടർന്ന് പ്ലാസ്റ്റിക് കത്തി നശിക്കുകയാണ് ഉണ്ടായതെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| d) | **<u>ജലലഭ്യതക്കുള്ള ക്രമീകരണങ്ങൾ നടപ്പായിട്ടില്ല</u>**<br>ഗ്യാസ് ഫർണസിന്റെ പ്രവർത്തനം നടക്കുമ്പോൾ | ജല ലഭ്യത ഉറപ്പാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും നിലവിൽ ടാങ്കറിൽ വെള്ളം ലഭ്യമാക്കി മോട്ടോർ |

| | | |
|---|---|---|
| | ചേമ്പറിനുള്ളിലുണ്ടാകുന്ന അമിത ഊഷ്മാവ് ക്രമീകരിക്കുന്നതിനും സാനിറ്ററി സൗകര്യങ്ങൾക്കുമുള്ള ജലലഭ്യത ഉറപ്പാക്കാൻ സമീപത്തായി നിലവിലുള്ള വാട്ടർലൈനിൽനിന്നും കണക്ഷനെടുക്കുന്നതിനും വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ അപ്പന്റിക്സ് ബി പ്രകാരം എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നു. എന്നാൽ ഇവയൊന്നും നടപ്പാക്കിയിട്ടില്ല. | വെച്ച് ഓവർഹെഡ് ടാങ്കിൽ വെള്ളം ലഭ്യമാക്കുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഒ) | **<u>തുടർപ്രവർത്തനങ്ങൾ നടക്കുന്നില്ല</u>**<br>മുകളിൽ പരാമർശിച്ചിട്ടുള്ളപ്രകാരം ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പണികൾ പൂർത്തീകരിക്കാതെ മുടങ്ങിപ്പോകാനുണ്ടായ സാഹചര്യം ഫയലിൽ നിന്നും വ്യക്തമായിട്ടില്ല. പണികൾ പൂർത്തീകരിച്ച് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല. | നിർവ്വഹണ വേളയിലുണ്ടായ പ്രതിസന്ധികളും റിവൈസ് എസ്റ്റിമേറ്റ് അംഗീകാരം വാങ്ങി നടത്തേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. ലഭിച്ച ഫണ്ട് നഷ്ടമാകാതിരിക്കാനും കാലതാമസം കൂടാതെ ടി പ്രവൃത്തിയോടൊപ്പം തന്നെ വൈദ്യുതീകരണവും ഗ്യാസ് ഫർണസും നടപ്പിലാക്കുകയാണ് ഉണ്ടായത്. കൂടാതെ ഇപ്പോൾ സ്ഥല പരിശോധന നടത്തിയതിൽ ടി സ്ഥലം നഗരസഭാ എ.എം.സി. വഴി കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തിവരുകയും മൃതദേഹങ്ങൾ സുഗമമായി സംസ്കരിച്ച് വരുന്നതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5 | **<u>കുട്ടിക്കൽ ഗ്രാമപഞ്ചായത്ത്</u>**<br><u>നിയമവും, ചട്ടവും ലംഘിച്ച് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണം</u><br>പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ളിൽ തന്ന കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസും പ്രവർത്തിക്കുന്നതുമൂലമുള്ള സ്ഥലപരിമിതി പരിഹരിക്കുന്നതിനായി 2016-17 വർഷം ആസൂത്രണം ചെയ്തതാണ് പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം. 10.05.2017 ലെ പഞ്ചായത്ത് കമ്മറ്റി 1/1 നമ്പരായി ശ്രീമതി മേരിക്കുട്ടി സേവ്യറിന്റെ കൈവശത്തിലുള്ള തോട് പുറമ്പോക്ക് ഭൂമിയിൽ കെട്ടിടം പണിയുന്നതിന് തീരുമാനം എടുക്കുകയും 2017-18, 2018-19 വർഷങ്ങളിലായി 4 പ്രോജക്ടുകൾ | ഗ്രാമപഞ്ചായത്ത് ഓഫീസിനോടൊപ്പം തന്നെ, കൈമാറി കിട്ടിയ നിരവധി സ്ഥാപനങ്ങളുടെ ഓഫീസുകളും പ്രവർത്തിച്ച് വന്നതിനാൽ സ്ഥലപരിമിതി പൊതുജനങ്ങൾക്കും ഓഫീസ് പ്രവർത്തനങ്ങൾക്കും വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് സാധ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് 2016-17 വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണത്തിനായി പദ്ധതി വിഭാവനം ചെയ്തത്. തുടർന്ന് കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് അനെക്സ് കെട്ടിട നിർമ്മാണത്തിന് 2017 – 18 വർഷത്തിൽ ലോകബാങ്ക് ധനസഹായം വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയും പദ്ധതി ആരംഭിക്കുകയും |

| | | |
|---|---|---|
| | തയ്യാറാക്കി 14,11,392/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>സൈറ്റ് നേരിൽ പരിശോധിച്ചതിലും, പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.<br>• കെട്ടിടം നിർമ്മിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനില്ലുന്നു. സർവ്വേ നടത്തി തിട്ടപ്പെടുത്തിയതിന്റെയോ പട്ടയസ്ഥലം (40 ച.അടി) പഞ്ചായത്തിന്റെ പേരിലാക്കി കരം അടച്ചതിന്റെയോ രേഖകളില്ല.<br>• വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെ ഓരോ വർഷവും ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുന്നു.<br>• 15 ലക്ഷം മുതൽ 1 കോടി രൂപ വരെ അടങ്കലുള്ള കെട്ടിടങ്ങൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് എക്സിക്യൂട്ടിവ് എഞ്ചിനീയറാണ്. എന്നാൽ 13 ലക്ഷത്തിൽ താഴെ അടങ്കലുള്ള വിവിധ പ്രോജക്ടുകൾ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിയോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നിയമ സാധുത ഇല്ല. പ്ലാൻ, സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, ക്രോസ് സെക്ഷൻ എന്നിവ തയ്യാറാക്കാതെയും അധികാര സ്ഥാനങ്ങളിൽ നിന്നും അനുമതി വാങ്ങാതെയും ടെണ്ടർ നടത്തിയതും പ്രവൃത്തി നടത്തി തുക നല്കിയതും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ വിഴ്ചയാണ്. സെല്ലാർ ഫ്ലോർ ഉൾപ്പെടെ 4 നിലക്കായി പദ്ധതി ഇട്ട കെട്ടിടത്തിന് സോയിൽ ടെസ്റ്റ് നടത്തുകയോ, സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം വാങ്ങി കെട്ടിടത്തിന്റെ ക്ഷമത ഉറപ്പ | ചെയ്തിട്ടുള്ളതാണ്. തുടർന്ന് വികസന ഫണ്ട് കൂടി വകയിരുത്തിയാണ് കെട്ടിടനിർമ്മാണം നടത്തിയിട്ടുള്ളത്.<br>ശ്രീമതി മേരിക്കുട്ടി സേവ്യർ, പാനാൽവീട്ടിൽ , കൂട്ടിക്കൽ എന്നയാൾ സൗജന്യമായി വിട്ടുനൽകിയ കൂട്ടിക്കൽ വില്ലേജ് 76 ബ്ലോക്കിൽ 1162 തണ്ടപ്പേരിൽ 339/3 സർവ്വെ നമ്പരിലെ 40 സ്ക്വ.മീ. പുരയിട വസ്തുവിലും അതിനോട് ചേർന്നുള്ള പഞ്ചായത്ത് കൈവശത്തിലുള്ള ഭൂമിയിലുമായിട്ടാണ് കെട്ടിടം നിർമ്മിച്ചത്. ടി വസ്തു 05/05/2022 തീയതിയിൽ പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസ് മുഖേന ധനയാധാരം തയ്യാറാക്കി 780/1/2022 നമ്പരായി രജിസ്റ്റർ ചെയ്യുകയും 6256 തണ്ടപ്പേർ നമ്പറിൽ, കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 339/3-2 സർവ്വേ നമ്പർ വസ്തു പോക്കുവരവ് നടത്തി നികുതിയടവാക്കിയിട്ടുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.<br>തനത് വരുമാനം കുറവായതും സാമ്പത്തിക പരിമിതി ഏറെയുള്ളതും ആയ ടി പഞ്ചായത്തിൽ നിശ്ചിത തുക വകയിരുത്തി കൃത്യമായ കാലയളവിൽ കെട്ടിടം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഓരോ സാമ്പത്തികവർഷത്തിലും ലഭിക്കുന്ന പദ്ധതിവിഹിതത്തിന്റെ നല്ലൊരു പങ്ക് അടിസ്ഥാനസൗകര്യവികസനത്തിന് നീക്കിവയ്ക്കേണ്ടി വരുന്നു. ആയതു മൂലമാണ് ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് തുക നീക്കിവെച്ചതിന് ശേഷമുള്ള തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തേണ്ടിവന്നത്. ടി കെട്ടിടം പൂർത്തീകരിച്ച വേളയിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.<br>പണി പൂർത്തിയായ കെട്ടിടത്തിൽ കൃഷിഭവൻ, പഞ്ചായത്ത് ലൈബ്രറി, ഡയറി ഫാം ഇൻസ്ട്രക്ടറുടെ ഓഫീസ്, ഗ്രാമകേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്ത് ഔദ്യോഗിക വാഹനം സുരക്ഷിതമായി പാർക്ക് ചെയ്യുന്നതും ടി അനക്സ് കെട്ടിടത്തിലാണ്. |

| | | |
|---|---|---|
| | വരുത്തുകയോ ചെയ്തിട്ടില്ല.<br>• 2011 ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ വ്യാപകമായി ലംഘിക്കപ്പെട്ടിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ കാണപ്പെട്ടു. കെട്ടിടത്തിന് പിൻ വശത്തും ഇരുവശങ്ങളിലും ഒഴിച്ചിടേണ്ട സ്ഥലം ഒഴിച്ചിട്ടില്ല. പിൻവശം ആറ്റുതീരം ഫ്ലോർ ഏരിയ റേഷ്യോ, കാർപ്പറ്റ് ഏരിയ എന്നിവ കണക്കാക്കിയിട്ടില്ല. പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 26(3) പ്രകാരം നിർമ്മാണസ്ഥലം 45 ഡിഗ്രിയിൽ കൂടുതൽ ചരിവ് ഉള്ളതാണെങ്കിലും, വെള്ളപ്പൊക്ക സാദ്ധ്യത ഉള്ളതാണെങ്കിലും വെള്ളപ്പൊക്കം മണ്ണൊലിപ്പ് എന്നിവക്ക് വിധേയമാകുകയില്ല എന്ന് സെക്രട്ടറിക്ക് ബോധ്യമാകുന്നതുവരെ നിർമ്മാണം പാടില്ല, എന്നാൽ ഇതു സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല.<br>• നദീതീരസംരക്ഷമ നിയമവും ചട്ടങ്ങളും ലംഘിച്ചു. ആറ്റുപുറമ്പോക്ക് ഭൂമിയിൽ പഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തിയത് നിയമാനുസൃതമല്ല. | കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ടു എന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ഭൂരേഖ തഹസീൽദാർക്കും കാഞ്ഞിരപ്പള്ളി പി.ഡബ്ല്യു.ഡി റോഡ്സ് വിഭാഗത്തിനും കത്ത് നൽകിയതിൻ പ്രകാരം, ടി വിഷയങ്ങൾ പരിശോധന നടത്തി വ്യക്തമായ മറുപടി ലഭിക്കുകയും ചെയ്തിരുന്നു. ടി മറുപടികളിൽ റോഡ് വക വസ്തു കയ്യേറിയതായി യാതൊന്നും പരാമർശിച്ചിട്ടില്ലാത്തതാണ്. തുടർന്ന് ടി കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുകയും വൈദ്യുതി കണക്ഷൻ അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുള്ളതാണ്.<br>ഗ്രാമപഞ്ചായത്ത് അനക്സ് കെട്ടിടത്തിന്റെ മുൻവശത്തും പിന്നിലും വശങ്ങളിലും ആവശ്യത്തിലധികം സ്ഥലം ഒഴിച്ചിട്ടാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വസ്തുവിലും കൈവശത്തിലുള്ള വസ്തുവിലുമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടം പി.ഡബ്ല്യു.ഡി റോഡ് സംരക്ഷണ ഭിത്തിക്ക് താഴെയായതിനാൽ ചെരിവുള്ള പ്രദേശമാണ്. പാറയിൽ ഡ്രിൽ ചെയ്ത് പില്ലറുകൾ ഉറപ്പിച്ച് നിർമ്മാണം നടത്തിയ ടി കെട്ടിടം 2018 ലെ പ്രളയത്തിൽ ഭീഷണികൾ നേരിടാത്ത കെട്ടിടമാണ്. കൂടാതെ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിനെ മാത്രമായി ഭയാശങ്കയിലാഴ്ത്തി നാശം വിതച്ച 2021 ഒക്ടോബർ 16 ലെ മഹാപ്രളയത്തിൽ നിലവിലുള്ള ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഒരുനില പൂർണ്ണമായും മൂടപ്പെട്ട് നാശം വിതച്ചപ്പോൾ, പരാമർശിച്ചിരിക്കുന്ന അനെക്സ് കെട്ടിടത്തിൽ ഭാഗികമായി മാത്രമാണ് വെള്ളം കയറിയതെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ലോലമായ പ്രദേശത്താണ് പരാമർശ കെട്ടിടെ നിർമ്മിച്ചിട്ടുള്ളതെന്ന് കാണുന്നു. മാത്രമല്ല ടി കെട്ടിട നിർമ്മാണത്തിൽ കെട്ടിട നിർമ്മാണ ചട്ടം പൂർണണ്ണമായും പാലിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ |

| | | |
|---|---|---|
| | | ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്. |
| **പാലക്കാട് ജില്ല** | | |
| 1 | **തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്**<br>മോണിറ്ററിംഗ് സംവിധാനമില്ല-നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതി ഫണ്ട് ദുരുപയോഗം ചെയ്തു.<br>2017-18 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ജനറൽ, എസ്.സി.പി വിഭാഗങ്ങളിലെ വിവിധ ഗുണഭോക്താക്കൾക്ക് വേണ്ടി സമ്പൂർണ്ണ കക്കൂസ് നിർമ്മാണം എന്ന പേരിൽ രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. കൃത്യമായി അംഗീകാരം വാങ്ങിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന്റെ അഭാവത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ഒരേ ബാങ്കിന്റെ രണ്ട് വ്യത്യസ്ത അക്കൗണ്ടുകളിലേക്ക് മാറ്റിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 92,400/- രൂപ അത്തരത്തിൽ മാറ്റിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ ഒരേ വ്യക്തിക്കു തന്നെ 8,000/- രൂപ അധികം നൽകിയതായും കണ്ടെത്തിയിട്ടുണ്ട്.<br>ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 1,00,400/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ടെങ്കിലും നിശ്ചിത സതമാനം പലിശ ഒടുക്കിയിട്ടില്ല.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം<br>ലാലു. കെ., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തെങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്, ധന്യം, കിണാശ്ശേരി, പാലക്കാട് - 678 701. | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ ശ്രീ ലാലു. കെ 2017-2018 സാമ്പത്തിക വർഷത്തിലെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തിയ ക്രമകേടുമായി ബന്ധപ്പെട്ട് ടിയാൻ പഞ്ചായത്തിൽ പലിശ ഇനത്തിൽ അടവാക്കേണ്ടിയിരുന്ന 36,144/- രൂപ തേങ്കുറിശ്ശി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്<br>തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ നിലവിൽ പദ്ധതി മാർഗ്ഗരേഖയിലെ നടപടി ക്രമങ്ങൾ പാലിച്ചാണ് പദ്ധതികൾ ആവിഷ്ക്കരിയ്ക്കുന്നതെന്നും ഗുണഭോക്തൃ അപേക്ഷ വർക്കിംഗ് ഗ്രൂപ്പ് കൂടി സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയ്ക്ക് അനുസരിച്ച് ഭരണസമിതി അന്തിമമാക്കിയിട്ടാണ് പദ്ധതി നിർവ്വഹണം നടത്തുന്നതെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br>പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. വി ഇ ഒ നിർവ്വഹണം നടത്തിയ എല്ലാ പദ്ധതികളിലൂടെ ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ അർഹത, പദ്ധതി പൂർത്തീകരണം എന്നിവയിൽ സമഗ്രമായ അന്വേഷണം നടത്തി നിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ളതിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട് |

| | | |
|---|---|---|
| | പദ്ധതി മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതികൾ ആവിഷ്കരിച്ചതിനാലും മോണിറ്ററിംഗ് നടത്തുന്നതിലുണ്ടായ വീഴ്ചയുമാണ് ക്രമക്കേടിലേക്ക് വഴിതെളിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതി ആസൂത്രണ, നിർവഹണ, വിലയിരുത്തൽ പ്രക്രിയകളിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടില്ല. നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വി ഇ ഒ നിർവ്വഹണം നടത്തിയ എല്ലാ പദ്ധതികളിലൂടെ ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ അർഹത, പദ്ധതി പൂർത്തീകരണം എന്നിവ സമഗ്രമായ അന്വേഷണം നടത്തുന്നതിനും ടിയാനെതിരെ നടപടികൾ സ്വീകരിക്കുന്നതിനും ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. | |

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ തൃശ്ശൂർ , കണ്ണൂർ ജില്ലാ പഞ്ചായത്തുകളെ സംബന്ധിക്കുന്ന പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര നടപടി പത്രിക**

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>പരാമർശം</th><th>സ്വീകരിച്ച നടപടി</th></tr>
<tr><td>4</td><td>
തൃശ്ശൂർ ജില്ല
വിവിധ സ്ഥാപനങ്ങളിൽ നിന്നും ഫാമുകൾക്ക് കുടിശ്ശികയായി ലഭിക്കാനുള്ളത് വൻതുക<br>[ തൃശ്ശൂർ ജില്ലാപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 ]
ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളുടെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നായി കുടിശ്ശിക ഇനത്തിൽ വൻ തുക ലഭിക്കാനുണ്ട്. വിവിധ ഫാമുകൾക്ക് 01.04.16 മുതൽ 31.10.17 വരെയുള്ള കാലയളവിൽ ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.
<ul><li>പഴയന്നൂർ സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക</li></ul>
<table>
<tr><th>ക്രമ നമ്പർ</th><th>ഇൻവോയ്സ് നമ്പർ</th><th>തീയതി</th><th>തുക</th><th>സ്ഥാപനം</th></tr>
<tr><td>1</td><td>01/16-17</td><td>09.06.16</td><td>1,10,700</td><td>കൃഷിഭവൻ, കൊണ്ടാഴി</td></tr>
<tr><td>2</td><td>02/16-17</td><td>27.06.16</td><td>9,000</td><td>കൃഷിഭവൻ, കൊണ്ടാഴി</td></tr>
<tr><td>3</td><td>06/16-17</td><td>27.06.16</td><td>72,000</td><td>കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ</td></tr>
<tr><td>4</td><td>07/16-17</td><td>30.06.16</td><td>14,400</td><td>കെ.എസ്.എസ്.ഡി.എ.,</td></tr>
</table>
</td><td>
സെക്രട്ടറി , തൃശ്ശൂർ ജില്ലാ പഞ്ചായത്ത്
തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള പഴയന്നൂർ , മണ്ണുത്തി ,കോടശ്ശേരി , നടവരമ്പ് സീഡ് ഫാമുകളിലും ,ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിനും വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 01/04/16 മുതൽ 31/10/17 വരെ ലഭിക്കാനുള്ള തുകയിൽ കൃഷിഭവനുകളിൽ നിന്നും തുക മിക്കവാറും ലഭ്യമായിട്ടുണ്ട് . കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ (കെ എസ് എസ് ഡി എ ) ഈ കാലയളവിലെ വിപണനവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലവിലുള്ളതിനാൽ പഴയന്നൂർ , കോടശ്ശേരി, ചേലക്കര ഫാമുകൾക്ക് ലഭിക്കേണ്ട തുക ആ സ്ഥാപനത്തിൽ നിന്നും പൂർണ്ണമായും ലഭ്യമായിട്ടില്ല. മണ്ണുത്തി , നടവരമ്പ് സീഡ് ഫാമുകളിൽ നിന്നും നൽകിയ വിത്തുകളുടെ വില പൂർണ്ണമായും ലഭ്യമായിട്ടുണ്ട് . പഴയന്നൂർ , കോടശ്ശേരി , ചേലക്കര ഫാമുകളിൽ കുടിശ്ശികയായിട്ടുള്ള 12,34028 /- രൂപയിൽ 11,67,600/- രൂപ കെ എസ് എസ് ഡി എയിൽ നിന്ന് ലഭിക്കാനുള്ളതാണ് .വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച ശേഷം കെഎസ്എസ്ഡിഎ വാങ്ങിയ വിത്തിന്റെ വില അനുവദിക്കുന്നതാണെന്ന് കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ 23/10/2021ലെ കെ എസ് എസ് ഡി എ /786/2021 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് . കൃഷി ഭവനുകളിൽ നിന്നും
</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | തൃശ്ശൂർ |
| 5 | 08/16-17 | 21.07.16 | 37,800 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 6 | 11/16-17 | 30.09.16 | 1,690 | കൃഷിഭവൻ, ചേലക്കര |
| 7 | 14/16-17 | 22.12.16 | 630 | ജില്ലാ കൃഷിത്തോട്ടം, ചേലക്കര |
| 8 | 15/16-17 | 09.02.17 | 19,600 | കൃഷിഭവൻ, എടവിലങ്ങ് |
| 9 | 16/16-17 | 22.02.17 | 20,820 | കൃഷിഭവൻ, ചാവക്കാട് |
| 10 | 31/16-17 | 14.03.17 | 28,000 | കൃഷിഭവൻ, തിരുവില്ലാമല |
| 11 | 32/16-17 | 14.03.17 | 2938 | കൃഷിഭവൻ,തിരുവില്ലാമല |
| 12 | 34/16-17 | 29.03.17 | 9,46,800 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 13 | 01/17-18 | 06.07.17 | 5,000 | കൃഷിഭവൻ, കൊണ്ടാഴി |
| 14 | 02/17-18 | 06.07.17 | 20,000 | കൃഷിഭവൻ, ചേലക്കര |
| 15 | 03/17-18 | 06.07.17 | 20,000 | കൃഷിഭവൻ, പഴയന്നൂർ |
| 16 | 04/17-18 | 06.07.17 | 5,000 | കൃഷിഭവൻ, വള്ളത്തോൾ നഗർ |
| 17 | 05/17-18 | 06.07.17 | 55,000 | കൃഷിഭവൻ, ചേലക്കര |
| **ആകെ** | | | **13,69,378** | |

ലഭിക്കാനുള്ള 66478 /- രൂപ ഉടൻതന്നെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . വിവിധ സ്ഥാപനങ്ങളിൽ നിന്ന് ഫാമുകളിൽ ലഭ്യമായ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

- മണ്ണുത്തി സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക.

| ക്രമ നം . | ഇൻവോയ്സ് നം.. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 06/16-17 | 04.06.16 | 75,530 | കെ.എസ് .എസ്.ഡി.എ, തൃശ്ശൂർ |
| 2 | 09/16-17 | 15.06.16 | 5,500 | കൃഷിഭവൻ, കൊടകര |
| 3 | 23/16-17 | 28.06.16 | 6,500 | കൃഷിഭവൻ, പാണഞ്ചേരി |
| 4 | 24/16-17 | 28.06.16 | 51,870 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 5 | 29/16-17 | 01.07.16 | 44,400 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 6 | 47/16-17 | 17.10.16 | 17,000 | കൃഷിഭവൻ, പാണഞ്ചേരി |
| 7 | 118/16-17 | 14.03.17 | 3,33,900 | കെ.എസ്.എസ്.ഡി.എ., തൃശ്ശൂർ |
| 8 | 01/17-18 | 20.05.17 | 3,600 | ജില്ലാ കൃഷിത്തോട്ടം, നടവരമ്പ് |
| 9 | 07/17-18 | 20.05.17 | 9,00 | കൃഷിഭവൻ, ചാവക്കാട് |
| 10 | 08/17-18 | 20.05.17 | 9,00 | കൃഷിഭവൻ, ഗുരുവായൂർ |
| 11 | 09/17-18 | 20.05.17 | 9,00 | കൃഷിഭവൻ, കടപ്പുറം |
| 12 | 10/17-18 | 20.05.17 | 9,00 | കൃഷിഭവൻ, ഒരുമനയൂർ |
| 13 | 11/17-18 | 20.05.17 | 9,00 | കൃഷിഭവൻ, പൂക്കോട് |
| 14 | 15/17-18 | 20.05.17 | 9,00 | കൃഷിഭവൻ, വടക്കേക്കാട് |
| 15 | 22/27-28 | 20.05.17 | 1,100 | കൃഷിഭവൻ, ഇരിങ്ങാലക്കട |

| | | | | |
|---|---|---|---|---|
| 16 | 29/27-28 | 20.05.17 | 400 | കൃഷിഭവൻ, കൊടകര |
| 17 | 30/17-18 | 20.05.17 | 400 | കൃഷിഭവൻ, മറ്റത്തൂർ |
| 18 | 35/17-18 | 20.05.17 | 1,100 | കൃഷിഭവൻ, എടത്തിരുത്തി |
| 19 | 36/17-18 | 20.05.17 | 1,100 | കൃഷിഭവൻ, എടവിലങ്ങ് |
| 20 | 40/17-18 | 20.05.17 | 1,100 | കൃഷിഭവൻ, പെരിഞ്ഞനം |
| 21 | 41/17-18 | 20.05.17 | 1,100 | കൃഷിൻ, ശ്രീനാരായണപുരം |
| 22 | 50/17-18 | 20.05.17 | 400 | കൃഷിഭവൻ, പുത്തൂർ |
| 23 | 59/17-18 | 20.05.17 | 400 | കൃഷിഭവൻ, തോളൂർ |
| 24 | 62/17-18 | 20.05.17 | 1.100 | കൃഷിൻ തളിക്കുളം |
| 25 | 63/17-18 | 20.05.17 | 1.100 | കൃഷിഭവൻ, വലപ്പാട് |
| 26 | 64/17-18 | 20.05.17 | 1.100 | കൃഷിവേർ, വാടാനപ്പിള്ളി |
| 27 | 70/17-18 | 20.05.17 | 400 | കൃഷിഭവൻ, ചാലക്കുടി |
| 28 | 71/17-18 | 20.05.17 | 400 | കൃഷിഭവൻ, കാട്ടുകുറ്റി |
| 29 | 72/17-18 | 20.05.17 | 400 | കൃഷിഭവൻ, കോടശ്ശേരി |
| 30 | 75/17-18 | 20.05.17 | 400 | കൃഷിഭവൻ, പരിയാരം |
| 31 | 77/17-18 | 20.05.17 | 400 | കൃഷിഭവൻ, ആളൂർ |
| 32 | 78/17-18 | 20.05.17 | 400 | കൃഷിഭവൻ, അന്നമനട |
| 33 | 79/17-18 | 20.05.17 | 400 | കൃഷിഭവൻ, കൊടുങ്ങല്ലൂർ |
| 34 | 82/17-18 | 20.05.17 | 400 | കൃഷിഭവൻ, മേത്തല |
| 35 | 83/17-18 | 20.05.17 | 400 | കൃഷിഭവൻ, പൊയ്യ |
| 36 | 88/17-18 | 23.05.17 | 1,400 | കൃഷിഭവൻ, മേപ്പടി, വയനാട് |
| 37 | 99/17-18 | 23.05.17 | 4,000 | കൃഷിഭവൻ, സുൽത്താൻ ബത്തേരി |

| | | | | | | |
|---|---|---|---|---|---|---|
| | 38 | 101/17-18 | 23.05.17 | 4,000 | കൃഷിഭവൻ, നൂൽപ്പുഴ, വയനാട് | |
| | 39 | 108/17-18 | 01.06.17 | 58,125 | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് | |
| | 40 | 109/17-18 | 02.06.17 | 17,520 | കൃഷിഭവൻ, മാടക്കത്തറ | |
| | 41 | 110/17-18 | 02.07.17 | 84,375 | ചേർപ്പ് ഗ്രാമപഞ്ചായത്ത് | |
| | 42 | 111/17-18 | 02.06.17 | 9,000 | എസ്.എസ്.എഫ്., പേരാമ്പ്ര | |
| | 43 | 112/17-18 | 16.06.17 | 68,750 | പാറളം ഗ്രാമപഞ്ചായത്ത് | |
| | 44 | 113/17-18 | 16.06.17 | 58,125 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | |
| | 45 | 114/17-18 | 19.06.17 | 23,400 | കൃഷിഭവൻ, കൈപ്പറമ്പ് | |
| | 46 | 115/17-18 | 20.06.17 | 11,500 | കൃഷിഭവൻ, തോളൂർ | |
| | 47 | 116/17-18 | 20.06.17 | 24,000 | കൃഷിഭവൻ, അടാട്ട് | |
| | 48 | 117/17-18 | 20.06.17 | 11,500 | കൃഷിഭവൻ, അയ്യന്തോൾ | |
| | 49 | 118/17-18 | 22.06.17 | 23,500 | കൃഷിഭവൻ, കോലാഴി | |
| | 50 | 119/17-18 | 22.06.17 | 6,000 | കൃഷിഭവൻ, ആവണൂർ | |
| | 51 | 127/17-18 | 06.07.17 | 2,500 | കൃഷിഭവൻ, കൂടരഞ്ഞി, കോഴിക്കോട് | |
| | 52 | 131/17-18 | 06.07.17 | 2,000 | കൃഷിഭവൻ, തൂണേരി | |
| | 53 | 135/17-18 | 06.07.17 | 5,000 | കൃഷിഭവൻ, വാളയം, | |
| | 54 | 136/17-18 | 06.07.17 | 5,000 | കൃഷിഭവൻ, പുറമേരി, കോഴിക്കോട് | |
| | 55 | 138/17-18 | 06.07.17 | 5,000 | കൃഷി ഭവൻ, പുറമേരി, കോഴിക്കോട് | |
| | 56 | 154/17-18 | 21.07.17 | 5,000 | കൃഷിഭവൻ, തലശ്ശേരി | |
| | 57 | 157/17-18 | 21.07.17 | 5,000 | കൃഷിഭവൻ, ഇരഞ്ഞാലി | |

| | | | | |
|---|---|---|---|---|
| 58 | 163/17-18 | 22.07.17 | 7,500 | പാറളം ഗ്രാമപഞ്ചായത്ത് |
| 59 | 169/17-18 | 07.08.17 | 9,460 | കൃഷിഭവൻ, ഏറിയാട് |
| 60 | 170/17-18 | 09.08.17 | 9,460 | കൃഷിഭവൻ, കൈപ്പമംഗലം |
| 61 | 171/17-18 | 09.08.17 | 2,640 | കൃഷിഭവൻ, എടത്തിരുത്തി |
| 62 | 172/17-18 | 16.08.17 | 75,000 | ചേർപ്പ് ഗ്രാമപഞ്ചായത്ത് |
| 63 | 173/17-18 | 31.08.17 | 6,600 | മിത്രാ അഗ്രോസർവ്വീസ് സെന്റർ |
| 64 | 174/17-18 | 31.08.17 | 20,000 | എ.ഡി.എ., ചാവക്കാട് |
| 65 | 175/17-18 | 19.10.17 | 6,480 | കൃഷിഭവൻ, മുള്ളൂർക്കര |
| 66 | 176/17-18 | 23.09.17 | 999 | എ.ഡി.എ. മാള |
| 67 | 177/17-18 | 05.10.17 | 4,000 | എ.ഡി.എ, ചാവക്കാട് |
| 68 | 178/17-18 | 05.10.17 | 9,300 | കൃഷിഭവൻ, അന്തിക്കാട് |
| 69 | 179/17-18 | 05.10.17 | 9,050 | കൃഷിഭവൻ, മുല്ലശ്ശേരി |
| 70 | 180/17-18 | 05.10.17 | 750 | കൃഷിഭവൻ, മാടക്കത്തറ |
| 71 | 181/17-18 | 05.10.17 | 750 | കൃഷിഭവൻ, ഒല്ലൂക്കര |
| 72 | 182/17-18 | 05.10.17 | 7,800 | കൃഷിഭവൻ, ചാഴൂർ |
| 73 | 183/17-18 | 05.10.17 | 4,000 | കൃഷിഭവൻ, പഴയന്നൂർ |
| 74 | 185/17-18 | 13.10.17 | 29,500 | കൃഷിഭവൻ, നെന്മണിക്കര |
| 75 | 187/17-18 | 19.10.17 | 50,000 | കൃഷിഭവൻ, അന്തിക്കാട് |
| 76 | 189/17-18 | 25.10.17 | 44,000 | കൃഷിഭവൻ, മുളങ്കുന്നത്ത്കാവ് |
| 77 | 190/17-18 | 26.10.17 | 34,500 | കൃഷിഭവൻ, വേലൂർ |
| 78 | 191/17-18 | 26.10.17 | 23,000 | കൃഷിഭവൻ, കലങ്ങോട് |
| 79 | 192/17-18 | 26.10.17 | 20,600 | കൃഷിഭവൻ, വിൽവട്ടം |
| 80 | 193/17-18 | 26.10.17 | 400 | കൃഷിഭവൻ, അന്തിക്കാട് |

| | | | | |
|---|---|---|---|---|
| 81 | 194/17-18 | 27.10.17 | 400 | കൃഷിഭവൻ, അരിമ്പൂർ |
| 82 | 195/17-18 | 27.10.17 | 400 | കൃഷിഭവൻ, ചാഴൂർ |
| 83 | 196/17-18 | 27.10.17 | 400 | കൃഷിഭവൻ, മണലൂർ |
| 84 | 197/17-18 | 27.10.17 | 400 | കൃഷിഭവൻ, താന്ന്യം |
| | | ആകെ | 13,69,784 | |

- കോടശ്ശേരി സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 02/16-17 | 01.06.16 | 31,350 | കെ.എസ്.എസ്.ഡി.എ. തൃശ്ശൂർ |
| 2 | 13/16-17 | 28.06.16 | 1,80,900 | കെ.എസ്.എസ്.ഡി.എ. തൃശ്ശൂർ |
| 3 | 27/16-17 | 27.10.16 | 1,57,500 | കെ.എസ്.എസ്.ഡി.എ. തൃശ്ശൂർ |
| 4 | 28/16-17 | 25.01.17 | 720 | കൃഷിഭവൻ, ചാലക്കുടി |
| 5 | 35/16-17 | 25.01.17 | 720 | കൃഷിഭവൻ, ഇരിങ്ങാലക്കുട |
| 6 | 37/16-17 | 25.01.17 | 720 | കൃഷിഭവൻ, കാട്ടൂർ |
| 7 | 43/16-17 | 25.01.17 | 720 | കൃഷിഭവൻ, മറ്റത്തൂര് |
| 8 | 44/16-17 | 25.01.17 | 720 | കൃഷിഭവൻ, നെന്മണിക്കര |
| 9 | 48/16-17 | 25.01.17 | 720 | കൃഷിഭവൻ, ആളൂർ |

| | | | | |
|---|---|---|---|---|
| 10 | 49/16-17 | 25.01.17 | 720 | കൃഷിഭവൻ, അന്നമനട |
| 11 | 50/16-17 | 25.01.17 | 720 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി |
| 12 | 53/16-17 | 25.01.17 | 720 | കൃഷിഭവൻ, മേത്തല |
| 13 | 54/16-17 | 25.01.17 | 720 | കൃഷിഭവൻ, പൊയ്യ |
| 14 | 55/16-17 | 25.01.17 | 720 | കൃഷിഭവൻ, എടത്തിരുത്തി |
| 15 | 57/16-17 | 25.01.17 | 720 | കൃഷിഭവൻ, ഏറിയാട് |
| 16 | 58/16-17 | 25.01.17 | 720 | കൃഷിഭവൻ, കൈപ്പമംഗലം |
| 17 | 60/16-17 | 25.01.17 | 720 | കൃഷിഭവൻ, പെരിഞ്ഞനം |
| 18 | 61/16-17 | 25.01.17 | 720 | കൃഷിഭവൻ, എസ്.എൻ.പുരം |
| 19 | 63/16-17 | 25.01.17 | 710 | കൃഷിഭവൻ, നടത്തറ |
| 20. | 83/16-17 | 04.03.17 | 2,48,400 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| 21. | 01/17-18 | 25.04.17 | 4,200 | കൃഷിഭവൻ, ചാലക്കുടി |
| 23. | 02/17-18 | 20.06.17 | 4,68,900 | കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ |
| 24. | 03/17-18 | 20.06.17 | 1,96,800 | കൃഷിഭവൻ, കോടശ്ശേരി |
| 25. | 04/17-18 | 25.07.17 | 900 | കൃഷിഭവൻ, മറ്റത്തൂർ |
| | ആകെ | | 13,00,460 | |

- നടവരമ്പ് സീഡ് ഫാമിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 01/16-17 | 01.07.16 | 9,000 | കൃഷിഭവൻ, എസ്.എൻ.പുരം |
| 2 | 02/16-17 | 04.07.16 | 900 | കൃഷിഭവൻ, പൂമംഗലം |
| 3 | 04/16-17 | 21.06.16 | 4,500 | കൃഷിഭവൻ, മേത്തല |
| 4 | 05/16-17 | 17.11.16 | 3,300 | കൃഷിഭവൻ, എടവിലങ്ങ് |
| 5 | 07/16-17 | 24.11.16 | 2,700 | കൃഷിഭവൻ, പുത്തൻചിറ |
| 6 | 08/16-17 | 24.11.16 | 2,700 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ |
| 7 | 09/16-17 | 24.11.16 | 2,700 | കൃഷിഭവൻ, പടിയൂർ |
| 8 | 10/16-17 | 24.11.16 | 2,700 | കൃഷിഭവൻ, പൂമംഗലം |
| 9 | 11/16-17 | 24.11.16 | 4,675 | കൃഷിഭവൻ, ഏറിയാട് |
| 10 | 12/16-17 | 16.12.16 | 74,010 | കൃഷിഭവൻ, പൂമംഗലം |
| 11 | 13/16-17 | 16.12.16 | 33,000 | കൃഷിഭവൻ, എസ്.എൻ.പുരം |
| 12 | 14/16-17 | 01.02.17 | 50,010 | കൃഷിഭവൻ, പൂമംഗലം |
| 13 | 16/16-17 | 01.02.17 | 17,200 | കൃഷിഭവൻ, പൂമംഗലം |
| 14 | 18/16-17 | 20.02.17 | 3,960 | കൃഷിഭവൻ, പറപ്പൂക്കര |
| 15 | 19/16-17 | 20.02.17 | 1,800 | കൃഷിഭവൻ, പറപ്പൂക്കര |
| 16 | 20/16-17 | 20.02.17 | 50,625 | കൃഷിഭവൻ, എടവിലങ്ങ് |
| 17 | 21/16-17 | 21.02.17 | 18,180 | കൃഷിഭവൻ, എടവിലങ്ങ് |

| | | | | |
|---|---|---|---|---|
| 18 | 24/16-17 | 28.02.17 | 50,625 | കൃഷിഭവൻ, എടവിലങ്ങ് |
| 19 | 25/16-17 | 23.03.17 | 40,500 | കൃഷിഭവൻ, എടവിലങ്ങ് |
| 20 | 03/17-18 | 24.06.17 | 2,400 | എസ്.എസ്. എഫ്, പാണഞ്ചേരി |
| 21 | 04/17-18 | 21.07.17 | 7,200 | എ.ഡി. എ, ചേർപ്പ് |
| 22 | 05/17-18 | 28.07.17 | 13,200 | കൃഷിഭവൻ, വെള്ളാങ്ങല്ലൂർ |
| 23 | 06/17-18 | 28.07.17 | 13,200 | കൃഷിഭവൻ, വേലക്കര |
| 24 | 07/17-18 | 28.07.17 | 13,200 | കൃഷി ഭവൻ, പടിയൂർ |
| 25 | 08/17-18 | 28.07.17 | 13,200 | കൃഷിഭവൻ, പൂമംഗലം |
| 26 | 09/17-18 | 28.07.17 | 13,200 | കൃഷിഭവൻ, പുത്തൻചിറ |
| 27 | 10/17-18 | | 2,000 | കൃഷിഭവൻ, കൊടകര |
| 28 | 11/17-18 | 08.08.17 | 22,000 | കൃഷിഭവൻ, മാള |
| 29 | 12/17-18 | 15.09.17 | 22,000 | കൃഷിഭവൻ, ആളൂർ |
| 30 | 13/17-18 | 15.09.17 | 11,000 | കൃഷിഭവൻ, കൊടുങ്ങല്ലൂർ |
| 31 | 14/17-18 | 16.09.17 | 11,000 | കൃഷിഭവൻ, മേത്തല |
| 32 | 15/17-18 | 16.09.17 | 10,000 | കൃഷിഭവൻ, കഴൂർ |
| 33 | 16/17-18 | 27.09.17 | 12,000 | കൃഷിഭവൻ, ഒല്ലൂർ |
| 34 | 17/17-18 | 27.09.17 | 27,600 | കൃഷിഭവൻ, നടത്തറ |
| 35 | 18/17-18 | 27.09.17 | 12,000 | കൃഷിഭവൻ, പുത്തൂർ |
| 36 | 19/17-18 | 27.09.17 | 2,400 | കൃഷിഭവൻ, ഒല്ലൂക്കര |
| 37 | 20/17-18 | 27.09.17 | 6,000 | കൃഷിഭവൻ, ഇർക്കഞ്ചേരി |
| 38 | 21/17-18 | 27.09.17 | 6,480 | കൃഷിഭവൻ, മാടക്കത്തറ |
| **ആകെ** | | | **5,93,165** | |

- ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള തുക

| ക്രമ നം | ഇൻവോയ്സ് നം . | തീയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 01/16-17 | 02.05.16 | 30750 | കെ.എസ് .എസ്.ഡി.എ., തൃശ്ശൂർ |
| 2 | 02/16-17 | 07.06.16 | 34,500 | കെ.എസ് .എസ്.ഡി.എ., തൃശ്ശൂർ |
| 3 | 03/16-17 | 08.06.16 | 3,750 | കൃഷി ഭവൻ, പഴയന്നൂർ |
| 4 | 06/16-17 | 09.06.16 | 3,750 | കൃഷി ഭവൻ, പാഞ്ഞാൾ |
| 5 | 09/16-17 | 09.06.16 | 3,750 | കൃഷി ഭവൻ, ദേശമംഗലം |
| 6 | 20/16-17 | 14.06.16 | 7,500 | കൃഷി ഭവൻ കാട്ടാകാമ്പാൽ |
| 7 | 22/16-17 | 17.06.16 | 22,000 | കൃഷി ഭവൻ, ചേലക്കര |
| 8 | 23/16-17 | 20.06.16 | 11,000 | കൃഷി ഭവൻ, പഴയന്നൂർ |
| 9 | 24/16-17 | 27.06.16 | 5,500 | കൃഷിഭവൻ, വരവൂർ |
| 10 | 25/16-17 | 27.06.16 | 5,500 | കൃഷി ഭവൻ, മുള്ളൂർക്കര |
| 11 | 26/16-17 | 28.06.16. | 5,500 | കൃഷി ഭവൻ, വടക്കാഞ്ചേരി |
| 12 | 27/16-17 | 28.06.16 | 5,500 | കൃഷി ഭവൻ, എരുമപ്പെട്ടി |
| 13 | 28/16-17 | 29.06.16 | 5,500 | കൃഷി ഭവൻ, മുണ്ടത്തിക്കോട് |
| 14 | 29/16-17 | 29.06.16 | 5,500 | കൃഷി ഭവൻ, തെക്കുംകര |
| 15 | 32/16-17 | 17.09.16 | 2,695 | കൃഷി ഭവൻ, ചേലക്കര |

| | | | | |
|---|---|---|---|---|
| 16 | 57/16-17 | 30.01.17 | 3,000 | കൃഷി ഭവൻ, ചേലക്കര |
| 17 | 63/16-17 | 01.02.17 | 3,000 | കൃഷി ഭവൻ, വടക്കാഞ്ചേരി |
| 18 | 69/16-17 | 15.03.17 | 2,46,60 0 | കെ.എസ്.എസ്.ഡി.എ., അയ്യന്തോൾ |
| 19 | 72/17-18 | 11.05.17 | 944 | എസ്.എസ്.എഫ്., പഴയന്നൂർ |
| 20 | 73/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, ചേലക്കര |
| 21 | 75/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, പാഞ്ഞാൾ |
| 22. | 76/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, പഴയന്നൂർ |
| 23 | 78/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, തിരുവില്വാമല |
| 24 | 79/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, ദേശമംഗലം |
| 25 | 80/17-18 | 26.05.17 | 1,600 | കൃഷി ഭവൻ, എരുമപ്പെട്ടി |
